# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 ഫെബ്രുവരി 17 | ദീപം 54 | നാളം 44 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org




# മൂല്യനിരാസങ്ങളുടെ ഡിജിറ്റൽ കാലം



സിജോ പൈനാടത്ത്

'സാമൂഹികസമ്പർക്കമാധ്യമങ്ങൾ ഒരു വിശുദ്ധീകരണപ്രക്രിയയ്ക്കു വിധേയമാകേണ്ടതുണ്ട്.'

2018 ഏപ്രിൽ ഒമ്പതിനു പുറപ്പെടുവിച്ച 'ഗൗദാതേ എത് എക്സുൾദാതേ' (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ) എന്ന ചാക്രികലേഖനത്തിലൂടെ ഫ്രാൻസിസ് മാർപാപ്പ ഗൗരവത്തോടെ ഓർമിപ്പിച്ചതാണിത്.

'മാധ്യമങ്ങളെ പ്രപഞ്ചവിധാതാവിന്റെ ആസൂത്രണപരിപാടികൾക്കു വിരുദ്ധമായ വിധത്തിലോ തങ്ങളുടെ തന്നെ നാശത്തിനു വഴിതെളിക്കത്തക്ക രീതിയിലോ ഉപയോഗിക്കാമെന്നുള്ള പരമാർത്ഥം സഭ നല്ലവണ്ണമറിയുന്നുണ്ട്' (രണ്ടാം വത്തിക്കാൻ കൗൺസിൽ, സാമൂഹികസമ്പർക്കമാധ്യമങ്ങളെ സംബന്ധിക്കുന്ന ഡിക്രി, ആമുഖം - ഖണ്ഡിക 2) എന്ന ദീർഘവീക്ഷണമുള്ള ഓർമപ്പെടുത്തലും ഇതിനോടു ചേർത്തുവായിക്കണം.

മാധ്യമങ്ങൾ മനുഷ്യന്റെ ചിന്തയെ, ജീവിതക്രമത്തെ, ബന്ധങ്ങളെ, ബോധതലങ്ങളെ എല്ലാം സ്വാധീനിക്കുന്ന അതുല്യശക്തിയായി മാറിക്കഴിഞ്ഞിരിക്കുന്നു. ആശയവിനിമയങ്ങളുടെ വേഗത്തിനു പുതിയ താളവും ഭാവവും കൈവരുന്നു. അകലങ്ങളിലെ അറിവും വിനോദവും ഒരു മൗസ് ക്ലിക്ക് വേഗത്തിൽ കൺമുമ്പിലെത്തുന്നു. ആശയവിനിമയസംസ്കാരം അനുദിനം, അനുനിമിഷം പുതിയ ഉയരങ്ങളിലേക്കു കുതിച്ചുപായുന്നു.

### അനന്തമീ നേട്ടങ്ങൾ

അറിവന്വേഷണങ്ങളുടെ പാതയിൽ മാധ്യമങ്ങൾ സമ്മാനിച്ചിട്ടുള്ള നേട്ടങ്ങൾ എത്രയോ വലുതാണ്! ഡിജിറ്റൽ പഠനത്തിന്റെ അനന്തസാധ്യതകളെ ലോകം അധികമായി തിരിച്ചറിഞ്ഞ ഘട്ടംകൂടിയാണു കൊവിഡ് കാലം. മൊബൈൽ ഫോണും ലാപ്ടോപ്പും ടെലിവിഷനുമെല്ലാം ക്ലാസ്മുറിക്കും അധ്യാപകർക്കും ഭാഗികമായെങ്കിലും ബദലായി മാറി; സുരക്ഷിതപഠനത്തിന്റെ ഓൺലൈൻ കാലം.

മാധ്യമങ്ങളുടെ നേട്ടങ്ങളിലെ തിളക്കങ്ങൾ ആഘോഷിക്കുമ്പോഴും അതു വരച്ചിടുന്ന പാതകളിൽ സഞ്ചരിക്കുന്നവരായി മനുഷ്യൻ മാറിക്കഴിഞ്ഞിരിക്കുന്നു എന്ന കാര്യവും പ്രസക്തമാകുന്നു. അവിടെയാണു മാധ്യമങ്ങൾ നമ്മുടെ കൈകളിലോ നമ്മൾ മാധ്യമങ്ങളുടെ കൈകളിലോ എന്ന അനിവാര്യമായ ചോദ്യം ഉയരുന്നത്. അവിടെയാണ് ഇന്നലെകൾ പകർന്നുനൽകിയ നന്മകൾക്കു ശോഭ മങ്ങിയോ എന്ന വേവലാതി ഉയരുന്നത്..!

### നിസ്സാരമല്ല ഈ കണക്കുകൾ

ഇന്റർനെറ്റിന്റെ കടന്നുവരവും ആധിപത്യവും മുഖ്യധാരാമാധ്യമങ്ങൾക്കൊപ്പമോ അതിലധികമോ സ്വാധീനം ചെലുത്തുന്ന ശക്തികളായി സാമൂഹികമാധ്യമങ്ങളെ മാറ്റിയിട്ടുണ്ട്.

2020 ലെ കണക്കനുസരിച്ച് ഇന്ത്യയിലെ മൊത്തം ജനസംഖ്യയിൽ 71.878 കോടി (ഏകദേശം 54.29 ശതമാനം) ജനങ്ങൾ സജീവ ഇന്റർനെറ്റ് ഉപഭോക്താക്കളാണ്. 2007 ൽ ഇന്ത്യയിൽ നാലു ശതമാനം പേർ മാത്രം ഇന്റർനെറ്റ് ഉപയോഗിച്ചിരുന്നിടത്തുനിന്നാണ് ഈ കുതിപ്പ്.

### എല്ലാം വാർത്ത, എല്ലാവരും ലേഖകർ

ടെലിവിഷനിലെ ബ്രേക്കിങ് ന്യൂസുകൾക്കും പത്രത്തിലെ ആറു കോളം തലക്കെട്ടുകൾക്കുംമുമ്പേ, വാർത്ത മൊബൈൽ സ്ക്രീനുകളിലേക്കെത്തിക്കാൻ സാമൂഹ്യമാധ്യമങ്ങൾ മത്സരിക്കുന്നു. ഓരോരുത്തരും വാർത്താലേഖകരും അവതാരകരും വിതരണക്കാരുമെല്ലാമാകുന്ന സ്ഥിതി.

വാർത്തകളുടെയും അറിവുകളുടെയും വിശാലമായ രംഗത്തെ വിദഗ്ധർ 'ബിഗ് ഡേറ്റാ' എന്നു വിളിക്കുന്നു. മത്സരവും സെൻസേഷണലിസത്തിനായുള്ള പരക്കംപാച്ചിലും മാധ്യമങ്ങളുടെ നിലനില്പിന്റെ പ്രശ്നമായപ്പോൾ, മൂല്യനിരാസം ഒരു പ്രശ്നമേയല്ലെന്നു കരുതുകയും അതനുസരിച്ചു മാധ്യമമണ്ഡലങ്ങളിൽ നിറഞ്ഞാടുകയും ചെയ്യുന്ന ചെറുതും വലുതുമായ മാധ്യമബിംബങ്ങളെ പരക്കെക്കാണാം.

### വൈറൽ ലഹരി

സോഷ്യൽ മീഡിയയിൽ വൈറലാകാനും തരംഗമാകാനുമുള്ള ലഹരി തലയ്ക്കുപിടിച്ചവരും മാധ്യമരംഗത്തെ മൂല്യങ്ങൾക്കു വെല്ലുവിളിയാകുന്നുണ്ട്. നിലനിൽക്കുന്ന മൂല്യാധിഷ്ഠിത അടിത്തറകളെയും സംവിധാനങ്ങളെയും അസ്ഥാനങ്ങളിലും അനാവശ്യമായും വിമർശിക്കുകയാണ് അതിനുള്ള വഴിയായി അവരേറെയും തിരഞ്ഞെടുക്കുക. അടുത്ത കാലത്തു സഭയും വിശ്വാസവും വിശ്വാസികളും ഇത്തരം വൈറൽ ലഹരി ബാധിച്ചവരുടെ സൈബർ ആക്രമണങ്ങൾക്കു വിധേയരായിട്ടുണ്ട്.

### വെർബൽ വയലൻസ്

സമാന്തരമായ ആത്മഭാഷണം (പാരലൽ മോണോലോഗ്) എന്നാണു സോഷ്യൽ മീഡിയയിലെ ശബ്ദങ്ങളെ ഫ്രാൻസിസ് പാപ്പാ (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ) വിളിക്കുന്നത്. പരസ്പരം ശ്രവിക്കാത്ത തന്നോടുതന്നെയുള്ള സംസാരം.

സമൂഹമാധ്യമങ്ങളിലൂടെ മറ്റുള്ളവരെ ആക്ഷേപിക്കുന്നതും വർഗീയവിദ്വേഷം പരത്തുന്നതും വർധിച്ചുവരുന്നു. സ്വകാര്യതയുടെ ലംഘനം, വെറുപ്പും വിദ്വേഷവും നിറയുന്ന സൈബർ ആക്രമണങ്ങൾ, ജ്ഞാനത്തിന്റെ അഭാവം നിഴലിക്കുന്ന അറിവ് എന്നിവയെല്ലാം മാധ്യമ അപഭ്രംശങ്ങളായി പാപ്പാ ചൂണ്ടിക്കാട്ടുന്നു. സോഷ്യൽ മീഡിയയിലെ വാക്കുകൾ കൊണ്ടുള്ള ആക്രമണം (വെർബൽ വയലൻസ്) അവസാനിപ്പിക്കണമെന്നും പാപ്പാ ചാക്രികലേഖനത്തിൽ ഓർമിപ്പിക്കുന്നുണ്ട്.

### അതിരില്ലാത്ത സ്ക്രീൻ ടൈം!

പുതുതലമുറ മുമ്പെന്നത്തെക്കാളും സ്മാർട്ട് ഫോണും ഇന്റർനെറ്റും അധികമായോ അമിതമായോ ഉപയോഗിക്കുന്ന കാലമാണിത്. അനിവാര്യമായെത്തിയ ഓൺലൈൻ പഠനവും അതിന്റെ കാരണങ്ങളുടെ പട്ടികയിലുണ്ട്. പഠനത്തിനപ്പുറം വിനോദോപാധിയായി ഇതിനെ കാണുന്നവരും ഏറെ.

ഫോണും നോക്കിയിരിക്കാതെ പോയി പഠിക്കെടാ എന്ന് ഇന്നലെകളിൽ പറഞ്ഞ മാതാപിതാക്കൾക്കു ഫോൺ നോക്കി പഠിക്കു മോനേ! എന്നു സവിനയം പറയേണ്ടിവരുന്നുണ്ട്. ടിവിയും മൊബൈൽഫോണും ഉപയോഗിക്കുന്നതിന്റെ പേരിൽ കുട്ടികളെ ശകാരിച്ചുപോന്ന രക്ഷിതാക്കളും അധ്യാപകരും ഇപ്പോൾ അവ ഉപയോഗിക്കാൻ അവരെ നിർബന്ധിക്കുന്ന സ്ഥിതിയുണ്ട്.

▶ 5



ളാക്കാട്ടൂർ പൊന്നപ്പൻ



# പറന്നകന്നു വാനമ്പാടി

തലമുറകൾക്കായി ഒരുപിടി നിത്യഹരിതഗാനങ്ങൾ ബാക്കിവച്ച് ഇന്ത്യയുടെ വാനമ്പാടി ലതാ മങ്കേഷ്കർ യാത്രയായി. 92 വർഷത്തെ തന്റെ ജീവിതം, സംഗീതത്തിനും അഭിനയത്തിനും സിനിമയ്ക്കുംവേണ്ടി മാത്രം മാറ്റിവച്ച്, ആ ഏകാന്തപഥിക ആചരിച്ച സംഗീതസപര്യ അദ്ഭുതകരമെന്നേ പറയേണ്ടൂ! വിവിധങ്ങളായ അനവധി ഭാഷകളിലെ ഗാനങ്ങൾ, എത്രയെത്ര പതിനായിരങ്ങൾ! ഓരോ പാട്ടിനും അവർ എടുത്ത സമയവും അധ്വാനവും കൂട്ടിനോക്കിയാൽ ആ സാധ്വിക്കു സ്വച്ഛമായി ജീവിക്കാൻ അധികസമയം ലഭിച്ചിട്ടുണ്ടാവുമോ? ആ സുവർണ സ്വനതന്തികളിൽനിന്നൊഴുകിയ സംഗീതമധുരം ഇനി നമ്മുടെ സ്വപ്നങ്ങളിൽ മാത്രം!

കൊവിഡിന്റെ പിടിയിലകപ്പെട്ട്, മുംബൈയിലെ ഒരു സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. ഇക്കഴിഞ്ഞ ആറാം തീയതി മുംബൈയിലെ ശിവാജി പാർക്കിൽ സിനിമാ-രാഷ്ട്രീയ-സാംസ്കാരിക-കായിക-സംഗീതമേഖലകളിലെ പ്രമുഖരുടെ സാന്നിധ്യത്തിൽ എരിഞ്ഞടങ്ങി ആ സംഗീത ഇതിഹാസം!

1929 സെപ്തംബർ 28 ന് മധ്യപ്രദേശിലെ ഇൻഡോറിൽ സംഗീതജ്ഞൻ ദീനനാഥ് മങ്കേഷ്കറുടെയും, ഷേവന്തിയുടെയും മൂത്തമകളായി ജനനം. ആശാ ഭോസ്ലേ, ഉമാ മങ്കേഷ്കർ, മീനാ മങ്കേഷ്കർ, ഹൃദയനാഥ് മങ്കേഷ്കർ എന്നിവർ സഹോദരങ്ങൾ. എല്ലാവരും സംഗീതവഴിയിൽ പ്രമുഖർ. ദീനനാഥ് മങ്കേഷ്കറുടെ മരണശേഷം 13-ാം വയസ്സിൽ കുടുംബത്തോടൊപ്പം ബോംബെയിലേക്കു താമസം മാറ്റുന്നതോടെ ലതാജി ഇന്ത്യൻ സംഗീതത്തിന്റെയും ചലച്ചിത്രത്തിന്റെയും ഭാഗമാവുകയായിരുന്നു.

ആദ്യകാലംമുതലേ ജീവിതത്തിൽ ധാരാളം തടസ്സങ്ങളും പ്രതിസന്ധിഘട്ടങ്ങളും നേരിടേണ്ടിവന്നിരുന്നു. എന്തുതന്നെയായാലും മനസ്സു മടുക്കാതെ മുന്നോട്ടു നീങ്ങാൻ ബാല്യത്തിൽത്തന്നെ ധൈര്യമുണ്ടായിരുന്നു ലതയ്ക്ക്. 1942 ൽ 13-ാം വയസ്സിൽ ആദ്യമായി പാടിയ മറാഠി ചലച്ചിത്രഗാനം, 'നാചുയാഗഡേഖേലു' ദൗർഭാഗ്യവശാൽ പുറത്തിറങ്ങിയില്ല. കാരണം, സെൻസർ ബോർഡിന്റെ കത്രിക ആ ഗാനഭാഗത്തെ ഛേദിച്ചുകളഞ്ഞു. അന്ധവിശ്വാസം കൊടികുത്തി വാഴുന്ന വടക്കേ ഇന്ത്യൻ ലോബിക്ക് ആ ഒരൊറ്റക്കാരണം മതി കലാരംഗത്തുനിന്ന് ഒരു വ്യക്തിയെ തുടച്ചുമാറ്റാൻ. പക്ഷേ, ആ ഗാനം ആർക്കും കേൾക്കാൻ കഴിയാഞ്ഞതിനാൽ വലിയ പരസ്യം ലഭിക്കാതെ ഒഴിഞ്ഞുപോയി. മാത്രമല്ല, പിന്നീട് ഇറങ്ങിയ ഗാനങ്ങൾ തുടരെത്തുടരെ ആസ്വാദകരെ വശീകരിച്ചുകൊണ്ടിരുന്നു. 'മാതാ ഈ സബുത് കീ ദുനിയാ' എന്ന ഗാനമാണ് ആദ്യത്തെ ചലച്ചിത്രഗാനമെന്നു കരുതുന്നു. ചലച്ചിത്രഗാനങ്ങളാണ് തന്റെ വഴിയെന്ന് ഇളം പ്രായത്തിലേ ലതാജി തീരുമാനിച്ചിരുന്നു. അവിടംമുതൽ പിന്നീട് ഒന്നാം സ്ഥാനമെന്നത് ആർക്കും വിട്ടുകൊടുത്തില്ല.

1966 ൽ മമതാ എന്ന ചിത്രത്തിൽ പാടിയ ഒരു ഗാനം ഏറെ അർത്ഥവത്തായി സ്വന്തം ജീവിതത്തിൽ തിളങ്ങി. ഗാനമിതാണ്.

"രഹേ നാ രഹേ ഹം മഹ്കാ കരേംഗേ ബൻകേ കലി." ജീവിച്ചിരുന്നാലും ഇല്ലെങ്കിലും ഒരു പൂച്ചെണ്ടായും പൂന്തെന്നലായും ഞാൻ സുഗന്ധം പൊഴിച്ചുകൊണ്ടിരിക്കും എന്നർത്ഥം വരുന്ന ഗാനം! 2019 മാർച്ച് 30 ന് പാടിയ "സുഗന്ധ് മുജെ ഇസ് മിട്ടികി" (രചന – മയൂരേഷ് പൈ) എന്ന ഗാനംവരെ എണ്ണമെത്രയെന്നു വ്യക്തമായ കണക്കില്ല. പല മാധ്യമങ്ങളും പല കണക്കാണു പറയുന്നത്. അതിനി ആവർത്തിക്കുന്നില്ല.

1962 ൽ ഇന്ത്യാ-ചൈന യുദ്ധകാലത്ത് ലത ആലപിച്ച 'യേ മേരി വദൻ കേ ലോകോം' എന്ന ഗാനം ഇന്ത്യൻ മനസ്സുകളിലെ തീ അണച്ചിരുന്നു എന്നത് ഒരു സത്യമായിരുന്നു. അനേകം വിദേശരാജ്യങ്ങളിൽ പലതവണ പ്രോഗ്രാം അവതരിപ്പിക്കുമ്പോഴും ഭാഷയ്ക്കതീതമായി ആ രാജ്യത്തെ ജനങ്ങളുടെ ഹർഷാരവം കേട്ട് ലതാജി അദ്ഭുതപ്പെട്ടിട്ടുണ്ട്. സംഗീതത്തിനു ഭാഷയില്ല എന്ന സത്യം ലതാജി തെളിയിച്ചു. ഹിന്ദിയോ മറ്റ് ഇന്ത്യൻ ഭാഷകളോ കേട്ടിട്ടുപോലുമില്ലാത്ത രാജ്യത്ത് തന്റെ ഗാനങ്ങൾ കേട്ട് ഹരംകൊള്ളുന്ന സദസ്സിനെക്കണ്ട് അവർ നന്ദിപൂർവ്വം നമസ്കരിച്ചുനിന്നിട്ടുണ്ട്. ഒരിക്കൽ ട്രിനിഡാഡിലെ പ്രൗഢമായ ഒരു സദസ്സിൽ ഗാനം പാടിക്കഴിഞ്ഞപ്പോൾ സദസ്സ് ഒന്നാകെ എഴുന്നേറ്റ് ഉറക്കെ വിളിച്ചു പറഞ്ഞു: "അൽവിദാ-അൽവിദാ." ലതയ്ക്ക് ഒന്നും മനസ്സിലായില്ല. തെക്കേ അമേരിക്കയിലെ ജോർജ് ടൗണിൽ ലതയുടെ പ്രോഗ്രാം നടക്കുന്ന ദിവസം അവിടെ പൊതു അവധി പ്രഖ്യാപിച്ചു ഗവൺമെന്റ്; ഇന്ത്യക്കാർക്ക് അതു വിശ്വസിക്കാൻ കഴിഞ്ഞില്ല. ടിമേറി അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്ന് 40 കിലോമീറ്റർ ദൂരമുണ്ട് ജോർജ് ടൗണിലേക്ക്. വഴിയിലുടനീളം ലതയ്ക്ക് അകമ്പടിയായി കാറുകളുടെ പെരുംഘോഷയയാത്ര.

ഏറ്റവും മുന്നിലെ കാറിൽ ഒരു പെണ്ണും ആണും ഇരുന്ന് എന്തൊക്കെയോ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു (ലതയുടെ പ്രകീർത്തനങ്ങളാവാം). ഗയാന എന്ന സ്ഥലത്തെത്തിയപ്പോൾ ആൾക്കാർ ലതാ – ലതാ എന്ന് ആർത്തുവിളിച്ചുകൊണ്ടിരുന്നു. നഗരസഭയുടെ ഔദ്യോഗികവരവേല്പായിരുന്നു. സ്ഥലത്തെത്തിയപ്പോൾ ഏറെ അദ്ഭുതകരം! അതാ ലതയുടെ ഗുനാമിലെ പ്രശസ്തഗാനം ബാന്റിലൂടെ മുഴങ്ങുന്നു! 'ഗുംനോം ഹെ കൊയി ബദ്നാംഹെ കൊയി.' ഒരിന്ത്യൻ ഗായികയ്ക്ക് ലഭിച്ച സ്വീകരണം! സംഗീതത്തിന്റെ മഹത്ത്വം!

ഭാരതത്തിൽ ലഭിക്കാവുന്ന പരമോന്നത ബഹുമതികൾ എല്ലാംതന്നെ ലതാജിക്കു ലഭിച്ചിട്ടുണ്ട്. ദാദാസാഹെബ് ഫാൽക്കെ അവാർഡ്, ഭാരതരത്ന, പത്മവിഭൂഷൺ, പത്മഭൂഷൺ, ഫ്രഞ്ചു സർക്കാരിന്റെ പരമോന്നത ബഹുമതി റീജിയൻ ഓഫ് ഓണർ, ദേശീയ ബഹുമതി മൂന്നു പ്രാവശ്യം, മറ്റു പ്രാദേശികബഹുമതികൾ!

അന്യഭാഷയെ നോവിക്കാത്ത ലതാജിയുടെ ഒരു സംഭവകഥകൂടിപ്പറഞ്ഞ് ഈ ലേഖനം ചുരുക്കാം. 1964 ൽ സംവിധായകൻ രാമു കാര്യാട്ടും നിർമ്മാതാവ് കൺമണി ബാബുവും ചേർന്ന് തകഴിയുടെ ചെമ്മീൻ സിനിമയാക്കാൻ തീരുമാനിച്ചു. ഏറെ പുതുമകൾ ആഗ്രഹിച്ച അവർ സംഗീതസംവിധായകൻ സലിൽ ചൗധരിയെയും ലതാജിയെയും മന്നാഡെയെയും അവതരിപ്പിക്കാൻ തീരുമാനിച്ചു. വയലാറെഴുതിയ ഗാനം, 'കടലിനക്കരെപ്പോണോരെ', യേശുദാസിനെക്കൊണ്ടു ശുദ്ധമലയാളത്തിൽ റെക്കോർഡു ചെയ്ത് (ട്രാക്കു പാടിക്കുക എന്നു പറയും) ലതാജിക്കു കൊടുത്തു; ബോംബെ സ്റ്റുഡിയോയിൽ റെക്കോർഡു ചെയ്യാൻ റിഹേഴ്സലും ആരംഭിച്ചു. വയലാർ രാമവർമതന്നെ ഗാനത്തിന്റെ അർത്ഥവും ഉച്ചാരണവും അനേകം തവണ പറഞ്ഞുകൊടുത്തു. 'പതിന്നാലാം രാവിലെ പാലാഴിത്തിരയിലെ' അവിടെയെത്തിയപ്പോൾ പാലാഴി ഒരു പ്രശ്നമായി. ലതാജിക്കു പാലാഷി എന്നേ വരൂ. പല തവണ മണിക്കൂറുകളോളം ആവർത്തിച്ചിട്ടും പാലാഷിതന്നെ! എന്തു ചെയ്യാം! വയലാറൊഴികെ മറ്റുള്ളവരെല്ലാം അങ്ങനെ പോരേ, സാരമില്ല എന്നായി. വയലാർ പറഞ്ഞു: അതു ശരിയല്ല; മലയാളികളെ അങ്ങനെ പറ്റിക്കാൻ സാധ്യമല്ല. ആ തർക്കത്തിനു വിരാമമിട്ടുകൊണ്ട് ലതാജി പറഞ്ഞത്, 'മനോഹരമായ മലയാളഭാഷയെ വികലമാക്കാൻ ഞാനില്ല' എന്നാണ്. ഭൂരിപക്ഷം ഇന്ത്യൻ ഭാഷകളിലും പാടിയ ലതാജി നമ്മുടെ മലയാളത്തിൽ ഒരു പാട്ടെങ്കിലും പാടിയില്ലെങ്കിൽ; അതൊരു സങ്കടമായിത്തീർന്നേനെ. പിന്നീടു നിർമിച്ച നെല്ല് എന്ന ചിത്രത്തിൽ 'കദളി ചെങ്കദളി' പാടിച്ച് രാമു കാര്യാട്ടും വയലാറും സംതൃപ്തരായി; കൂടെ മലയാളികളും!

ഇനി ലോകാന്ത്യംവരെ, ലതാജി പാടിയതുപോലെ, ഒരു പൂച്ചെണ്ടായും പൂന്തെന്നലായും സംഗീതപ്രേമികളെ എന്നെന്നും തഴുകിക്കൊണ്ടേയിരിക്കട്ടെ, ആ ഗാനങ്ങളും ഓർമകളും!

# ക്രൈസ്തവന്യൂനപക്ഷങ്ങൾക്കെതിരേ സംഘടിതാക്രമണങ്ങളോ?



ടോണി ചിറ്റിലപ്പള്ളി

**ക്രി**സ്ത്യാനികൾക്കെതിരായി ഈയടുത്തകാലത്ത് ലോകത്താകമാനം വർദ്ധിച്ചുവരുന്ന ആക്രമണങ്ങളുടെ ലക്ഷ്യം വ്യക്തമാണ്: ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളെ ഒറ്റപ്പെടുത്തുക. ഇന്ത്യയിലെ 1.3 ബില്യണിലധികം ജനങ്ങളിൽ 2% വരുന്ന ക്രിസ്ത്യാനികൾക്കു നേരേയുള്ള ഈ നീക്കം, ക്രൈസ്തവന്യൂനപക്ഷങ്ങളെ കൂടുതൽ അരക്ഷിതരാക്കുന്നു.

ഇത്തരം പ്രവൃത്തികളോടു സമൂഹം പ്രതികരിച്ചില്ലെങ്കിൽ, ഇന്ത്യയുടെ മതേതരഘടന നഷ്ടപ്പെടും. ഇത് ഇന്ത്യയിലെ ജനങ്ങൾക്കു പരിഹരിക്കാനാകാത്ത നാശമുണ്ടാക്കും. ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന, എല്ലാവരെയും ഉൾക്കൊള്ളുന്നതും ജനാധിപത്യപരവും ബഹുസ്വരവുമായ ഇന്ത്യ എന്നന്നേക്കുമായി നമുക്കു നഷ്ടപ്പെടും.

ഇന്ത്യയിലെ ക്രിസ്ത്യാനികൾക്ക് 2021 ഏറ്റവും മോശം വർഷമായിരുന്നുവെന്നു കണക്കുകൾ കാണിക്കുന്നു. ന്യൂനപക്ഷങ്ങൾക്കും അതിന്റെ സ്ഥാപനങ്ങൾക്കും നേരേയുള്ള 486 അക്രമങ്ങൾ കഴിഞ്ഞ വർഷം റിപ്പോർട്ടു ചെയ്യപ്പെട്ടു. ജയ്പൂരിൽ നടത്തിയ ഒരു പഠനത്തിൽ കഴിഞ്ഞ ഒമ്പതു മാസത്തിനിടെ ഇന്ത്യയിൽ ക്രിസ്ത്യാനികൾക്കെതിരേ 300 അതിക്രമങ്ങൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

കേരളത്തിൽ ക്രിസ്തുമതവിശ്വാസികളും അവരുടെ ആരാധനാലയങ്ങളും വലിയ തോതിൽ ആക്രമിക്കപ്പെടുന്നത് മുഖ്യധാരാമാധ്യമങ്ങളിൽപോലും ചിലപ്പോൾ റിപ്പോർട്ടു ചെയ്യപ്പെടുന്നില്ല. ആരാധനാലയങ്ങൾക്കു തീയിടൽ, ശാരീരിക, ലൈംഗികാതിക്രമങ്ങൾ, കൊലപാതകം, ക്രിസ്ത്യൻ സ്കൂളുകൾ-കോളജുകൾ-സെമിത്തേരികൾ എന്നിവ നശിപ്പിക്കുക, ക്രൈസ്തവപെൺകുട്ടികളെ തട്ടിക്കൊണ്ടുപോകുക, പ്രാർത്ഥന തടയുക, സമൂഹമാധ്യമങ്ങളിൽക്കൂടി അവഹേളിക്കുക തുടങ്ങി വിവിധ രീതിയിലുള്ള ആക്രമണങ്ങൾ കൂടിവരികയാണ്. ക്രൈസ്തവർക്കെതിരേ പൊതുവികാരം സൃഷ്ടിക്കുന്നതിൽ ചില തീവ്രവാദസംഘടനകളും കൂട്ടായ്മകളും നടത്തുന്ന ശ്രമങ്ങൾ കേന്ദ്ര-സംസ്ഥാനസർക്കാരുകൾ തിരിച്ചറിയണം.

ക്രിസ്തുവിനെയും ക്രൈസ്തവവിശ്വാസപ്രമാണങ്ങളെയും അവഹേളിച്ചു സംസാരിക്കുകയും പൗരോഹിത്യ-സന്ന്യസ്തജീവിതങ്ങളെ അപകീർത്തിപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുന്ന വ്യക്തികൾക്കോ പ്രസ്ഥാനങ്ങൾക്കോ നവമാധ്യമങ്ങൾക്കോ സിനിമകൾക്കോ എതിരേ നടപടി സ്വീകരിക്കുന്നതിൽ ഉത്തരവാദിത്വപ്പെട്ടവർ ഉദാസീനനയം പുലർത്തുകയാണ്. ഇപ്പോഴിറങ്ങുന്ന മിക്ക സിനിമകളും ക്രൈസ്തവവിശ്വാസത്തെയും കത്തോലിക്കാസഭയെയും അങ്ങേയറ്റം അവഹേളിക്കുന്നവയാണ്. ക്രൈസ്തവസഭയെയും ക്രിസ്തീയമൂല്യങ്ങളെയും, പരിശുദ്ധ കൂദാശകളെയും അപമാനിച്ചശേഷം സാത്താനും അവന്റെ നാമത്തിനും കൈയടി വാങ്ങിക്കൊടുക്കുന്നതായി മലയാളസിനിമാവ്യവസായം മാറിയിരിക്കുന്നു എന്നു പറയുന്നതിൽ ഏറെ ഖേദമുണ്ട്.

### അന്താരാഷ്ട്ര എൻ.ജി.ഒ. ഓപ്പൺ ഡോർസ്

പീഡിപ്പിക്കപ്പെടുന്ന ക്രിസ്ത്യാനികൾക്കുവേണ്ടി വാദിക്കുന്ന പ്രശസ്ത അന്താരാഷ്ട്ര എൻജിഒ.യായ ഓപ്പൺ ഡോർസ് അവരുടെ വാർഷിക വേൾഡ് വാച്ച് ലിസ്റ്റ് 2022 ജനുവരി 19 നു പുറത്തിറക്കി. ക്രിസ്ത്യാനികൾ ഏറ്റവും കഠിനമായ പീഡനങ്ങൾ നേരിടുന്ന 50 രാജ്യങ്ങളെ വേൾഡ് വാച്ച് ലിസ്റ്റ് വിലയിരുത്തുന്നു. വേൾഡ് വാച്ച് ലിസ്റ്റിൽ ഒന്നാം സ്ഥാനത്തുള്ള അഫ്ഗാനിസ്ഥാനിൽ 2021 ഓഗസ്റ്റിൽ താലിബാൻ ഭരണം ഏറ്റെടുത്തതിനെത്തുടർന്ന്, ക്രിസ്ത്യൻ ജനസംഖ്യയിൽ ഭൂരിഭാഗവും പലായനം ചെയ്തു. അവശേഷിക്കുന്നവർ ഒളിവിലുമാണ്.

പട്ടികയിൽ 20 വർഷത്തിനുശേഷം രണ്ടാം സ്ഥാനത്തേക്കു വീണെങ്കിലും, ഉത്തര കൊറിയയിലെ ക്രൈസ്തവപീഡനം ജീവിതത്തിന്റെ എല്ലാ മേഖലകളിലും സമ്പൂർണമായി തുടരുന്നു. 2022 ലെ വേൾഡ് വാച്ച് ലിസ്റ്റ് റിപ്പോർട്ടു ചെയ്യുന്നത് ക്രൈസ്തവപീഡനം രാജ്യത്തു രേഖപ്പെടുത്തിയ ഏറ്റവും ഉയർന്ന തലത്തിൽ എത്തിയിരിക്കുന്നു എന്നാണ്. വലിയ തോതിൽ ക്രൈസ്തവപീഡനം നടക്കുന്ന സൊമാലിയ മൂന്നാം സ്ഥാനത്താണ്. ലിബിയയും യെമനുമാണ് നാലും അഞ്ചും സ്ഥാനങ്ങളിൽ വരുന്നത്.

### ക്രിസ്തുമതത്തെ അധികാരത്തിനു ഭീഷണിയായി കാണുന്ന സ്വേച്ഛാധിപത്യസർക്കാരുകൾ

ചില രാജ്യങ്ങളിൽ, സ്വേച്ഛാധിപത്യഗവൺമെന്റുകൾക്കു കീഴിലാണ് ക്രിസ്ത്യൻപീഡനം നടക്കുന്നത്. ഈ സർക്കാരുകൾ ചില മതവിഭാഗങ്ങളെ ഭരണകൂടത്തിന്റെ ശത്രുക്കളായി കണക്കാക്കുന്നു.

2022 ലെ റാങ്കിങ് പ്രകാരം ക്രൈസ്തവപീഡനങ്ങളുടെ മേൽത്തട്ടിൽ പത്തു രാജ്യങ്ങളിൽ ഏറ്റവും മുൻപന്തിയിൽ അഫ്ഗാനിസ്ഥാൻ, വടക്കൻ കൊറിയ, സൊമാലിയ, ലിബിയ, യെമൻ, എറിട്രിയ, നൈജീരിയ, പാക്കിസ്ഥാൻ, ഇറാൻ, ഇന്ത്യ തുടങ്ങിയവയാണ്.

### ക്രൈസ്തവപീഡനത്തിലെ പുതിയ പ്രവണതകൾ

വ്യക്തിഗത ഡിജിറ്റൽ സാങ്കേതികവിദ്യ ആഗോളതലത്തിൽ ക്രിസ്ത്യാനികളെ എങ്ങനെ ലക്ഷ്യമിടുന്നു എന്നു നോക്കുക: മുഖം തിരിച്ചറിയാനുള്ള സാങ്കേതികവിദ്യ, ഇലക്ട്രോണിക് ചിപ്പുകൾ, വ്യക്തിഗത ഡിജിറ്റൽ സാങ്കേതികവിദ്യ എന്നിവയിലൂടെ സർക്കാരുകൾക്കു കൂടുതലായി പൗരന്മാരെ നിരീക്ഷിക്കാം. ലോകത്തിന്റെ പല ഭാഗങ്ങളിലും സ്വേച്ഛാധിപത്യസർക്കാരുകൾ ക്രൈസ്തവർക്കെതിരേ ഇത് ദുരുപയോഗം ചെയ്യുന്നു.

വിയറ്റ്നാം, മ്യാൻമർ, ചൈന, ഉത്തര കൊറിയ തുടങ്ങിയ രാജ്യങ്ങളെല്ലാം ഇത്തരം വിദ്യകളിലൂടെ മതപരമായ അവകാശങ്ങളുടെമേൽ കർശനമായ നിയന്ത്രണം കൊണ്ടുവരുന്നു.

ക്രിസ്ത്യൻ സ്ത്രീകളെ പ്രത്യേകമായി ലക്ഷ്യമിടുന്ന രാജ്യങ്ങളുണ്ട്. ക്രിസ്ത്യൻ സ്ത്രീകൾ അനുഭവിക്കുന്ന പീഡനങ്ങൾ ഞെട്ടിക്കുന്നതാണ്. പല രാജ്യങ്ങളിലും അവർ 'ഇരട്ട പീഡനം' അനുഭവിക്കുന്നു; ഒരു ക്രിസ്ത്യാനിയായതിനാലും, ഒരു സ്ത്രീയെന്ന നിലയിലും. ഇത്തരത്തിലുള്ള പീഡനം വിലയിരുത്താൻ പ്രയാസമാണ്. കാരണം, ഇത് ഏറെ സങ്കീർണവും അക്രമാസക്തവും മറഞ്ഞിരിക്കുന്നതുമാണ്.

ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ പേരിൽ ലോകമെമ്പാടുമായി ദിവസവും ചുരുങ്ങിയത് 23 പേർ മാനഭംഗത്തിനിരയാവുകയും, പത്തു പേർ തടവിലാക്കപ്പെടുകയും, ഇരുപത്തിയഞ്ചോളം ദൈവാലയങ്ങളോ ക്രിസ്ത്യൻ കെട്ടിടങ്ങളോ ആക്രമിക്കപ്പെടുകയും ചെയ്യുന്നുണ്ടെന്നും 'ഓപ്പൺ ഡോർസ്' വ്യക്തമാക്കുന്നു.

എണ്ണത്തിലും അനുപാതത്തിലും ക്രിസ്ത്യാനികളെപ്പോലെ മറ്റൊരു മതത്തെയും വിഭാഗത്തെയും ഉപദ്രവിക്കുകയും കൊല്ലുകയും ചെയ്തിട്ടില്ല.

### കൊവിഡ്-19 നെ ചില രാജ്യങ്ങളിൽ ക്രൈസ്തവപീഡന ആയുധമായി ഉപയോഗിക്കുന്നു

കൊവിഡ് -19 സഹായം സ്വീകരിക്കുന്നതിൽനിന്നു ക്രിസ്ത്യാനികളെ എത്രമാത്രം ഒഴിവാക്കുന്നുവെന്ന് ഓപ്പൺ ഡോർസ് ഗവേഷണം വെളിപ്പെടുത്തുന്നു. ഏഷ്യയിലും ആഫ്രിക്കയിലുടനീളവും ഇത്തരം സംഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഭക്ഷണം വിതരണം ചെയ്യുമ്പോൾ ദുർബലരായ വിശ്വാസികളെ പ്രാദേശികാധികാരികൾ മനഃപൂർവം അവഗണിക്കുകയും ക്രിസ്ത്യൻ നഴ്സുമാർക്ക് സുപ്രധാന പിപിഇ നിഷേധിക്കുകയും, ക്രിസ്ത്യാനികളാണു കൊവിഡ് വൈറസ് പടരുന്നതിനു കാരണമെന്ന് അടിസ്ഥാനരഹിതമായി കുറ്റപ്പെടുത്തുകയും ചെയ്യുന്നു.



ഓപ്പൺ ഡോർസിന്റെ വേൾഡ് വാച്ച് ലിസ്റ്റ് 2022 ലോകമെമ്പാടുമുള്ള ക്രിസ്ത്യാനികൾ അഭിമുഖീകരിക്കുന്ന സാഹചര്യത്തെക്കുറിച്ചുള്ള ഒരു യഥാർത്ഥ ചിത്രം വരയ്ക്കുന്നു. എന്നിരുന്നാലും, ഇത് ക്രിസ്ത്യാനികളിൽ അവസാനിക്കുന്നില്ല. ക്രിസ്ത്യാനികൾ, പ്രത്യേകിച്ച് ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ പീഡിപ്പിക്കപ്പെടുന്ന രാജ്യങ്ങളിൽ, മറ്റ് മതന്യൂനപക്ഷങ്ങൾ സമാനമായ പെരുമാറ്റത്തിനു വിധേയരാകുന്നു. കൂടാതെ, ഇവരുടെ റിപ്പോർട്ട് വളരെ പ്രധാനപ്പെട്ട ഒരു കാര്യം ഉന്നയിക്കുന്നു. മതന്യൂനപക്ഷങ്ങളെ പീഡിപ്പിക്കുന്നവർക്കെതിരേ നടപടികൾ ഇല്ലാത്തതും, ശിക്ഷകൾ വളരെ നിസ്സാരമാക്കുന്നതും കുറ്റവാളികളെ ധൈര്യപ്പെടുത്തുന്നതിനാൽ അതു കൂടുതൽ കുറ്റകൃത്യങ്ങൾക്കു കാരണമാകുന്നു. ഇത് ഒരു പ്രദേശത്തോ രാജ്യത്തോ മാത്രമല്ല, ലോകം മുഴുവനുമുള്ള കുറ്റവാളികളെ ധൈര്യപ്പെടുത്തുന്നു. നാം ഗൗരവമായി കാണേണ്ട ഒരു മുന്നറിയിപ്പാണിത്. ക്രൈസ്തവപീഡനത്തിന്റെ യഥാർത്ഥ വ്യാപ്തി പുറംലോകത്തെ അറിയിക്കാൻ ഐക്യരാഷ്ട്രസഭ അടക്കമുള്ള സംഘടനകളും വിമുഖത കാണിക്കുകയാണ്. ■

# സഭയ്ക്കു പരിഷ്കർത്താക്കളെയല്ല, വിശുദ്ധരെയാണാവശ്യം



വി. കാതറൈൻ



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

***കർദിനാൾ സറായുടെ പുതിയ ഗ്രന്ഥം 'എന്നന്നേക്കും' (For the Eternity) പങ്കുവയ്ക്കുന്ന പൗരോഹിത്യചിന്തകളുടെ ഒരു അവലോകനം - II***

**ക**ർദിനാൾ റോബർട്ട് സറായുടെ 'എന്നന്നേക്കും' എന്ന ഗ്രന്ഥത്തിന്റെ ഒന്നാം അധ്യായം സിയന്നായിലെ വിശുദ്ധ കാതറൈന്റെ വാക്കുകളെ അടിസ്ഥാനമാക്കിയുള്ള പരിചിന്തനമാണ്. മിശിഹായോടും അവിടുത്തെ സഭയോടുമുള്ള അതിയായ സ്നേഹത്തിന്റെ തീക്ഷ്ണതയാൽ പ്രേരിതയായി പുരോഹിതന്മാരോടു സംസാരിക്കാൻ വി. കാതറൈന് അറിയാമായിരുന്നു.

സഭയിൽ സ്ത്രീകൾക്കു സ്ഥാനമാനങ്ങൾ വേണമെന്നോ പൗരോഹിത്യം വേണമെന്നോ ഒന്നുമല്ല അവർ ആവശ്യപ്പെടുന്നത്. സഭയുടെ ദുഃസ്ഥിതിക്കും ദുര്യോഗങ്ങൾക്കും കാരണം പുരോഹിതന്മാരുടെ ആധ്യാത്മികമാന്ദ്യവും അവർ ചെയ്യുന്ന പാപങ്ങളുമാണെന്നു സധൈര്യം വിശുദ്ധ തുറന്നുപറഞ്ഞിരുന്നു. പുരോഹിതന്മാർ അവരുടെ കൗദാശികജീവിതത്തിനു ചേർന്നവിധം മാനസാന്തപ്പെടാനാണ് വി. കാതറൈൻ ആവശ്യപ്പെട്ടിരുന്നത്.

പതിന്നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വി. കാതറൈൻ (1347–1380) ഫ്രാൻസിലെ അവിഞ്ഞോൺ നഗരത്തിൽ താമസമാക്കിയ ഗ്രിഗറി പതിനൊന്നാമൻ മാർപാപ്പായെ വി. പത്രോസിന്റെ ആസ്ഥാനമായ റോമിലേക്കു കൊണ്ടുവരാൻ ശക്തമായ ഇടപെടലുകൾ നടത്തുകയുണ്ടായി. ഇന്നും റോമിലെ മിനേർവ ബസിലിക്കയിൽ പ്രധാന ബലിപീഠത്തിനുതാഴെ വിശ്രമിക്കുന്ന അവരുടെ തിരുശേഷിപ്പുകൾ, പുരോഹിതരോടു പാപബോധവും വിശുദ്ധിയും വീണ്ടെടുക്കാൻ ആഹ്വാനം ചെയ്യുന്നു.

കത്തോലിക്കാസഭയിൽ പൗരോഹിത്യത്തിന്റെ ഇന്നത്തെ അവസ്ഥയെക്കുറിച്ചാണു ഗ്രന്ഥകാരൻ തുടർന്ന് എഴുതുന്നത്.

നമ്മൾ ലൗകികരും തീക്ഷ്ണത നഷ്ടപ്പെട്ടവരുമായി പരിണമിച്ചില്ലേ? നിരീശ്വരത്വവും ഭൗതികവാദവും മുഖമുദ്രയായ ഇന്നത്തെ ലോകത്തിന്റെ ഒരനുബന്ധമെന്നോണം സഭയെ തളച്ചിടാനാണോ ചിലർ ശ്രമിക്കുന്നത്? നമ്മൾ നഷ്ടധൈര്യരാകരുത്. കർത്താവായ ഈശോമിശിഹായിലുള്ള സ്നേഹത്തിലും വിശ്വാസത്തിലും അടിയുറച്ചുനിന്നാൽ ലോകത്തെ ജയിക്കാൻ കഴിയും. "ഈശോ, ദൈവപുത്രനാണെന്നു വിശ്വസിക്കുന്നവനല്ലാതെ മറ്റാരാണു ലോകത്തെ ജയിക്കുന്നത്? (1 യോഹ. 5:5).

സഭ മാത്രമാണ് ഇന്നലെയും ഇന്നും നാളെയും ഈശോമിശിഹായുടെ ദിവ്യകൂദാശ. എന്നാലും സമകാലീനരായ ധാരാളം പേർക്ക് - സഭാതനയരും അതിൽപെടുന്നു - സാമൂഹികസേവനത്തിനുള്ള മാനുഷികസംഘടനമാത്രമാണു സഭ. പരിസ്ഥിതിസംരക്ഷണം, ദാരിദ്ര്യനിവാരണം, കുടിയേറ്റക്കാരുടെ പുനരധിവാസം തുടങ്ങിയ ലൗകികവും താത്കാലികവുമായ വിഷയങ്ങളിലുള്ള പ്രവർത്തനങ്ങളെപ്രതി മാത്രമാണു സഭ വിലമതിക്കപ്പെടുന്നത്. ഇവയെല്ലാം മിശിഹായെ ലോകത്തിനു പ്രദാനം ചെയ്യുക എന്ന പരമപ്രധാനമായ ദൗത്യത്തിന് അനുബന്ധമായിമാത്രം വരുന്നവയാണ്. ഇന്ന് സഭയുടെ മടിത്തട്ടിൽത്തന്നെ വലിയ സംഘർഷങ്ങളും സഭാപ്രബോധനങ്ങളിലെ ഭിന്നതകളും നിലനില്ക്കുന്നു. കർദിനാൾ തുടരുന്നു: "അജപാലനപരമായ കാര്യങ്ങൾക്കും പ്രേഷിതപ്രവർത്തനങ്ങളിലെ അനുഭവങ്ങൾ പങ്കുവയ്ക്കാനും ഉദ്ദേശിച്ച് റോമിൽ സമ്മേളിക്കുന്ന മെത്രാന്മാരുടെ സിനഡുകൾപോലും വിവിധ ഗ്രൂപ്പുകൾ ഏറ്റുമുട്ടുന്ന വേദികളായി മാറുന്നു."

കർദിനാൾ ഹെൻറി ദ് ലുബാക് വർഷങ്ങൾക്കുമുമ്പേ പറഞ്ഞു: "സഭയ്ക്കുള്ളിലെ തർക്കങ്ങൾ അവളെ ഉള്ളിൽനിന്നു ദുർബലപ്പെടുത്തുക മാത്രമല്ല ബാഹ്യലോകത്തിന്റെ ദൃഷ്ടിയിൽ അവളെ വിരൂപപ്പെടുത്തുകയും ചെയ്യുന്നു." വിശ്വാസം കാത്തുസൂക്ഷിക്കുന്നില്ലെങ്കിൽ അവളുടെ സ്ഥിതി ഏറെ ദയനീയമായിരിക്കും. അവളുടെ പ്രവർത്തനങ്ങൾ ഫലശൂന്യവുമായിരിക്കും. ഹെൻറി ദ് ലുബാക്കിന്റെ ചോദ്യമിതാണ്: നമ്മുടെ പൗരോഹിത്യത്തിലൂടെ, സഭ സത്യമായും ഈശോമിശിഹായെ പ്രഘോഷിക്കുന്നുണ്ടോ?

ഇത്രയും ആമുഖമായി എഴുതിയശേഷമാണ് ഗ്രന്ഥകാരൻ സിയന്നായിലെ വേദപാരംഗതയായ വിശുദ്ധ കാതറൈന്റെ 'ഡയലോഗ്' എന്ന പ്രശസ്ത ഗ്രന്ഥഭാഗങ്ങൾ ഉദ്ധരിക്കുന്നത്. ദൈവവുമായുള്ള സംഭാഷണമായിട്ടാണ് വിശുദ്ധ ഈ ഗ്രന്ഥം രചിച്ചിട്ടുള്ളത്. ദൈവം പറയുന്നു: "സഭയുടെ ദുഃസ്ഥിതിയിൽ ദുഃഖിക്കുന്ന എന്റെ മകളേ, പുരോഹിതന്മാരുടെ ജീവിതനവീകരണവും വിശുദ്ധീകരണവും ദർശിക്കുവാനുള്ള അനുഗ്രഹം നിനക്കുണ്ടാകുമെന്നു ഞാൻ വാഗ്ദാനം ചെയ്യുന്നു." വിശുദ്ധ തുടർന്ന് എഴുതുന്നു:"മകളേ, നിന്റെ കണ്ണുനീരിൽ കുതിർന്ന പ്രാർത്ഥന ഞാൻ കാണുന്നു. പുരോഹിതന്മാരുടെ അശുദ്ധിയും അഹങ്കാരവും സ്വാർത്ഥതയും ദ്രവ്യാഗ്രഹവും കുഷ്ഠം ബാധിച്ചാലെന്നപോലെ സഭയുടെ മുഖം വികൃതമാക്കുന്നു. അവർ എന്റെ തിരുസുതന്റെ ദിവ്യരക്തത്തെയാണു മലിനമാക്കുന്നത്. അപ്രകാരം രക്ഷയ്ക്കു കാരണമാകേണ്ടത് ശിക്ഷയ്ക്കു കാരണമായി ഭവിക്കുന്നു. അതുകൊണ്ട് തങ്ങളുടെ പാപത്തെക്കുറിച്ച് അവർ പശ്ചാത്തപിക്കുകയും പരിഹാരം അനുഷ്ഠിക്കുകയും വേണം."

വിശുദ്ധരായ വൈദികർക്കു ദൈവം നല്കാനിരിക്കുന്ന നീതിയുടെ കിരീടത്തെപ്പറ്റിയും വിശുദ്ധ എഴുതുന്നുണ്ട് : ദൈവം പറയുന്നു, "ജീവിതാന്ത്യത്തിലേക്കു സമീപിക്കുന്ന വിശുദ്ധരായ വൈദികരുടെ ആത്മാക്കൾ എത്ര ഭാഗ്യമുള്ളവ! ജീവിതകാലം മുഴുവൻ അവർ ദൈവജനത്തിന്റെ അപ്പസ്തോലന്മാരും അവരുടെ വിശ്വാസത്തിന്റെ സംരക്ഷകരുമായിരുന്നു. ഈ പുരോഹിതന്മാരുടെ മജ്ജയോളം വിശ്വാസം ചൂഴ്ന്നിറങ്ങിയിരിക്കുന്നു. അവർക്കു ഞാൻ വലിയ പ്രതിഫലം നൽകും."



വിശുദ്ധരായ വൈദികർ പൂർണമായും ദൈവത്തിൽ ആശ്രയിക്കുന്നു. പുണ്യജീവിതം നയിക്കുന്ന അവരുടെ ജീവിതമാതൃക വഴി അനേകരെ അവർ സ്വർഗത്തിനർഹരാക്കി. പരിശുദ്ധരും കളങ്കരഹിതരുമായ അവരുടെമേൽ പിശാചിന്റെ തന്ത്രങ്ങൾക്കു യാതൊരു നേട്ടവും കൈവരിക്കാനാവില്ല. അവരുടെ ഉപവി അവരെ നിത്യസൗഭാഗ്യത്തിനർഹരാക്കുന്നു.

തുടർന്ന് കർദിനാൾ സറാ തന്റെ വിചിന്തനങ്ങൾ പങ്കുവയ്ക്കുന്നു: സഭയിലെ പ്രശ്നങ്ങളുടെയും ദുർമാതൃകകളുടെയും പേരിൽ സഭാമാതാവിനെ തള്ളിപ്പറയുക എന്ന മാരകപ്രവൃത്തി വൈദികരുടെയും വിശ്വാസികളുടെയും ഭാഗത്തുനിന്ന് ഉണ്ടാകരുത്." "മിശിഹായുടെ പരിശുദ്ധാരൂപിയിൽ ജീവിക്കുവാൻ അവിടുത്തെ മൗതികശരീരത്തിൽ വസിക്കണം. മിശിഹായുടെ സഭയെ സ്നേഹിക്കുന്നതിന്റെ തോതനുസരിച്ചാണ് നമ്മൾ പരിശുദ്ധാരൂപിയിൽ വ്യാപരിക്കുന്നത്" (വിശുദ്ധ ആഗസ്തീനോസ്). വി. ജോൺ ക്രിസോസ്തോം എഴുതുന്നു: "സഭയിൽനിന്നു ഭിന്നിച്ചുപോകരുത്. അതിന്റെ ശക്തി മറ്റൊന്നിനുമില്ല. നിന്റെ പ്രത്യാശ സഭയാണ്. നിന്റെ നിത്യരക്ഷ സഭയാണ്. സഭ നിന്റെ സങ്കേതമാണ്. അവളുടെ ശക്തി അനന്തമാണ്."

സഭയെ നവീകരിക്കാനായി മാർട്ടിൻ ലൂഥർ സഭ ഉപേക്ഷിച്ചു. അസ്സീസിയിലെ വി. ഫ്രാൻസീസ് സ്വീകരിച്ച മാർഗമാണു ശരി.

ഫ്രഞ്ച് കത്തോലിക്കാസാഹിത്യകാരനായ ജോർജ് ബർണനോസിന്റെ (1880–1948) വാക്കുകളാണ് ഗ്രന്ഥകാരൻ ഇവിടെ ഉദ്ധരിക്കുന്നത്: "സഭയ്ക്കു പരിഷ്കർത്താക്കളെയല്ല ആവശ്യം. അവൾക്കാവശ്യം വിശുദ്ധരെയാണ്."

കർത്താവിന്റെ സുവിശേഷം ജീവിതനിയമമാക്കുകയും പ്രാർത്ഥിക്കുകയും പ്രായശ്ചിത്തം അനുഷ്ഠിക്കുകയും ചെയ്ത വി. ഫ്രാൻസീസ് അസ്സീസിയുടെ വഴി നമുക്കു സ്വീകരിക്കാം. ■

---

## ശ്രേഷ്ഠമലയാളം

# സാമ്പത്തികസ്ഥിതി



ഡോ. ഡേവിസ് സേവ്യർ

**എ**ങ്ങനെ എഴുതിയാൽ എന്താണ്? കാര്യം മനസ്സിലായാൽപ്പോരേ? ഇങ്ങനെ ഒരു ചിന്ത മലയാളികളുടെ ഭാഷാബോധത്തിൽ കടന്നുകൂടിയിട്ടുണ്ട്. അപകടകരമായ ഒരു സ്ഥിതിവിശേഷമാണിത്. ആശയവിനിമയത്തിനപ്പുറം മറ്റൊരു ധർമ്മവും ഭാഷയ്ക്ക് ആവശ്യമില്ലെന്നു ചിലരെങ്കിലും കരുതുന്നു. അത്തരത്തിലുള്ള ചില വിചിത്രപ്രയോഗങ്ങൾ പരിചയപ്പെടാം.

വിവാഹപ്പരസ്യങ്ങളിൽ 'സാമ്പത്തികം പ്രശ്നമല്ല' എന്നൊരു ലുപ്തവാക്യം കാണാറുണ്ട്. സമ്പത്തിനെ സംബന്ധിച്ചത് എന്നാണ് സാമ്പത്തികം എന്ന പദത്തിന്റെ അർത്ഥം. സാമ്പത്തികത്തെ നാമമെന്ന നിലയിൽ ഉപയോഗിക്കുന്നത് അത്രയ്ക്കങ്ങു ശരിയല്ല. സാമ്പത്തികസ്ഥിതി അഥവാ സാമ്പത്തികനില എന്നെഴുതിയാലേ വ്യാകരണപൂർത്തിയുണ്ടാവുകയുള്ളൂ. സാമ്പത്തികവ്യവസ്ഥിതി എന്ന പ്രയോഗവും ശരിയാണ്. വ്യവസ്ഥിതിക്കു കാര്യങ്ങളുടെ കിടപ്പ് എന്നർത്ഥം. പൃച്ഛിക്കുന്നത് (ചോദിക്കുന്നത്) പ്രശ്ന(ചോദ്യം)മെന്നിരിക്കേ, സാമ്പത്തികത്തോട് ഉത്തരപദമായി പ്രശ്നം ചേർക്കാതിരിക്കുന്നതാണ് ഉചിതം. സാമ്പത്തികസ്ഥിതി കാര്യമാക്കുന്നില്ല അല്ലെങ്കിൽ വിഷയമാക്കുന്നില്ല എന്നെഴുതുന്നതിൽ ഗൗരവക്കുറവൊന്നുമില്ല. സാമ്പത്തികമല്ല സാമ്പദിക(സമ്പത്തിനെ സംബന്ധിച്ചത്)മാണ് ശരി എന്നൊരു പക്ഷമുണ്ട്. "സമ്പദാ സുസ്ഥിരമ്മന്യേഃ ഭവതി സ്വല്പയാപിയഃ/ കൃതകൃത്യോവിധിഃ മന്യേ/ ന വർദ്ധയതി തസ്യ താം" *(സ്വല്പമായ സമ്പത്തുകൊണ്ട് സുസ്ഥിരൻ എന്നു നിനയ്ക്കുന്നവന്റെ സമ്പത്ത് വർദ്ധിക്കുകയില്ല) എന്ന സൂക്തം ഇതു ശരിവയ്ക്കുന്നു. പക്ഷേ, ഇനി അതു നടപ്പാക്കാൻ ആർക്കും കഴിയുമെന്നു തോന്നുന്നില്ല.

ഇതുപോലെ 'എല്ലാ പോഷകങ്ങളും അടങ്ങിയ കാലിത്തീറ്റ' എന്ന പരസ്യവാക്യവും അസാധുവാണ്. 'പോഷക'ത്തിനു പോഷിപ്പിക്കുന്ന എന്നർത്ഥം. പോഷകഗുണങ്ങൾ അടങ്ങിയ എന്നായാൽ വാക്യം ശരിയായി. ആശയവിനിമയത്തിനപ്പുറം സ്വകീയവും പരകീയവുമായ ഒട്ടേറെ ധർമ്മമുള്ള ആർജിതവൃത്തിയാണു ഭാഷ എന്ന സംഗതി മലയാളികൾ മറക്കാമോ?

ഗ്രന്ഥകാരനും കരിയർ ഗുരുവുമായ ബി.എസ്. വാരിയർ ചൂണ്ടിക്കാണിച്ച നിരീക്ഷണങ്ങളാണ് ഈ കുറിപ്പിനു പ്രേരകം.

* പൗലോസ്, കെ.ജി., ലഘുസംസ്കൃതം, ദ്രോണാചാര്യ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2006, പുറം – 335.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ




നിന്റെ വിധികൾ നീതിവിരുദ്ധമായിരിക്കരുത്. നീ പക്ഷപാതം കാട്ടുകയോ കൈക്കൂലി വാങ്ങുകയോ അരുത്.

നിയമാവർത്തനം 16:19

**എഡിറ്റോറിയൽ**

# ജനപ്രതിനിധികളിൽ ക്രിമിനലുകൾ വർദ്ധിക്കുന്നുവോ?

**രാ**ജ്യത്തെ ജനപ്രതിനിധികൾ ക്രിമിനൽകേസുകളിൽ പ്രതിയാക്കപ്പെടുന്ന സംഭവങ്ങൾ തുടർക്കഥയാവുന്നത് അപമാനകരമെന്നു മാത്രമല്ല പ്രതിഷേധാർഹവുമാണ്. കീഴ്ക്കോടതികളിൽ ജനപ്രതിനിധികൾക്കെതിരേയുള്ള കേസുകളിൽ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ വൻവർദ്ധനയാണുണ്ടായിരിക്കുന്നത്. ഡിസംബർ 2021 വരെയുള്ള കണക്കനുസരിച്ച്, വിവിധ കോടതികളിലായി എം.എൽ.എ. മാർക്കും എം.പി. മാർക്കുമെതിരേ 4,984 ക്രിമിനൽകേസുകൾ കെട്ടിക്കിടക്കുന്നതായാണ് ഇക്കഴിഞ്ഞ ദിവസം സുപ്രീംകോടതിയിൽ സമർപ്പിച്ച റിപ്പോർട്ട്. 2018 ൽ 4110, 2020 ൽ 4859 എന്നിങ്ങനെയായിരുന്നു കേസുകളുടെ എണ്ണം.

കേരളത്തിലും, 2018 നും 2020 നുമിടയിൽ ജനപ്രതിനിധികൾക്കെതിരേയുള്ള കേസുകളിൽ വർദ്ധനയുണ്ടായിട്ടുണ്ട്. 2018 ൽ 312 കേസുകളാണ് ഉണ്ടായിരുന്നതെങ്കിൽ, 2021 ഡിസംബർ വരെയുള്ള കണക്കുപ്രകാരം 401 ക്രിമിനൽകേസുകളാണ് സംസ്ഥാനത്തെ വിവിധ കോടതികളിലുള്ളത്. ജനപ്രതിനിധികൾക്കെതിരായ കേസുകളിൽ അതിവേഗത്തിൽ തീർപ്പുണ്ടാക്കുന്ന സംസ്ഥാനമാണു കേരളമെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു.

ജനപ്രതിനിധികൾക്കെതിരേ ഏറ്റവും കൂടുതൽ കേസുകളുള്ളത് ഉത്തർപ്രദേശിലാണ്. യു.പി.യിലെ വിവിധ കോടതികളിലായി 1339 ക്രിമിനൽ കേസുകളാണ് തീർപ്പാകാതെ കിടക്കുന്നത്. ഉത്തർപ്രദേശിനു പിന്നാലെ ബീഹാറിലാണ് ജനപ്രതിനിധികൾക്കെതിരേ ഏറ്റവും കൂടുതൽ കേസുകളുള്ളത്. അതേസമയം ബിഹാറിൽ കേസുകളിൽ അതിവേഗം തീർപ്പുണ്ടാകുന്നുണ്ട്.

ജനപ്രതിനിധികൾക്കെതിരേയുള്ള കേസുകളിലെ വൻവർദ്ധന പരിഗണിച്ച് അവയ്ക്കു തീർപ്പുണ്ടാക്കിയതിനുശേഷം മാത്രമേ മറ്റു കേസുകൾ പരിഹരിക്കാവൂ എന്ന് അമിക്കസ് ക്യൂറി നിർദേശിക്കുന്നതായാണു റിപ്പോർട്ട്. പ്രതിദിനവിചാരണ നടത്തുകയും വാദിഭാഗവും പ്രതിഭാഗവും വിചാരണയുമായി സഹകരിക്കുകയും ചെയ്യണമെന്നാണ് അമിക്കസ് ക്യൂറി നിർദേശിക്കുന്നത്. അഞ്ചു വർഷത്തിലേറെയായി തീർപ്പാകാത്ത കേസുകളുടെ കാരണങ്ങൾ ചൂണ്ടിക്കാട്ടി വിചാരണക്കോടതി അതതു ഹൈക്കോടതികൾക്കു റിപ്പോർട്ടു നല്കണമെന്നും നിർദേശമുണ്ട്.

എന്തൊക്കെയായാലും, ജനപ്രതിനിധികൾക്കെതിരേ ക്രിമിനൽകേസുകളിൽ വർദ്ധനയുണ്ടാകുന്നത് ഒട്ടും ആശാസ്യമല്ല. രാജ്യത്തെ ഭരണയന്ത്രം തിരിക്കുന്നവരും അവരെ നിയന്ത്രിക്കുന്നവരും ക്രിമിനൽസ്വഭാവമുള്ളവരും അത്തരത്തിലുള്ള പശ്ചാത്തലസ്വാധീനമുള്ളവരുമാണെന്നു പറയുമ്പോൾ രാജ്യത്തെ ക്രമസമാധാനനിലയുടെ പരിതാപകരമായ അവസ്ഥയെക്കുറിച്ചു കൂടുതലൊന്നും പറയേണ്ടതില്ലല്ലോ. അടുത്ത കാലത്തുണ്ടായ പുരാവസ്തു തട്ടിപ്പുകേസിലും സ്വർണക്കടത്തുകേസിലും മറ്റും ജനപ്രതിനിധികളുടെ ഒളിഞ്ഞും തെളിഞ്ഞുമുള്ള പങ്കാളിത്തത്തെപ്പറ്റിയുള്ള നാണംകെട്ട റിപ്പോർട്ടുകൾ ഇന്നാട്ടിലെ ജനങ്ങൾക്കു പുതിയ അറിവൊന്നുമല്ല. മാത്രമല്ല, ഇവിടെ നടക്കുന്ന അഴിമതിക്കേസുകളുടെയും ഗുണ്ടാക്രമണങ്ങളുടെയും തീവ്രവാദക്കേസുകളുടെയും മറ്റും പിന്നാമ്പുറങ്ങളിൽ രാഷ്ട്രീയലോബികളുടെ രഹസ്യ അജണ്ടയുണ്ടെന്നുള്ളതു പകൽപോലെ വ്യക്തമാണ്. പണവും അധികാരവും ഭരണം കൈയാളുന്നിടത്ത് ഏതു കേസും തീർപ്പാക്കാതെ വലിച്ചുനീട്ടിക്കൊണ്ടുപോകാനും തെളിവുകൾ നശിപ്പിക്കാനും കൃത്രിമത്തെളിവുകൾ ചമയ്ക്കാനും അധികം വിയർപ്പൊഴുക്കേണ്ടതില്ല. മാത്രമല്ല, വാദിഭാഗത്തും പ്രതിഭാഗത്തും ന്യായീകരണത്തൊഴിലാളികളുടെ അന്യായവിചാരണകൾ അരങ്ങുതകർക്കുന്നിടത്ത് സത്യവും നീതിയുമൊക്കെ തമസ്കരിക്കപ്പെട്ടുപോകും.

ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നതു ജനങ്ങൾതന്നെയായിരിക്കേ, ക്രിമിനൽ പശ്ചാത്തലമുള്ളവരെ അധികാരക്കസേരകളിലെത്തിക്കുന്നതിൽ ജനം മറുപടി പറയണം. പൗരന്റെ വോട്ടധികാരം സ്വാതന്ത്ര്യത്തോടും ഇച്ഛാശക്തിയോടുംകൂടി നിർവഹിക്കുന്നില്ല എന്നതിന്റെ ഉത്തമോദാഹരണമാണല്ലോ, ക്രിമിനൽ പശ്ചാത്തലമുള്ളവർക്കു തുടർച്ചയായി വാഴ്‌വു കൊടുക്കുന്നത്. ഈ ചിന്താഗതിക്കാണു മാറ്റമുണ്ടാവേണ്ടത്. നാടു നന്നാകണമെങ്കിൽ പ്രഥമതഃ ജനം നന്നാകണം. അഴിമതിയും അധികാരദുർവിനിയോഗവും സ്വജനപക്ഷപാതവും നാട്ടിൽനിന്നു തുടർച്ചുമാറ്റണമെന്ന് അവർ ആഗ്രഹിക്കുകയും ധാർമികതയ്ക്കു വില കല്പിക്കുന്ന പ്രബുദ്ധരും സത്യസന്ധരുമായ ജനപ്രതിനിധികളെ വോട്ടു ചെയ്തു വിജയിപ്പിക്കുകയും ചെയ്യണം. ഇതിനു തയ്യാറാകാതെ, ഏതെങ്കിലും പാർട്ടിയുടെയോ സ്ഥാനാർത്ഥിയുടെയോ അടിമയായിപ്പോയാൽ, പൗരന്റെ അസ്തിത്വവും വ്യക്തിത്വവും അവകാശവും അധികാരവും തകരുമെന്നതിൽ സംശയമില്ല. അപ്പോൾ, പൊളിച്ചെഴുത്തു വേണ്ടത് പൗരബോധത്തിലും അവന്റെ ധാർമികനിലപാടുകളിലുമാണ്.

തിരഞ്ഞെടുക്കപ്പെട്ടവരെയും തിരഞ്ഞെടുത്തവരെയും മാത്രം പഴിക്കുന്നതിനുമപ്പുറത്ത് ഉദ്യോഗസ്ഥലോബികളുടെ സ്വാധീനവും പല കേസുകളിലും നിർണായകമാണ്. ഇവരുടെ തിരക്കഥകളും പൊറാട്ടുനാടകങ്ങളും കേസുകൾക്കു പുതിയ വഴിത്തിരിവുണ്ടാക്കുന്നതും അതിനു മാധ്യമങ്ങൾ കുട പിടിക്കുന്നതും കേസുകൾ അനാവശ്യവിവാദങ്ങളിലേക്കു വലിച്ചിഴക്കപ്പെടുന്നതിനു കാരണമാകുന്നു. ഏതായാലും, ജനപ്രതിനിധികൾക്കെതിരേയുള്ള ക്രിമിനൽകേസുകൾ പെരുകുന്നതിൽ ഭരണാധികാരികൾക്കും ഭരണീയർക്കും അവർക്കിടയിലുള്ള ഉദ്യോഗസ്ഥമാഫിയയ്ക്കും ഒരുപോലെ പങ്കുണ്ടെന്നതു വ്യക്തം.


**അറിയിപ്പ്**

ദീപനാളത്തിൽ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്ന പരസ്യങ്ങളുടെ (ജൂബിലിമംഗളങ്ങൾ, ഉപകാരസ്മരണ, ചരമം, ക്ലാസിഫൈഡ് പരസ്യങ്ങൾ, മറ്റു പരസ്യങ്ങൾ) കൃത്യതയ്ക്കായി താഴെക്കാണുന്ന വാട്സാപ്പ് നമ്പറിൽ ബന്ധപ്പെടുക.

**7306874714**





*1-ാം പേജ് തുടർച്ച*

ഡിജിറ്റൽ സ്ക്രീനുകൾക്കു മുമ്പിൽ കൗമാരം തളച്ചിടപ്പെട്ട കാലംകൂടിയായി ലോക്ഡൗൺ. സ്മാർട്ട്ഫോൺ പല കുട്ടികൾക്കും ശരീരത്തിന്റെ ഭാഗം പോലെയായി മാറിക്കഴിഞ്ഞു എന്നാണ്, ഈ മേഖലയിൽ കൗൺസലിങ് സേവനം ലഭ്യമാക്കുന്നവർ പറയുന്നത്. കൈയിൽ ഫോണില്ലാതെ പറ്റാത്ത സ്ഥിതി!

**ഗെയിം വെറും ഗെയിമല്ല!**

2017 ൽ സൗത്ത് കൊറിയയിലെ ബ്ലൂ ഹോൾ കമ്പനി വികസിപ്പിച്ചെടുത്തതാണ് പ്ലെയേഴ്സ് അൺനോൺ ബാറ്റിൽ ഗ്രൗണ്ട്സ് എന്ന പബ്ജി ഗെയിം. ഇന്ത്യയിൽ നിരോധിക്കപ്പെട്ട ഗെയിമാണിതെങ്കിലും പുതിയ രൂപത്തിലും ഭാവത്തിലും ഇതു നമ്മുടെ കൗമാര, യൗവനങ്ങൾ കളിച്ചുകൊണ്ടേയിരിക്കുന്നു.

പബ്ജി പോലുള്ളത് മൾട്ടിപ്ലയർ ഓൺലൈൻ ഷൂട്ടർ ഗെയിമുകളാണ്. കൗമാരക്കാരിൽ ആരാണിതു കളിക്കാത്തത് എന്ന അന്വേഷണമാകും എളുപ്പം. പബ്ജി ഗെയിമിന്റെ ഉറവിടമായ കൊറിയ ഇപ്പോൾ അതു കളിക്കുന്നവരുടെ എണ്ണത്തിൽ ഏഴാം സ്ഥാനത്താണ്. ഒരു ഘട്ടത്തിൽ ഇന്ത്യ ഒന്നാം സ്ഥാനത്തായിരുന്നു എന്നുകൂടി അറിയുക...

ഡിജിറ്റൽ സ്ക്രീനുകൾക്കു മുമ്പിലെ ഗെയിമുകളോടുള്ള ആസക്തിയെ ഗെയിമിങ് ഡിസോർഡർ എന്നാണു ലോകാരോഗ്യസംഘടന വിവക്ഷിക്കുന്നത്. ഇതു ഗുരുതരമായ ഒരു ആരോഗ്യപ്രശ്നമാണെന്നും ഡബ്ല്യുഎച്ച്ഒ 2018 ൽ പ്രഖ്യാപിച്ചു. സ്ക്രീനുകളിൽ (മൊബൈൽ ഫോൺ, ടെലിവിഷൻ, സിനിമ) ഹിംസാത്മകമായ ദൃശ്യങ്ങൾ കാണുന്ന കുട്ടികളുടെ സ്വഭാവത്തിൽ ആക്രമണോത്സുകത പ്രകടമാണെന്ന് അമേരിക്കൻ പീഡിയാട്രിക് അസോസിയേഷന്റെ പഠനത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

**ഒപ്പമുണ്ടാകാം**

മാതാപിതാക്കളും സഹോദരങ്ങളും കൂട്ടുകാരും അധ്യാപകരുമടങ്ങുന്ന ഒരു ലോകമാണ് ഒന്നിനു പകരം മറ്റൊന്ന് എന്ന തരത്തിൽ ആശ്വാസം പകരുന്നത്. കൊവിഡ് പ്രതിസന്ധിയിൽ ഈ പകരങ്ങളിൽ അനിശ്ചിതത്വമുണ്ടായി.

ഓൺലൈൻ ക്ലാസുകൾക്കും പഠനത്തിനുമായി ഇന്റർനെറ്റ് വ്യാപകമായി ഉപയോഗിക്കുമ്പോൾ, കരുതൽ വേണമെന്നു ദേശീയ സൈബർ സുരക്ഷാ ഏജൻസി (സിഇആർടി) മുന്നറിയിപ്പു നൽകിയിട്ടുണ്ട്. അധികമായ ഇന്റർനെറ്റ് ഉപയോഗത്തിലൂടെ കുട്ടികൾ സൈബർ ലോകത്തെ തെറ്റായ ഉള്ളടക്കത്തിലേക്കെത്താനും സൈബർ ക്രിമിനലുകളുടെ അടുത്തെത്താനും സൈബർ ബുള്ളിയിങ്ങിനു വിധേയരാവാനും സാധ്യതയുണ്ടെന്നും സിഇആർടി നിർദേശങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. രക്ഷിതാക്കളുടെ സജീവശ്രദ്ധ കുട്ടികളുടെ ഇന്റർനെറ്റ് ഉപയോഗത്തിൽ ഉണ്ടാകണമെന്നും നിർദേശങ്ങളിലുണ്ട്.

**മാധ്യമസാക്ഷരത, ജാഗ്രത**


കത്തോലിക്കാസഭയുടെ യുവജന മതബോധന ഗ്രന്ഥമായ 'യുക്യാറ്റ്' ൽ ഓർമിപ്പിക്കുന്നത് ഇങ്ങനെ: 'തങ്ങൾ മാധ്യമങ്ങളിൽ കാണുന്നതെല്ലാം യാഥാർത്ഥ്യമാണെന്ന് അനേകർ, പ്രത്യേകിച്ചു കുട്ടികൾ, വിചാരിക്കുന്നു. വിനോദത്തിന്റെ പേരിൽ അക്രമം മഹത്ത്വീകരിച്ചു കാണിച്ചാൽ, സമൂഹവിരുദ്ധമായ പെരുമാറ്റം അംഗീകരിച്ചാൽ, ഉത്തരവാദിത്വമുള്ള മീഡിയ പ്രവർത്തകരെ സംബന്ധിച്ച് അതു പാപമാണ്. അതിനു വിരാമമിടാൻ കടപ്പെട്ട പരിശോധകരായ മേലധികാരികളെ സംബന്ധിച്ചും അതു പാപമാണ്. (ഖണ്ഡിക 460).

മാധ്യമലോകത്തെ സത്യങ്ങളും അർധസത്യങ്ങളും അസത്യങ്ങളും നിക്ഷിപ്ത അജണ്ടകളുമെല്ലാം നിറഞ്ഞ വിവര, വിനോദങ്ങളുടെ മലവെള്ളപ്പാച്ചിലിനെ പൂർണതോതിൽ തടഞ്ഞു നിർത്തുക എളുപ്പമല്ല. സെൻസറിങ്ങുകൾക്കും നിയമങ്ങൾക്കും മേലെ ആവിഷ്കാരസ്വാതന്ത്ര്യം പ്രതിഷ്ഠിക്കപ്പെടുന്ന കാലത്ത്, മാധ്യമങ്ങളുടെ ഉപയോഗത്തിലും പങ്കുവയ്ക്കലിലും വിവേചനം പാലിക്കുക എന്നതു തന്നെയാണു ഫലപ്രദം.

മാധ്യമങ്ങൾ പ്രശ്നമല്ല, സാധ്യതയാണെന്ന തിരിച്ചറിവും മാധ്യമസാക്ഷരതയുടെ ഭാഗമാണ്. സാധ്യതകളെ എത്രമേൽ ക്രിയാത്മകമായി നാം ഉപയോഗപ്പെടുത്തുന്നു എന്നതാണു പ്രധാനം.

മാധ്യമലോകത്തെ വ്യാജനിർമിതികളെയും അപനിർമിതികളെയും തിരിച്ചറിയാനുള്ള പരിശീലനം കുട്ടികൾക്കും മുതിർന്നവർക്കും ലഭ്യമാക്കണം. വിദ്യാഭ്യാസപ്രക്രിയയുടെ കരിക്കുലത്തിൽ മാധ്യമസാക്ഷരതയുടെ വശങ്ങൾ ഉൾപ്പെടുത്തി ശാസ്ത്രീയമായി പഠിക്കുന്നതിനും പരിശീലിക്കുന്നതിനും അവസരമുണ്ടാകണം.

ക്രിസ്തീയമൂല്യങ്ങളുടെ വിനിമയത്തിലും ബോധനത്തിലും അടിസ്ഥാനപരിശീലനക്കളരികളാവേണ്ടതു കുടുംബങ്ങളാണ്. മാധ്യമങ്ങളുടെ ഉപയോഗം കഴിയുന്നത്ര ഒരുമിച്ചിരുന്നാകാനും അതേക്കുറിച്ചു ക്രിയാത്മകമായ തുറന്ന സംഭാഷണങ്ങൾ നടത്താനും കുടുംബങ്ങൾ വേദിയാകട്ടെ. ■




# മുല്ലപ്പെരിയാറിന്റെ ചരിത്രവഴികൾ

## നിയമപോരാട്ടത്തിൽ നിശ്ചയദാർഢ്യത്തോടെ അഡ്വ. റസൽ ജോയി

**126 വർഷംമുമ്പ് നിർമിക്കപ്പെട്ടതും പഴക്കംമൂലം ബലക്ഷയം സംഭവിച്ചതുമായ മുല്ലപ്പെരിയാർ അണക്കെട്ട് എത്രയും വേഗം ഡീകമ്മീഷൻ ചെയ്യണമെന്ന ആവശ്യം ഉന്നയിച്ച് ആലുവ സ്വദേശിയായ അഡ്വ. റസൽ ജോയി സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. അദ്ദേഹം അടുത്തകാലത്ത് രൂപംകൊടുത്ത 'സേവ് കേരള ബ്രിഗേഡ്' എന്ന സാമൂഹികസംഘടനയുടെ പേരിൽ സമർപ്പിച്ച ഹർജിയിൽ അന്തിമവാദം കേൾക്കാൻ ഈ മാസം ആദ്യവാരം സുപ്രീംകോടതി ഡിവിഷൻ ബഞ്ചാണു തീരുമാനിച്ചത്.**

**ഏതാനും വർഷങ്ങളായി അഡ്വ. റസ്സൽ ജോയി നടത്തുന്ന നിയമപോരാട്ടങ്ങളിലെ ഏറ്റവും ഒടുവിലത്തെ ഹർജിയാണിത്. ആരുടെയും പിൻബലമില്ലാതെ നിസ്വാർത്ഥമായി അദ്ദേഹം നടത്തുന്ന നിയമയുദ്ധത്തിന് അഭിവാദ്യം അർപ്പിച്ചുകൊണ്ട് തോമസ് കുഴിഞ്ഞാലിൽ നടത്തിയ അഭിമുഖത്തിൽനിന്ന്:**



**തോമസ് കുഴിഞ്ഞാലിൽ**

*മുല്ലപ്പെരിയാർ അണക്കെട്ട് ഡീകമ്മീഷൻ ചെയ്യണമെന്നാവശ്യപ്പെട്ട് 'സേവ് കേരള ബ്രിഗേഡ്' സുപ്രീംകോടതിയിൽ സമർപ്പിച്ച ഹർജിയിൽ അന്തിമവാദം പൂർത്തിയാകുമ്പോൾ നമ്മുടെ സംസ്ഥാനത്തിന് അനുകൂലമായ ഒരു വിധി ഉണ്ടാകുമെന്ന് താങ്കൾ പ്രതീക്ഷിക്കുന്നുണ്ടോ?*

സുപ്രീംകോടതിയിൽ ഞങ്ങൾ നൽകിയിട്ടുള്ള ഹർജി ഡിവിഷൻ ബെഞ്ച് ഫയലിൽ സ്വീകരിച്ചതുതന്നെ ശുഭസൂചനയാണ്. ഞങ്ങളുടെ അപേക്ഷ, കാലപ്പഴക്കംമൂലം അപകടാവസ്ഥയിലായ അണക്കെട്ട് ഡീകമ്മീഷൻ ചെയ്യണമെന്നാണ്. ഇതിനുമുമ്പ് 2017 ൽ ഞാൻ സമർപ്പിച്ചിരുന്ന ഹർജിയിൽ വാദംകേട്ട പരമോന്നത കോടതിയുടെ ഒരു ചോദ്യം ഇന്നും പ്രസക്തമാണ്: "Why not a new dam?" കോടതിയിൽ ഫയൽ ചെയ്യുന്ന ഒരു കേസ് എങ്ങനെ തോൽക്കാം എന്നതിന്റെ ഉത്തമോദാഹരണമാണ് മുല്ലപ്പെരിയാർ തർക്കം. അടുത്ത 100 വർഷത്തേക്കുകൂടി ഡാം സുരക്ഷിതമായിരിക്കുമെന്ന ഉന്നതാധികാരസമിതിയുടെ തീർപ്പാണ് സുപ്രീംകോടതിയുടെ മുമ്പിലിരിക്കുന്നതെന്നോർക്കണം. ഡാം എഞ്ചിനീയറിങ് പഠിപ്പിക്കുന്ന ഒരു യൂണിവേഴ്സിറ്റിയും നമ്മുടെ രാജ്യത്തുള്ളതായി എനിക്കറിയില്ല. ഏതെങ്കിലും അന്താരാഷ്ട്രവിദഗ്ധർ അണക്കെട്ടു പരിശോധിച്ചതായും പറഞ്ഞു കേട്ടിട്ടില്ല.

വ്യവഹാരം നടക്കുന്ന വേളയിൽ ഏതെങ്കിലും കാരണവശാൽ അണക്കെട്ട് തകരുന്നപക്ഷം ജീവനും സ്വത്തും നഷ്ടപ്പെടുന്ന കേരളത്തിലെ ജനങ്ങളുടെ ജീവിച്ചിരിക്കുന്ന അനന്തരാവകാശികൾക്കു നഷ്ടപരിഹാരം കൊടുക്കണമെന്നും ഉപഭോക്തൃസംസ്ഥാനമായ തമിഴ്നാടിന് ഈ ബാധ്യതയുണ്ടെന്നും ഞാൻ വാദിച്ചു. ധാർഷ്ട്യം വെടിഞ്ഞ് ഒരു ഒത്തുതീർപ്പിന് തമിഴ്നാട് മുമ്പോട്ടു വരുമെന്നു കരുതിയാണ് ഈ ആവശ്യം ഞാൻ ഉന്നയിച്ചത്. എന്നാൽ, നിർഭാഗ്യമെന്നു പറയട്ടെ, എന്നെ പിന്തുണയ്ക്കുന്ന ഒരു സത്യവാങ്മൂലം ഫയൽ ചെയ്യാൻ കേരളസർക്കാർ തയ്യാറായില്ല. എന്റെ ആത്മാർത്ഥത തിരിച്ചറിഞ്ഞ ബഹുമാനപ്പെട്ട സുപ്രീംകോടതി കേന്ദ്രസർക്കാരിനോടും തമിഴ്നാടിനോടും കേരളത്തോടുമായി ഒരു ചോദ്യം ഉന്നയിച്ചു: 125 വർഷം പഴക്കമുള്ള ഒരണക്കെട്ടിന്റെ അടിയിൽ നിങ്ങൾ ഉറങ്ങിക്കിടക്കുകയാണോ? നിങ്ങൾ അവസരത്തിനൊത്ത് ഉയരാത്തതെന്തുകൊണ്ട്? അന്താരാഷ്ട്രവിദഗ്ധർ അണക്കെട്ടു പരിശോധിക്കുന്നതിൽ നിങ്ങൾക്കെതിർപ്പുണ്ടോയെന്നും കോടതി ആരാഞ്ഞു. മൂന്നു കക്ഷികളുംവെവ്വേറെ ദുരന്തനിവാരണസേനകളെ നിയമിക്കണമെന്ന വിധിയുണ്ടായത് ഈ കേസിലാണ്. നമ്മുടെ വാദഗതികളെ പിന്തുണയ്ക്കുന്ന ഒരു സത്യവാങ്മൂലം സമർപ്പിക്കാൻ ഈ അവസരം പ്രയോജനപ്പെടുത്തിയിരുന്നെങ്കിൽ 2018 ൽത്തന്നെ മുല്ലപ്പെരിയാർ വിഷയത്തിൽ ഒരു ശാശ്വതപരിഹാരം ഉണ്ടാകുമായിരുന്നുവെന്ന് എനിക്കുറപ്പുണ്ട്.

*? ബ്രിട്ടീഷ് ഇന്ത്യയുമായി ഇവിടത്തെ നാട്ടുരാജ്യങ്ങൾ ഉണ്ടാക്കിയിട്ടുള്ള എല്ലാ കരാറുകളും സ്വാതന്ത്ര്യലബ്ധിയോടെ റദ്ദു ചെയ്യപ്പെട്ടിരുന്നു. എന്നാൽ, 29-10-1886 ലെ പെരിയാർ ലീഡ് എഗ്രിമെന്റുമാത്രം ഇപ്പോഴും പ്രാബല്യത്തിലുണ്ടെന്നു പറയുന്നു. ഈ കരാർ ഇപ്പോഴും നിലനില്ക്കുന്നുണ്ടോ?*

ഇന്ത്യൻ ഇൻഡിപെൻഡൻസ് ആക്ട് പ്രകാരം ഇന്ത്യ സ്വതന്ത്രമായപ്പോൾ ബ്രിട്ടീഷ് ഇന്ത്യയുമായി ഏർപ്പെട്ട എല്ലാ കരാറുകളും സ്വാഭാവികമായും റദ്ദായി. അക്കാലത്ത് തിരുവിതാംകൂർ രാജാവായിരുന്ന ശ്രീചിത്തിരതിരുനാൾ ബാലരാമവർമ ഒരു പ്രത്യേക രാജശാസനത്തിലൂടെ പെരിയാർ ലീഡ് എഗ്രിമെന്റ് റദ്ദാക്കുകയും ആ വിവരം തിരുവിതാംകൂർ മുഴുവൻ പെരുമ്പറ കൊട്ടി ജനങ്ങളെ അറിയിക്കുകയും ചെയ്തത് ചരിത്രസംഭവമാണ്. തന്റെ നാട്ടുരാജ്യത്തിനു ഗുണകരമല്ലാത്ത കരാറിന്റെ നിയമവിരുദ്ധതയും ദോഷവശങ്ങളും തിരിച്ചറിഞ്ഞ ദിവാൻ സർ സിപി രാമസ്വാമി അയ്യർ വൈസ്രോയിയായിരുന്ന മൗണ്ട് ബാറ്റൺ പ്രഭുവിനെ തന്റെ വിയോജിപ്പ് അറിയിക്കുകയും ചെയ്തു. കാർഷികാവശ്യത്തിനും കുടിവെള്ളത്തിനും മാത്രമായി രൂപം കൊടുത്ത കരാറിനു വിരുദ്ധമായി വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള മദ്രാസ് പ്രസിഡൻസിയുടെ നീക്കങ്ങൾക്കു തടയിട്ടത് സർ സി.പിയാണ്. കരാറിലെ വ്യവസ്ഥയ്ക്കനുസരിച്ച് ഇരുകക്ഷികളും തമ്മിലുള്ള തർക്കം പരിഹരിക്കുന്നതിനു മധ്യസ്ഥതയ്ക്കു വിടുകയായിരുന്നു. എന്നാൽ, ആർബിട്രേറ്റർമാരായ ഡി. ദേവദാസിനും വി.എസ്. അയ്യർക്കും യോജിപ്പിലെത്താനാകാതെ വന്നതോടെയാണ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു അമ്പയറെ നിയോഗിച്ചത്. ബംഗാൾ ഹൈക്കോടതി ജഡ്ജിയായിരുന്ന സർ എൻ.എൻ. ചാറ്റർജിയായിരുന്നു അമ്പയർ. തിരുവിതാംകൂറിനുവേണ്ടി സർ സി.പി.യും മദ്രാസ് പ്രസിഡൻസിക്കുവേണ്ടി സർ അല്ലാടി കൃഷ്ണസ്വാമി അയ്യരുമാണ് അമ്പയറുടെ മുമ്പിൽ ഹാജരായത്. ഒരു മദ്രാസുകാരനായിരുന്നിട്ടും ശക്തമായ നിയമപോരാട്ടമാണ് സർ സി.പി. നടത്തിയത്. 'മുല്ലയാറിനെയും പെരിയാറിനെയും അണകെട്ടി തടഞ്ഞുനിറുത്തി മദ്രാസ് പ്രസിഡൻസിയിലേക്കു തിരിച്ചുവിട്ടത് വെള്ളം ജലസേചനാവശ്യത്തിനു മാത്രം ഉപയോഗിക്കുന്നതിനായിരിക്കണം' എന്നായിരുന്നു അമ്പയറുടെ വിധി. 12-05-1941 ൽ സർ സി.പി. വഴി ലഭിച്ച ഈ വിധിയാണ് തിരുവിതാംകൂറിന് അനുകൂലമായ ആദ്യത്തെ വിധി. ഇവിടെനിന്നു തിരിച്ചുവിട്ട വെള്ളം ഉപയോഗിച്ച് മദ്രാസ് പ്രസിഡൻസി പ്രതിവർഷം 25 ലക്ഷം രൂപ ലാഭിക്കുന്നുണ്ടെന്നും തിരുവിതാംകൂറിനു പാട്ടത്തുകയായി ലഭിക്കുന്നത് 40000 രൂപ മാത്രമാണെന്നും 21-07-1947 ൽ വൈസ്രോയിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ അദ്ദേഹത്തെ അറിയിക്കാനും സർ സി.പിക്കു കഴിഞ്ഞു.

നിർഭാഗ്യകരമെന്നു പറയട്ടെ, 29-05-1970 ൽ രൂപം കൊടുത്ത ഒരു അനുബന്ധക്കരാറിലൂടെ വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള തമിഴ്നാടിന്റെ സമ്മർദത്തിനു കേരളം വഴങ്ങി. അക്കാലത്തെ യു.ഡി.എഫ്. സർക്കാരിന്റെ മുഖ്യമന്ത്രിയായിരുന്ന സി. അച്യുതമേനോൻ, നിയമസഭയുടെയോ മന്ത്രിസഭയുടെയോ അനുമതിയില്ലാതെയാണ് 1954 മുതൽ മുൻകാലപ്രാബല്യത്തോടെ 999 വർഷത്തേക്ക് ആദ്യകരാർ പുതുക്കി നല്കിയത്. ഒരു ജനാധിപത്യസർക്കാരും ചെയ്തുകൂടാത്ത ഈ മഹാ അപരാധത്തിലൂടെ അദ്ദേഹം സംസ്ഥാനത്തെ ഒറ്റിക്കൊടുക്കുകയായിരുന്നു. ആദ്യകരാറിലെ വ്യവസ്ഥകൾ ലംഘിച്ചാൽ പാട്ടഭൂമിയിൽ പ്രവേശിക്കാനും കരാർ റദ്ദാക്കാനുമുള്ള അവകാശങ്ങൾ അനുബന്ധ കരാറിലൂടെ നഷ്ടമായെന്നു മാത്രമല്ല, കേരളത്തിനു



മേലുള്ള അധീശത്വം ഉറപ്പിക്കാനും അനർഹമായ നേട്ടം കൊയ്യാനും തമിഴ്നാടിനു സാധിച്ചു.

*? 2018 ലെ പ്രളയകാലത്ത് പെരിയാർ തടാകത്തിലെ ജലനിരപ്പ് അനുവദനീയമായ 142 അടിയും പിന്നിട്ട് കുതിച്ചുയർന്നപ്പോൾ താങ്കൾ ഇടപെടുകയും ജലനിരപ്പ് 139 അടിയായി കുറയ്ക്കാനുള്ള ഉത്തരവ് സമ്പാദിക്കുകയും ചെയ്തിരുന്നു. ഈ വിഷയത്തിൽ ഇടപെട്ടതും വിജയിക്കാൻ കഴിഞ്ഞതും എങ്ങനെയെന്നു വിവരിക്കാമോ?*

2018 ഓഗസ്റ്റുമാസത്തിലെ പ്രളയത്തിൽ സംസ്ഥാനത്തെ 79 അണക്കെട്ടുകളും കവിഞ്ഞൊഴുകുന്ന സ്ഥിതിയിലായിരുന്നു. അണക്കെട്ടുകൾ തകർന്നേക്കാമെന്നു ഭയന്ന് പലയിടങ്ങളിലും തുറന്നുവിടുകയും ചെയ്തു. പെരിയാർ തടാകത്തിലെ ജലനിരപ്പ് അനുവദനീയമായ അളവിലും കൂടിയിട്ടും തുറന്നുവിടാതെ പരമാവധി സംഭരണശേഷിയായ 152 അടിയിലേക്കുയർത്താനുള്ള നടപടികളിലേക്കാണു തമിഴ്നാട് സർക്കാർ നീങ്ങിയത്. വെള്ളം തുറന്നുവിട്ട് ജനങ്ങളുടെ ഭയാശങ്കകൾ അകറ്റണമെന്ന നമ്മുടെ മുഖ്യമന്ത്രിയുടെ അഭ്യർത്ഥനയും തമിഴ്നാട് അവഗണിച്ചപ്പോഴാണ് നിയമപരമായി അവരെ നേരിടാൻ ഞാൻ തയ്യാറായത്. ജലനിരപ്പ് 142 അടിയിൽനിന്നു മൂന്നടി കുറച്ച് 139 അടിയായി നിജപ്പെടുത്തണമെന്ന് എന്റെ അപേക്ഷ പരമോന്നത കോടതി ദയാപൂർവം പരിഗണിച്ച് ഉത്തരവിടുകയായിരുന്നു. ഇത് തമിഴ്നാടിനേറ്റ രണ്ടാമത്തെ പ്രഹരമായിരുന്നു. സംസ്ഥാനമുഖ്യമന്ത്രി പരാജയമടഞ്ഞിടത്താണ് ഒരു സാധാരണപൗരൻ നിയമനടപടിയിലൂടെ വിജയം കണ്ടത്.


*ശേഷം 10-ാം പേജിൽ*




**ഫെബ്രുവരി 20**
**ദനഹാക്കാലം**
**എട്ടാം ഞായർ**

ഉത്പ 49: 22–26
ജറെ 23: 1–4
1 പത്രോ 5: 1–11
മത്താ 9: 35–10:4

# വിനയത്തിന്റെ ഇടയദൗത്യം





ഡോ. ജോസഫ് കരികുളം

**‘ഇ**ടയനും ആടുകളും’ എന്നത് സുവിശേഷത്തിലെ ഏറ്റവും സുന്ദരവും ആഴമുള്ളതുമായ പ്രതീകങ്ങളിലൊന്നാണ്. ക്രൈസ്തവവിശ്വാസത്തിൽ ഈശോമിശിഹായെ നല്ല ഇടയനായും വിശ്വാസികളെ ഇടയനെ പിൻഗമിക്കുന്ന ആടുകളായും ദർശിക്കുന്നു. നല്ലിടയനായ ഈശോ തന്റെ ജനത്തിന് ഇടയന്മാരായി ശിഷ്യന്മാരെ നല്കുന്നതാണ് ഇന്നത്തെ സുവിശേഷഭാഗം. മറ്റെല്ലാ വായനകളും ഇടയന്റെ ദൗത്യത്തെക്കുറിച്ചു സുവിശേഷത്തോടു ചേർന്നു ധ്യാനിക്കുന്നു.

ജോസഫിന്റെ ഭാവിയെക്കുറിച്ചും അവനു ദൈവവുമായുള്ള ബന്ധത്തെക്കുറിച്ചും അവന്റെ പിതാവായ യാക്കോബ് നടത്തുന്ന പ്രവചനമാണ് ഒന്നാം വായന (ഉത്പ. 49:22–26). ജോസഫിനെക്കുറിച്ചുള്ള ആദ്യനിരീക്ഷണംതന്നെ അതിശക്തമാണ്: “നീരുറവയ്ക്കരികെ നിൽക്കുന്ന ഫലസമൃദ്ധമായ വൃക്ഷമാണ് ജോസഫ്” (49:22). ദൈവത്തിൽനിന്നു ജീവൻ ശേഖരിച്ചു സ്വജീവിതത്തെ ജോസഫ് ഫലസമൃദ്ധമാക്കുന്നു എന്നു സാരം. മനുഷ്യജീവിതത്തിൽ വളരെ പ്രധാനപ്പെട്ട, പരസ്പരം ബന്ധമുള്ള രണ്ടു കാര്യങ്ങളാണിവ. ദൈവത്തിൽനിന്നു പോഷണം ശേഖരിക്കുകയും അതിനെ സ്വജീവിതത്തിൽ ഫലസമൃദ്ധമായി ഉപയോഗിക്കുകയും ചെയ്യുക. രണ്ടു സാധ്യതകളും മനുഷ്യജീവിതത്തെ മനോഹരവും ബഹുമാനയോഗ്യവുമാക്കി മാറ്റും എന്നതിൽ തർക്കമില്ല. ഒരു വ്യക്തിയുടെ ഈ ലോകജീവിതത്തെ ചിരകാല ഓർമയുടെ മുദ്രയാക്കുന്നതിനുള്ള പോഷണം നല്കുന്നത് സ്രഷ്ടാവായ ദൈവമാണ്. ആ പോഷണത്തെ യഥാവിധി സ്വീകരിച്ച് ലോകത്തിന്റെ വിവിധ സാഹചര്യങ്ങളിൽ ബുദ്ധിപൂർവം ഉപയോഗിക്കുന്ന വ്യക്തിയുടെ ജീവിതം ജോസഫിന്റേതുപോലെ ഫലസമൃദ്ധവും സർവകാല അനുസ്മരണത്തിനു യോഗ്യവുമാകും.

യാക്കോബ് തന്റെ മക്കളെ വിളിച്ചുവരുത്തി ‘ഓരോരുത്തർക്കും ചേർന്ന വിധത്തിലാണ് അവരെ അനുഗ്രഹിച്ചത്’ (49,28). ജോസഫിനെ അനുഗ്രഹിക്കുമ്പോൾ യാക്കോബ്, തന്റെ ദൈവത്തെ ചേർത്തുപറയുന്നതായി നാം കാണുന്നു: “യാക്കോബിന്റെ ശക്തനായ ദൈവം – ഇസ്രായേലിന്റെ പാറയായ ഇടയൻ – തന്റെ കൈകൾകൊണ്ട് അവന്റെ കൈകളെ ശക്തിപ്പെടുത്തി” (49:24). മറ്റുള്ള എല്ലാ മക്കൾക്കും അവരുടെ കഴിവുകളെക്കുറിച്ചും കുറവുകളെക്കുറിച്ചും പറഞ്ഞ് അനുഗ്രഹം നല്കുമ്പോൾ ജോസഫിനെ മാത്രം ശക്തനായ ദൈവത്തിന്റെ കൈകൾകൊണ്ട് ശക്തിപ്പെടുത്തിയവൻ എന്നു പറഞ്ഞ് അനുഗ്രഹം നല്കുന്നു.

> **ശ്രേഷ്ഠന്മാരും ജനങ്ങളുമടങ്ങുന്ന സഭാകൂട്ടായ്മ വിശ്വാസത്തിൽ തുല്യരാണെന്ന വിനയം രണ്ടു കൂട്ടർക്കും ഉണ്ടാകണം. പരസ്പരവിനയത്തിന്റെ ഈ രീതി മാത്രമേ സഭയെ യഥാർത്ഥ ഇടയനോടു ചേർത്തുനിർത്തുകയുള്ളൂ.**

‘യാക്കോബിന്റെ ശക്തനായ ദൈവം’ എന്നു യാക്കോബ് തന്നെ എടുത്തുപറയണമെങ്കിൽ തന്റെ ദൈവത്തിന്റെ ശക്തിയെക്കുറിച്ച് എത്രയധികം ബോധ്യം യാക്കോബിനുണ്ടായിരിക്കണം! ‘ഇസ്രായേലിന്റെ പാറയായ ഇടയൻ’ എന്ന വിശേഷണംകൂടി യാക്കോബ് ദൈവത്തിനു നല്കുന്നു. ദൈവം ഇസ്രായേലിന്റെ ഇടയനാകുന്നു എന്നത് യാക്കോബിന്റെ ഇടയസങ്കല്പത്തിൽനിന്ന് ഉരുത്തിരിഞ്ഞതാകണം. യാക്കോബിന്റെ മറ്റൊരു പേരാണല്ലോ ഇസ്രായേൽ. യാക്കോബിന്റെ ജീവിതത്തിൽ ഉടനീളം അവനനുഭവിച്ച ദൈവത്തിന്റെ ഇടയനടുത്ത കരുതലും പരിപാലനയും ഇത്തരമൊരു നിരീക്ഷണം നടത്തുന്നതിന് യാക്കോബിനു പ്രേരണ നല്കിയിരിക്കാം.

ഇസ്രായേലിന്റെ പാറയായ ഇടയൻ ശക്തനാണെങ്കിലും ഇടയന്റെ ദൗത്യം ചെയ്യാത്ത ചില ഇടയന്മാരെക്കുറിച്ചാണ് ജറെമിയാപ്രവാചകനിലൂടെ ദൈവം സംസാരിക്കുന്നത് (ജെറ. 23:1–4 രണ്ടാം വായന). ദൈവത്തിന്റെ കാഴ്ചപ്പാടിൽ ഇടയന്മാർ അവിടത്തെ ജനത്തിന്റെ സംരക്ഷകരായിരിക്കണം. പക്ഷേ, ചില ഇടയന്മാർ അങ്ങനെയായിരുന്നില്ല. അവർ കർത്താവിന്റെ ആട്ടിൻപറ്റത്തെ ചിതറിച്ചു. ആടുകളെ ചിതറിച്ച ഇടയന്മാരെ ദൈവം ശിക്ഷിക്കുകതന്നെ ചെയ്യും. എന്നാൽ, അതിനപ്പുറം ഈ ഇടയന്മാരാൽ ചിതറിക്കപ്പെട്ട ജനത്തെ, ദൈവം വീണ്ടും, ഒരുമിച്ചുകൂട്ടുകയും കർത്താവിന്റെ ആലയിലേക്കു തിരികെക്കൊണ്ടുവരികയും ചെയ്യും.

കർത്താവിന്റെ ആട്ടിൻപറ്റത്തെ ചിതറിക്കാൻ വ്യാജ ഇടയന്മാർ ഉപയോഗിച്ച രണ്ടു വഴികൾ ഇവയാണ്: “അവർ ബാലിന്റെ നാമത്തിൽ പ്രവചിച്ച് എന്റെ ജനമായ ഇസ്രായേലിനെ വഴിപിഴപ്പിച്ചു” (ജെറ. 23:13). “ആരും ദുഷ്ടതയുപേക്ഷിക്കാതിരിക്കത്തക്കവിധം അവർ ദുഷ്ടരെ പിന്താങ്ങുന്നു” (ജെറ. 23:14). ഇസ്രായേലിന്റെ ദൈവത്തിന്റെ ശക്തിയും കരുണയും പ്രസംഗിക്കാനും, അവനിലേക്കു ജനത്തെ നയിക്കാനും വിളിക്കപ്പെട്ട ഇടയന്മാർ അന്യദൈവത്തിലേക്കു ജനത്തെ നയിച്ചു. ദുഷ്ടതയാണു ശരി എന്നു തോന്നിപ്പിക്കുന്നവിധത്തിൽ ഇടയന്മാർ പ്രസംഗിക്കുകയും പ്രവർത്തിക്കുകയും ചെയ്തു.

ഏകദൈവവിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും കരുതലിൽനിന്നകന്നുപോയ ഇസ്രായേൽജനത്തെ ദൈവം തന്റെ പുത്രനിലൂടെ യഥാർത്ഥ ആലയിലേക്കു തിരികെക്കൊണ്ടുവരികയും, അവർക്കു പുതിയ ഇടയന്മാരെ നല്കുകയും ചെയ്യുന്നതാണു സുവിശേഷത്തിൽ നാം വായിക്കുന്നത് (മത്താ. 9:35–10:4). ഇടയനില്ലാത്ത ആടുകളെപ്പോലെ പരിഭ്രാന്തരും നിസ്സഹായരുമായ ജനക്കൂട്ടത്തെക്കുറിച്ചുള്ള പരാമർശം ജെറമിയാപ്രവാചകന്റെ വാക്കുകളോടു ചേർത്തുവയ്ക്കേണ്ടതാണ്. ദൈവം ഏല്പിച്ച ഇടയന്മാർ ഇസ്രായേലിനെ യഥാർത്ഥ രീതിയിൽ നയിക്കാതെ വന്നപ്പോൾ ജനത്തിനു വഴിതെറ്റുകയും അതിനാൽ അവർ പരിഭ്രാന്തരാകുകയും നിസ്സഹായരായി നില്ക്കുകയും ചെയ്യേണ്ടിവന്നു. ജനത്തെ ദൈവത്തോടു ചേർത്തുനിർത്തുന്നതിനുപകരം നിയമാനുഷ്ഠാനത്തിന്റെ നൂലാമാലകളിലേക്ക് അവരെ കുരുക്കി കരുണയുടെയും സ്നേഹത്തിന്റെയുമായ അനുഭവത്തിൽനിന്ന് ഈ വ്യാജ ഇടയന്മാർ അകറ്റി.

ഇസ്രായേലിന്റെ പാറയായ ഇടയൻ, പുതിയ ഇസ്രായേലിന്റെ പാറയായ ഈശോമിശിഹായിൽ പ്രവർത്തിക്കുന്നു. പുതിയ ഇസ്രായേലിൽ അതിന്റെ നാഥനായ ഈശോ നിയമിക്കുന്ന ഇടയന്മാരുടെ ദൗത്യം രണ്ടാണ്: അശുദ്ധാത്മാക്കളെ ബഹിഷ്കരിക്കുക; എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തുക. അതിനായി ഈശോ ശിഷ്യന്മാർക്ക് അധികാരം നല്കുന്നു.

ഈശോ നല്കിയ ഈ ദൗത്യം ഏറ്റെടുത്ത ശിഷ്യന്മാരിൽ ഒരാളായ പത്രോസ് തന്റെ ലേഖനത്തിലൂടെ ഇടയന്മാരുടെ ദൗത്യമെന്തെന്ന് ആവർത്തിക്കുന്നു (1 പത്രോ. 5:1–11). ജനത്തിന്റെ ഇടയന്മാർ എന്ന നിലയിൽ സഭയിലെ ശ്രേഷ്ഠന്മാർക്ക് പത്രോസ് ഉപദേശം നല്കുന്നു. സന്മനസ്സോടെ, തീക്ഷ്ണതയോടെ, സന്മാതൃക നല്കിക്കൊണ്ട് ദൈവത്തിന്റെ അജഗണത്തെ അവർ പരിപാലിക്കണം. നിർബന്ധംമൂലമോ, ലാഭേച്ഛയോടെയോ, ആധിപത്യം പുലർത്തിക്കൊണ്ടോ ഇടയനടുത്ത ദൗത്യം നിർവഹിക്കരുത് എന്ന് പത്രോസ് ശ്രേഷ്ഠന്മാരെ ഓർമിപ്പിക്കുന്നു. അങ്ങനെ ചെയ്താൽ ജെറമിയാപ്രവാചകന്റെ വാക്കുകളിൽ ഉള്ളതുപോലെ ജനം ദൈവത്തിൽനിന്ന് അകറ്റപ്പെട്ട് ചിതറിച്ചു കളയപ്പെടും എന്നു പത്രോസ് ശ്ലീഹായ്ക്കറിയാം. അജഗണത്തെ യഥാർത്ഥത്തിൽ പരിപാലിച്ചുനിർത്തുന്ന ഇടയന്മാർക്ക് ഇടയന്മാരുടെ തലവൻ (1 പത്രോ. 5:4), ഇസ്രായേലിന്റെ പാറയായ ഇടയൻ (ഉത്പ. 49:24) പ്രത്യക്ഷപ്പെടുമ്പോൾ മഹത്ത്വത്തിന്റെ ഒളിമങ്ങാത്ത കിരീടം ലഭിക്കും.

തന്റെ ലേഖനത്തിന്റെ രണ്ടാം ഭാഗത്ത് ഇടയന്മാരോടു വിധേയരായിരിക്കേണ്ട ജനത്തെക്കുറിച്ചും പത്രോസ് സംസാരിക്കുന്നുണ്ട് (1 പത്രോസ് 5:5). ഇവിടെ പത്രോസ് പ്രത്യേകം പറയുന്നത് പരസ്പരവിനയത്തിന്റെ അങ്കി അണിയുക എന്നതാണ്. ഇടന്മാരും ജനങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനം ഇസ്രായേലിന്റെ പാറയായ ഇടയന്റെ, ഇടയന്മാരുടെ തലവനായ ഈശോമിശിഹായുടെ സാന്നിധ്യമാണ്. തങ്ങൾ വലിയവരാണെന്ന് ഇടയന്മാരോ തങ്ങൾ ചെറിയവരാണെന്ന് ജനങ്ങളോ കരുതേണ്ട കാര്യമില്ല. എല്ലാവരെയും തുല്യരാക്കുന്ന കൃപയുടെ, കരുണയുടെ ഇടയൻ ഈശോമിശിഹാ മാത്രമാണ്. ശ്രേഷ്ഠന്മാരും ജനങ്ങളുമടങ്ങുന്ന സഭാകൂട്ടായ്മ വിശ്വാസത്തിൽ തുല്യരാണെന്ന വിനയം രണ്ടു കൂട്ടർക്കും ഉണ്ടാകണം. പരസ്പരവിനയത്തിന്റെ ഈ രീതി മാത്രമേ സഭയെ യഥാർത്ഥ ഇടയനോടു ചേർത്തുനിർത്തുകയുള്ളൂ.

ഇടയന്മാരുടെ ദൗത്യനിർവഹണത്തിൽ വരുന്ന കുറവുകൾ ജനത്തിന്റെ അവരോടുള്ള പൊരുത്തക്കേടിനു കാരണമാകുന്നുണ്ടോയെന്നു ചിന്തിക്കേണ്ട സമയമായിരിക്കുന്നു. പരസ്പരവിനയത്തിന്റെ അങ്കിയണിഞ്ഞുകൊണ്ട് യഥാർത്ഥ ഇടയനായ ഈശോമിശിഹായുടെ കരുണയോടു ചേർന്നുനില്ക്കാൻ സഭയിലെ ശ്രേഷ്ഠന്മാർക്കും വിശ്വാസികൾക്കും ഇടയാകട്ടെ.

■

# സ്നേഹത്തിന്റെ കുടക്കീഴിൽ

## വലിയ കുടുംബങ്ങളിൽ വസന്തം വിരിയുമ്പോൾ





ആഷ്‌ലി ടെസ് ജോൺ

'ഇത്രയും കുഞ്ഞുങ്ങളെന്തിനാ രാജേഷേ? നിനക്കൊന്നും വേറേ പണിയില്ലേ?' എന്നു കടയിൽ വന്ന് രോഷാകുലയായി ചോദിച്ച ചേച്ചിയോട് രാജേഷിനു പിണക്കമൊന്നുമില്ല, അന്നും ഇന്നും. ദൈവം നൽകിയ കുഞ്ഞുങ്ങളെ ഹൃദയത്തോടു ചേർത്താണു സ്വീകരിച്ചത്, വളർത്തുന്നതും.

പാലാ മുണ്ടാങ്കൽ പുളിക്കീൽ വീട്ടിലെ കുടുംബനാഥനാണ് രാജേഷ്. പാലായിലെ 'പുളിക്കീൽ ഫുട്‌വെയർ' എന്ന ചെരിപ്പുകടയുടെ ഉടമ. വിളിക്കുമ്പോൾ എറണാകുളത്ത്, പാലാക്കാരുടെ പാദങ്ങൾക്കു പലയളവിലുള്ള ചെരിപ്പുകൾ തിരഞ്ഞെടുക്കുകയായിരുന്നു രാജേഷും റ്റെജിയും. 'തിരക്കിലാണോ' എന്നു തിരക്കിയപ്പോൾ ചിരിച്ചുകൊണ്ടു റ്റെജി പറഞ്ഞു: ''എറണാകുളത്തായതുകൊണ്ടു തിരക്കില്ല, വീട്ടിലല്ലേ തിരക്ക്?'' അഞ്ച് ആൺകുട്ടികളുടെ ഈ അമ്മ ഒന്ന് 'ചിൽ' ചെയ്യുന്നത് ഇതുപോലുള്ള യാത്രകളിൽ രാജേഷിന്റെകൂടെ കൂടുമ്പോഴാണ്.

ഇരുപത്തിയൊന്നാം വയസ്സിൽ രാജേഷിന്റെകൂടെ നടന്നുതുടങ്ങിയതാണ് റ്റെജി. വിവാഹം സ്വർഗത്തിൽ നടക്കുന്നുവെന്നു പറയുന്നതു വെറുതേയാണെന്നു കരുതരുത്. 'ദൈവം യോജിപ്പിച്ചത്' എന്ന് ക്രിസ്തു പറയുന്നത് അതങ്ങനെ ആയതുകൊണ്ടാണ്. അല്ലെങ്കിൽപ്പിന്നെങ്ങനെയാണ് ഒരമ്മ തന്റെ മകന്റെ വധുവിനെ, അവൻ കാണുംമുമ്പേതന്നെ തിരഞ്ഞെടുക്കുക? രാജേഷിന്റെ അമ്മ ഏലമ്മ, 'ഇവളാണെന്റെ മകന്റെ ഭാര്യ' എന്നു തീരുമാനിച്ചശേഷം നടന്ന വിവാഹമാണ് ഞങ്ങളുടേതെന്നു റ്റെജി പറയുമ്പോൾ നമ്മുടെ മനസ്സിലും കൗതുകം നിറയും. അന്നു തൊട്ടിന്നുവരെ ആ തിരഞ്ഞെടുപ്പിൽ 'ജയിച്ച സ്ഥാനാർത്ഥിയായി' രാജേഷിന്റെകൂടെയുണ്ട് റ്റെജി. നേട്ടങ്ങളിൽ കൂടെച്ചിരിച്ചും, സങ്കടങ്ങളിൽ ചങ്കോടു ചേർന്നും.

"ഞങ്ങൾ രണ്ട് ആൺമക്കളാണ്. കൂടുതൽ കുഞ്ഞുങ്ങൾ എന്നതു സ്വപ്നമൊന്നുമായിരുന്നില്ല. ജീവിതത്തിന്റെ ഒഴുക്കിലങ്ങനെ വീണുകിട്ടിയ നിധികളാണ്. കിട്ടിയപ്പോ ആരോഗ്യത്തോടെ കിട്ടിയത് അനുഗ്രഹം. മിടുക്കന്മാരായി വളരുന്നുണ്ട്. വലിയ വഴക്കൊന്നുമില്ല, ശാന്തപ്രകൃതരാണ്. എല്ലാറ്റിലും അവർ അമ്മയെ സഹായിക്കാറുണ്ട്. റ്റെജിക്ക് ഇടയ്ക്ക് ചെറിയ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായിരുന്നതുകൊണ്ട് അമ്മയുടെ കൂടെക്കൂടണമെന്നവർക്കറിയാം. എല്ലാ ജോലികളും ചെയ്തു പഠിപ്പിച്ചാണ് വളർത്തുന്നത്. വിശ്വാസത്തിലും പഠനത്തിലും അവർ ഇതുവരെ പിന്നോട്ടുപോയിട്ടില്ല. റ്റെജിക്ക് എല്ലാം വൃത്തിയായും വെടിപ്പായും വേണം; മക്കളോടു ഞാനതു പറഞ്ഞുകൊടുക്കാറുണ്ട്, അമ്മയെ ടെൻഷനടിപ്പിക്കരുത്, എല്ലാം പെർഫക്ടായി ചെയ്യാൻ ശ്രമിക്കണമെന്ന്" രാജേഷിന്റെ വാക്കുകളിൽ ഒരുമിച്ചേറ്റ ഉടമ്പടിയുടെ കരുതലുണ്ട്.

"അഞ്ചു പ്രസവങ്ങളും സിസേറിയനായിരുന്നു. ബുദ്ധിമുട്ടുകൾ തീർച്ചയായും ഉണ്ടായിട്ടുണ്ട്. കുഞ്ഞുങ്ങളെ വളർത്തുന്നതിനോടൊപ്പം അപ്രതീക്ഷിതമായി സംഭവിച്ച ഒത്തിരി മാറ്റങ്ങൾ ജീവിതത്തെ ഉലച്ചുകളഞ്ഞ അനുഭവങ്ങളുണ്ട്.

"രാജേഷിന്റെ വല്യപ്പച്ചൻ ഞങ്ങളുടെകൂടെയുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഉത്തരവാദിത്വം കൂടുതലായിരുന്നു. അഞ്ചാമത്തെ സിസേറിയന് ഞാൻ മരിക്കാനൊരുങ്ങി കുമ്പസാരിച്ചു കുർബാന സ്വീകരിച്ചാണു പോയത്. പക്ഷേ, അമരത്തിരിക്കുന്നവൻ ശക്തനാണെങ്കിൽ തുഞ്ചത്തിരുന്നാലും പേടിക്കേണ്ടതില്ലെന്നു പിന്നീടു തിരിച്ചറിഞ്ഞു. ഒരു ബുദ്ധിമുട്ടുമില്ലാതെ എല്ലാം കഴിഞ്ഞു. ആരോഗ്യം മെച്ചപ്പെടുകയും ചെയ്തു." റ്റെജി പറഞ്ഞുതുടങ്ങി.

"രാജേഷ് നൂറു ശതമാനം നല്ല മനുഷ്യനാണ്. ഏതു മഴയത്തും എനിക്കു കയറി നിൽക്കാനാവുന്ന ഒരു കുടപോലെ. എന്തും പറയാം. തെല്ലു മാറിനിന്ന് എല്ലാക്കാര്യങ്ങളും കാണാൻ ശ്രമിക്കും. മറ്റുള്ളവരുടെ വിചാരങ്ങൾക്കും വാക്കുകൾക്കും കാതു കൊടുക്കുന്നവനാണ്. മക്കളും എപ്പോഴും കൂടെയുണ്ടാവും. മൂത്തയാൾ മിഷാൽ നല്ല കെയറിങ്ങാണ്. ഏതു ജോലിയും ചെയ്യും. നിലം കിളയ്ക്കാനും തെങ്ങിനു തടമെടുക്കാനുമൊക്കെ മിടുക്കനാണ്. മിലൻ അടുക്കളക്കാര്യങ്ങൾക്കൊക്കെ എന്റെകൂടെ നിൽക്കും. മിയോൺ നാലാം ക്ലാസിലാണ്. അവനിപ്പോഴും അപ്പയുടെയും അമ്മയുടെയും കൂടെക്കിടക്കാൻ കൊതി പറയും. മിഗേലും മിവാനും കൂട്ടുകൂടി നടന്നുകൊള്ളും. ചേട്ടന്മാരുടെ തോളേറാനും, കൂടെക്കിടക്കാനുമൊക്കെ കുഞ്ഞനിയന്മാർക്കിഷ്ടമാണ്. അമ്മേ, അമ്മേ എന്നു വിളിച്ച് എപ്പോഴും പിറകിലുണ്ടാവും എല്ലാവരും. രാജേഷ് ഇത്തിരികൂടി സ്ട്രിക്ടാണ്. ഒരു തീരുമാനമെടുത്താൽ അതിൽനിന്നു മാറ്റമുണ്ടാവില്ല. 'കുഞ്ഞുങ്ങളെ ഒന്നു പിടിക്കണേ ഞാൻ അയഞ്ഞോ' എന്നു ഞാൻ ഇടയ്ക്കിടെ രാജേഷിനോടു പറയും. എല്ലാറ്റിനും, കുഞ്ഞുങ്ങളെ വളർത്താനും കരുതാനും എല്ലാം, രാജേഷിന്റെ അമ്മയും എന്റെ മാതാപിതാക്കളും കൂടെയുണ്ട്. കുടുംബമല്ലേ നമ്മുടെ കരുത്ത്?'' കുടുംബത്തിൽനിന്നു കിനിഞ്ഞിറങ്ങുന്ന സ്നേഹത്തിന്റെ മധുരം റ്റെജിയുടെ വാക്കുകളിലുണ്ട്. സ്നേഹിക്കപ്പെടുന്നു എന്നതിനെക്കാൾ സാന്ത്വനവും സൗഖ്യവും നൽകുന്ന മറ്റെന്താണുള്ളത്?



*പാലാ, മുണ്ടാങ്കൽ പുളിക്കീൽ വീട്ടിൽ രാജേഷും ഭാര്യ റ്റെജിയും മക്കളോടൊപ്പം*

# മലയാളത്തിന്റെ മലനാട്ടുവഴികൾ



മാലതി ചേറ്റൂർ

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!
മർത്ത്യനു പെറ്റമ്മ തൻഭാഷതാൻ
മാതാവിൻ വാത്സല്യദുഗ്ദ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ്ണവളർച്ച നേടൂ."
"അമ്മതാൻതന്നേ പകർന്നുതരുമ്പോഴേ
നമ്മൾക്കമൃതുമമൃതായ്ത്തോന്നൂ!
ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
മേതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽ നിന്നുതാൻ കേൾക്കവേണം"

വള്ളത്തോൾ നാരായണമേനോൻ
(സാഹിത്യമഞ്ജരി-ഭാഗം7)

അമ്മയുടെ മുഖത്തുനിന്നുതന്നെ കേട്ടു പഠിക്കുന്നതാണു മാതൃഭാഷ. അതുകൊണ്ട് ആദ്യമായി ഉള്ളിൽ തെളിയുന്നതും മാതൃഭാഷയാണ്. ഒരാൾക്കു സ്വന്തം വികാരങ്ങളും വിചാരങ്ങളും വ്യക്തമായി ആവിഷ്കരിക്കാൻ സാധിക്കുന്നതു മാതൃഭാഷയിൽക്കൂടിയാണ്. ധാരാളം ഭാഷകൾ മനസ്സിലാക്കിയിട്ടുള്ളവർക്കും ആശയപ്രകടനത്തിന് ഏറ്റവും സ്വീകാര്യമായി തോന്നുന്നതു സ്വന്തം ഭാഷയാണെന്നു കവിതയിൽ സൂചിപ്പിക്കുന്നു.



ഏതു വേദവും ഏതു ശാസ്ത്രവും ഏതു കാവ്യവും ഒരാളുടെ മനസ്സിൽ പതിയണമെങ്കിൽ അത് സ്വന്തം ഭാഷയിൽത്തന്നെ കേൾക്കണം.

ഇന്ത്യയിലെ ദേശീയഭാഷകളിൽ ഒന്നാണ് മലയാളം. കേരളസംസ്ഥാനത്തിലെയും ലക്ഷദീപുകളിലെയും മുഖ്യഭാഷയുമാണ്.

ദ്രാവിഡഭാഷാഗോത്രത്തിലെ സ്വതന്ത്രമായ ഒരു ഭാഷയാണു മലയാളം. എഡി 800 നടുത്തുവരെ കേരളം മിക്കവാറും തമിഴകത്തിന്റെ ഭാഗമായിരുന്നു. തമിഴിന്റെ പ്രാദേശികഭേദമായിരുന്നു, അന്നത്തെ മലയാളഭാഷ. പരണർ, ഇളങ്കോവടികൾ, കുലശേഖര ആൾവാർ തുടങ്ങിയ പ്രമുഖരായ തമിഴ് കവികൾ കേരളീയരാണ്. എഡി ഒമ്പതാം ശതകത്തോടുകൂടി, മലനാട്ടുതമിഴ് ചരിത്രപരമായ ചില സവിശേഷതകളാൽ സംസ്കൃത-പ്രാകൃതങ്ങളുടെ സ്വാധീനത്തിൽ പ്പെട്ടു പ്രത്യേകമായൊരു ഭാഷയായി വളരാൻ തുടങ്ങി. തമിഴ്, മലയാളം, തെലുങ്ക്, കന്നട എന്നീ പ്രധാനപ്പെട്ട ദ്രാവിഡഭാഷകളിൽ മലയാളമാണ്, ഏറ്റവും ഒടുവിൽ രൂപംകൊണ്ടത്. മലയാളം വ്യക്തിത്വമാർന്ന ഒരു സ്വതന്ത്രഭാഷയായി വികസിച്ചതോടെ നേരത്തേയുണ്ടായിരുന്ന വട്ടെഴുത്ത് ഉപേക്ഷിക്കുകയും തെക്കേ ഇന്ത്യയിൽ സംസ്കൃതം എഴുതാൻ ഉപയോഗിച്ചിരുന്ന ഗ്രന്ഥാക്ഷരത്തിന്റെ സഹായത്താൽ ഒരു പുതിയ ലിപിസമ്പ്രദായം സ്വീകരിക്കുകയും ചെയ്തു.

നാലഞ്ചു നൂറ്റാണ്ടുകൾകൊണ്ടാണ് ഇത് ഒരു സ്വതന്ത്രഭാഷയായിത്തീർന്നത്. മലയാളത്തിന്റെ ലിപിവ്യവസ്ഥ നിലവിൽ വന്നത് 13-ാം ശതകത്തിന്റെ ആദ്യഘട്ടത്തിലാണെന്ന്, ഭാഷാശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു.

മലൈ + ആഴം = മലയാഴം, മലയാളം (കുന്നിന്റെയും കുഴിയുടെയും ഇടയ്ക്കു കിടക്കുന്നത്), മല + ആഴം = മലയാളം എന്നിങ്ങനെ പല വ്യുത്പത്തികളും മലയാളത്തിനു നിർദേശിച്ചുകാണുന്നു.

കേരളഭാഷ, മലയാംപാഴ, മലയായ്മ, മലയാളീം, മലയാണ്മ, മലയാഴ്മ എന്നിങ്ങനെ പല പേരുകൾ വിവിധ ഘട്ടങ്ങളിൽ മലയാളത്തിനുണ്ടായിരുന്നു.

ഭാരതത്തിലെയും വിദേശത്തെയും നിരവധി ഭാഷകളിൽനിന്നു മലയാളഭാഷയിലേക്കു പദങ്ങൾ വന്നുചേർന്നിട്ടുണ്ട്. സംസ്കൃതസ്വാധീനം വ്യാകരണകാര്യങ്ങളിൽ മാറ്റം വരുത്തിയിട്ടില്ല.

ആര്യന്മാർക്കുമുമ്പ് കേരളത്തിൽ എത്തിയ ദ്രാവിഡർ തമിഴർ ആയിരുന്നെന്നും അവർ പാലക്കാട് ചുരത്തിലൂടെ കേരളത്തിലെത്തിയെന്നും, അവരുടെ ഭാഷ, മലയാളമായി രൂപാന്തരപ്പെട്ടെന്നും കാൾഡ്വൽ സിദ്ധാന്തിക്കുന്നു.

മലനാട്ടുതമിഴ് രാഷ്ട്രീയവും സാംസ്കാരികവും ഭൂമിശാസ്ത്രപരവുമായ കാരണങ്ങളാൽ മലയാളമായി ചമഞ്ഞുവെന്ന്, രാജരാജവർമ്മ അഭിപ്രായപ്പെടുന്നു. സംസ്കൃതത്തിന്റെ അതിപ്രസരം മലയാളപദസമ്പത്തിനു വമ്പിച്ച മുതൽക്കൂട്ടേകി. ഇത് എല്ലാ ഭാഷാശാസ്ത്രജ്ഞരും അംഗീകരിക്കുന്നു.

ഇന്നത്തെ മലയാളലിപിയുടെ മാതൃക ഗ്രന്ഥാക്ഷരമാണ്. ഉത്തരഭാരതത്തിൽ പ്രചരിച്ചിരുന്ന അതിപ്രാചീന ബ്രാഹ്മിയിൽനിന്നു ജനിച്ചതാണിത്. പല്ലവരാജാക്കന്മാരുടെ (എ.ഡി. 4,5 ശതകങ്ങളിൽ) ശാസനങ്ങളിലാണിത് ആദ്യമായി കാണുന്നത്. ബ്രാഹ്മിയിൽ ആകെ 46 അക്ഷരങ്ങളാണ് ഉണ്ടായിരുന്നത്. ബാക്കി തമിഴിൽ നിന്നു സ്വീകരിച്ചു.

ഏകകാലത്ത് തമിഴ്, വട്ടെഴുത്ത്, തമിഴ് ഗ്രന്ഥം, കോലെഴുത്ത്, മലയാണ്മ, മലയാളഗ്രന്ഥം, നാഗരി, അറബി എന്നീ വിവിധ ലിപികൾ ഒറ്റയ്ക്കും കലർത്തിയും ഉപയോഗിച്ച സവിശേഷസ്ഥിതിയായിരുന്നു കേരളത്തിലുണ്ടായിരുന്നത്. വട്ടെഴുത്തിൽ എഴുതിയ രാമചരിതകാലത്തും അറബി - മലയാളത്തിൽ എഴുതിയ ബദർപ്പാട്ടിന്റെ കാലത്തും മറ്റു ലിപികളും ഉപയോഗത്തിലുണ്ടായിരുന്നു.

തിരുവണ്ണൂർ ക്ഷേത്രത്തിലെ ഒരു രേഖയും, താമ്രശാസനവും 426-ാം ആണ്ട് പ്രാചീന രേഖകളാണ്. എടയ്ക്കൽ ഗുഹാശാസനമാണ് മറ്റൊന്ന്. മണിപ്രവാളത്തിൽ സംസ്കൃതാക്ഷരമാല ഉപയോഗിച്ചുപോന്നു. മലയാളത്തിലെ 'ള' കാരം അക്ഷരമാലയുടെ പഴക്കത്തിനു തെളിവാണ്.

മലയാളഭാഷയ്ക്ക് അക്ഷരമാല ചാർത്തിയത്, തുഞ്ചത്ത് എഴുത്തച്ഛൻ ആയിരുന്നു, ചെറുശ്ശേരിയുടെ 'കൃഷ്ണഗാഥ'യിലാണ് തനിമലയാളം കൂടുതലായി ഉപയോഗിച്ചിരിക്കുന്നത്.

# ഓ! മലയാളമേ, നിന്റെ അക്ഷരമാല



ഡോ. തോമസ് മൂലയിൽ

വർഷങ്ങളായി നമ്മുടെ മലയാളപാഠപുസ്തകങ്ങളിൽനിന്ന് ഒഴിവാക്കപ്പെട്ട 'അക്ഷരമാല'യെ തിരികെക്കൊണ്ടുവരാൻവേണ്ടി അക്ഷീണം അടരാടിയ അക്ഷരസ്നേഹിയായ **ഫാ. ഡോ. തോമസ് മൂലയിൽ**, തന്റെ ഒറ്റയാൾ പോരാട്ടത്തിന്റെ നാൾവഴികൾ ഇവിടെ തുറന്നുകാട്ടുന്നു.

**അക്ഷരസമരത്തിന്റെ പശ്ചാത്തലം**

മാതൃഭാഷയുടെ ദയനീയ സ്ഥിതി തിരിച്ചറിഞ്ഞ് തിരുത്താനുള്ള ശ്രമം ഞാനാരംഭിച്ചിട്ട് വർഷങ്ങളായി. 2018 മുതൽ ഈ ശ്രമം കൂടുതൽ ശക്തിപ്പെടുത്തി. അതിനു നിമിത്തമായത് എന്റെ പരിശീലനവലയത്തിലുണ്ടായിരുന്ന ഒരു സംഘം കുട്ടികളുടെ വായന ശ്രദ്ധിച്ചതാണ്. അഞ്ചുമുതൽ പത്തുവരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന സമർത്ഥരായ കുട്ടികൾ. പരീക്ഷയിൽ മിക്കവാറും 'ഫുൾ എ പ്ലസ്'. അവർക്കു മലയാളത്തിനും എപ്ലസാണ്. പക്ഷേ, മലയാളം വായിക്കാനറിഞ്ഞുകൂടാ! എന്തുകൊണ്ടാണിങ്ങനെ സംഭവിക്കുന്നതെന്നറിയാൻ അവരെക്കൊണ്ടു മലയാളഭാഷയുടെ അക്ഷരങ്ങൾ എഴുതിച്ചു നോക്കി. അക്ഷരങ്ങൾ കൃത്യമായി എഴുതാൻ അറിയാവുന്ന ഒരു കുട്ടിപോലുമില്ലായിരുന്നു! പിന്നീട് നൂറോളം കുട്ടികളുടെ ഇടയിൽ ഈ പരീക്ഷണം നടത്തിയപ്പോഴും ഫലം ഇതുതന്നെയായിരുന്നു. ഇങ്ങനെ പല ഘട്ടങ്ങളിലായി അഞ്ഞൂറോളം കുട്ടികളുടെ ഇടയിലും ഈ പരീക്ഷണം നടത്തി. ഭാഷയുടെ കുറെ അക്ഷരങ്ങൾ എഴുതുന്നു എന്നല്ലാതെ ഭൂരിഭാഗം കുട്ടികൾക്കും മലയാളത്തിന്റെ അക്ഷരങ്ങൾ അറിഞ്ഞുകൂടാ എന്നെനിക്കു ബോദ്ധ്യപ്പെട്ടു. ഉച്ചാരണമാകട്ടെ അതിദയനീയവും!

**കാരണം തേടിയുള്ള പ്രയാണം**

എന്താണിതിന്റെ കാരണം എന്നറിയാൻ കോളജിലെ മലയാളം പ്രൊഫസർമാരോടു ചോദിച്ചപ്പോൾ, ഇതിനുത്തരവാദികൾ സ്കൂൾ റ്റീച്ചേഴ്സാണ് എന്നു പറഞ്ഞ് അവർ ഒഴിഞ്ഞു. ഹൈസ്കൂൾകാർക്കും പറയാനുള്ളത് കുട്ടികൾക്ക് അക്ഷരമറിയില്ല എന്നാണ്. അവർ പ്രൈമറി അധ്യാപകരെ പഴിചാരി രക്ഷപ്പെടുന്നു. അവസാനം ഒന്നാം ക്ലാസിൽ പഠിപ്പിക്കുന്ന അധ്യാപകരോടു ചോദിച്ചപ്പോഴാണ്, ഞെട്ടിക്കുന്ന വിവരം അവർ പറയുന്നത്; ഒന്നാം ക്ലാസിലെ പാഠപുസ്തകത്തിൽ അക്ഷരമാല ഇല്ല എന്ന്! ഒന്നിലില്ലെങ്കിൽ ഏതെങ്കിലും ക്ലാസിലെ പാഠപുസ്തകത്തിൽ അക്ഷരമാല ചേർത്തിട്ടുണ്ടോ എന്നറിയാൻ ഒന്നുമുതൽ പത്തുവരെയുള്ള പാഠപുസ്തകങ്ങൾ വാങ്ങി പരിശോധിച്ചു; ഒരിടത്തും അക്ഷരമാല ഇല്ല!

**അമ്മമലയാളം അത്യാസന്നനിലയിൽ!**


2018 നവംബർ മാസം ഒന്നാം തീയതി (കേരളപ്പിറവിദിനം)യിലെ പത്രങ്ങളിലെല്ലാം മുഖ്യമന്ത്രിയുൾപ്പെടെയുള്ള രാഷ്ട്രീയ നേതാക്കളും സാംസ്കാരികനായകരും കുഞ്ഞുങ്ങളെ മടിയിലിരുത്തി അക്ഷരമെഴുതിക്കുന്ന പടം കണ്ടു. ഈ കുഞ്ഞുങ്ങളാണല്ലോ ഭാവിയിൽ അക്ഷരമറിയാതെ സ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കി പുറത്തിറങ്ങുന്നത് എന്നോർത്തു വല്ലാത്ത ഒരു 'കൺഫ്യൂഷൻ'! 'അമ്മമലയാളം അത്യാസന്നനിലയിൽ' എന്ന പേരിൽ ദീപികയിൽ ഞാനൊരു ഹാസ്യകഥ എഴുതി. കഥ ഇഷ്ടപ്പെട്ടെന്നു പറഞ്ഞ് ചിലരെല്ലാം വിളിച്ചഭിനന്ദിച്ചു. അക്ഷരമാല തേടിയുള്ള പ്രയാണത്തോടൊപ്പം ലേഖനങ്ങളും എഴുതിക്കൊണ്ടിരുന്നു.

**മാതൃഭാഷാ പോഷക സന്നദ്ധസമിതി**

അക്ഷരമാല തിരികെക്കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ 'മാതൃഭാഷാപോഷകസന്നദ്ധ സമിതി' എന്ന പേരിൽ ഒരു സമിതി രൂപീകരിച്ചു പ്രവർത്തനങ്ങളാരംഭിച്ചു. ജനങ്ങളുടെയിടയിൽ ഒരവബോധം സൃഷ്ടിക്കാൻ ഇതു സഹായകമായി. അധ്യാപകർക്കും കുട്ടികൾക്കുംവേണ്ടി ബോധവത്കരണപരിപാടികൾ സംഘടിപ്പിച്ചു. 'അക്ഷരമാല', 'അക്ഷരക്കൂട്ട്' മുതലായ ചിത്രീകരണങ്ങൾ ആകർഷകമായി ഡിസൈൻ ചെയ്തു, കുട്ടികൾക്കു സൗജന്യമായി വിതരണം ചെയ്തു. അതോടൊപ്പം, അക്ഷരക്കുടുക്ക എന്ന ലഘുഗ്രന്ഥവും ഉച്ചാരണസഹായി എന്ന പേരിൽ ഒരു ദൃശ്യശ്രാവ്യാവിഷ്കരണവും അക്ഷരപരിചയപരിപാടിയുടെ ഭാഗമായി ഞാൻ പ്രസിദ്ധീകരിച്ചു.

സമാന്തരമായി, 'പ്രൈമറിതല സമഗ്ര സാക്ഷരതായത്നം' എന്ന ഒരു പ്രോജക്ടിന്റെ പ്രവർത്തനവും ആരംഭിച്ചു. പതിനഞ്ചിന കർമപരിപാടികളായിരുന്നു അതിലുൾപ്പെടുത്തിയിരുന്നത്. പരമ്പരാഗതരീതിയിൽ ഒന്നാംക്ലാസ്സിൽത്തന്നെ കുട്ടികളെ അക്ഷരങ്ങൾ പഠിപ്പിക്കുക; എഴുതുന്നതോടൊപ്പം ശരിയായ ഉച്ചാരണ പരിശീലനവും നല്കുക. എല്ലാ കുട്ടികൾക്കും ആകർഷകമായി ലേ ഔട്ട് ചെയ്തു മനോഹരമാക്കിയ അക്ഷരമാല ചാർട്ട് നല്കുക, വീട്ടിൽ പ്രധാന സ്ഥലത്ത് അതു തൂക്കിയിടുക, സ്കൂളിലെ എല്ലാ ക്ലാസുമുറിയിലും അക്ഷരമാല ചാർട്ട് സ്ഥാപിക്കുക, സ്കൂളിന്റെ പ്രവേശകകവാടത്തിൽ അക്ഷരമാലഫലകം സ്ഥാപിക്കുക മുതലായവയായിരുന്നു കർമപരിപാടികൾ.

അഞ്ചു വിദ്യാലയങ്ങൾ ഈ പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള സന്നദ്ധത അറിയിച്ചു. അധ്യാപകരും കുട്ടികളും വളരെ ആവേശത്തോടെയാണ് പരിപാടികളിൽ വ്യാപൃതരായത്. രക്ഷാകർത്താക്കളുടെ നിർലോപമായ സഹകരണവും ലഭിച്ചതിനാൽ, ഓൺലൈൻ ക്ലാസ്സുകളായിരുന്നിട്ടുപോലും, അഞ്ഞൂറോളം കുരുന്നുകൾ ഒന്നാം സെമസ്റ്റർ അവസാനത്തോടെ, അക്ഷരപരിചയം നേടിക്കഴിഞ്ഞിരുന്നു.



**തിരസ്കരണപരമ്പര**

ജനങ്ങളുടെയും ഭരണാധികാരികളെടെയും ശ്രദ്ധയിൽ ഈ വിഷയം അവതരിപ്പിക്കുന്നതിനുവേണ്ടി ലേഖനങ്ങളെഴുതി മുഖ്യധാരാപത്രങ്ങൾക്കൊക്കെ അയച്ചുകൊടുത്തെങ്കിലും ആരും തിരിഞ്ഞുനോക്കിയില്ല. ഏതായാലും മംഗളം ദിനപത്രം ഒരു നിയോഗംപോലെ ഇതേറ്റെടുത്ത് എനിക്കു ശക്തമായ പിന്തുണ നല്കി. ഞാൻ ഒരു ലേഖനപരമ്പര മംഗളത്തിലാരംഭിച്ചു.

**ലേഖനങ്ങൾ-കത്തുകൾ-നിവേദനങ്ങൾ**

അക്ഷരങ്ങളുടെയും അക്ഷരമാലയുടെയും പ്രസക്തിയും പ്രാധാന്യവും സമഗ്രമായി പഠിച്ചെഴുതിയ ലേഖനങ്ങളായിരുന്നു അവയെല്ലാം. ഭാഷാസ്നേഹികൾ അഭിനന്ദിച്ചും നന്ദിപറഞ്ഞും എന്നെ വിളിക്കാൻ തുടങ്ങി. പാഠപുസ്തകത്തിൽ അക്ഷരമാല ചേർക്കാൻ വിട്ടുപോയതാണോ വിട്ടുകളഞ്ഞതാണോ എന്നായിരുന്നു മുഖ്യമായി ഉന്നയിച്ച ചോദ്യം. പക്ഷേ, ഒരു മറുപടിയും ഒരിടത്തുനിന്നുമുണ്ടായില്ല. പിന്നീട്, ഞാൻ കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, വിദ്യാഭ്യാസവകുപ്പ് എന്നിവിടങ്ങളിലേക്കെല്ലാം കത്തുകളയയ്ക്കാൻ തുടങ്ങി. അതുപിന്നെ, നിവേദനങ്ങളായി മാറി. മറുപടിയൊന്നും ലഭിച്ചില്ല. ഉദ്യോഗസ്ഥവലയം ഭേദിക്കാൻ ഒരു മാർഗവും കാണാതെ വന്നപ്പോൾ സ്ഥലം എം.എൽ.എ. ശ്രീ മാണി സി. കാപ്പൻ വഴി ഒരു നിവേദനം അന്നത്തെ പൊതുവിദ്യാഭ്യാസമന്ത്രി പ്രഫ. സി. രവീന്ദ്രനാഥിനു നല്കി. അദ്ദേഹത്തിന്റെ പ്രതികരണം വളരെപ്പെട്ടെന്നായിരുന്നു. പൊതുവിദ്യാഭ്യാസസെക്രട്ടറിക്ക് തുടർനടപടികൾക്കായി നിവേദനം കൈമാറിയിട്ടുണ്ട് എന്നു കാണിച്ചുകൊണ്ടുള്ള മന്ത്രിയുടെ രേഖാമൂലമുള്ള അറിയിപ്പ് 2020 സെപ്റ്റംബർ 23 നു കിട്ടി.

**നിർണായകനിവേദനം**

പക്ഷേ, നടപടിയൊന്നുമുണ്ടായില്ല. അതിനിടെ തിരഞ്ഞെടുപ്പുവന്നു; സർക്കാർ മാറി; മന്ത്രിയും മാറി. നഷ്ടശരണനാകാതെ ബഹു. മന്ത്രി റോഷി അഗസ്റ്റിൻ വഴി പൊതുവിദ്യാഭ്യാസമന്ത്രി ശ്രീ ശിവൻകുട്ടിക്ക് ഒരു നിവേദനം നല്കി. ശ്രീ റോഷി അഗസ്റ്റിൻ നേരിട്ട് എന്റെ അടുത്തുവന്ന് നിവേദനവും അനുബന്ധരേഖകളും കൈപ്പറ്റി എന്ന കാര്യം എടുത്തുപറയട്ടെ. പ്രസ്തുത നിവേദനത്തിനുള്ള മറുപടി എസ്. സി. ഇ. ആർ. ടിയിൽനിന്നാണു ലഭിച്ചത്. നിവേദനം പരിഗണനയ്ക്കെടുത്തിട്ടുണ്ടെന്നും പാഠപുസ്തകപരിഷ്കരണം നടത്തുന്ന വേളയായതിനാൽ പഠനസമിതി നിവേദനം പരിഗണിക്കുമെന്നും പറഞ്ഞായിരുന്നു മറുപടി. 05.08.2021 ലാണ് മറുപടി ലഭിക്കുന്നത്. അതിപ്രകാരമാണ്: "താങ്കൾ സമർപ്പിച്ച നിവേദനവും അതിനോടൊപ്പം നല്കിയ അനുബന്ധരേഖകളും പരിശോധിച്ചു. കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഇപ്പോൾ ആശയാവതരണരീതിയാണു നിലവിലിരിക്കുന്നത്. നിരവധി ഭാഷാപണ്ഡിതന്മാരുടെയും വിദ്യാഭ്യാസ മനഃശാസ്ത്രജ്ഞന്മാരുടെയും കണ്ടെത്തലുകളുടെ ഫലമായിട്ടാണ്, അക്ഷരാവതരണരീതിക്കു പകരം ആശയാവതരണരീതി പിന്തുടരുന്നത്. ആയതിനാൽ അക്ഷരമാല നിലവിലെ പാഠപുസ്തകങ്ങളിൽ ഇല്ല."

## ഫെബ്രുവരി 21 : ലോകമാതൃഭാഷാദിനം

**അക്ഷരമാലവിട്ടുപോയതല്ല-വിട്ടുകളഞ്ഞതാണ്!**

മൂന്നുകൊല്ലക്കാലത്തെ ഭഗീരഥപ്രയത്നത്തിന്റെയവസാനമാണ്, അക്ഷരമാല പാഠപുസ്തകത്തിലില്ലായെന്നും വിട്ടുപോയതല്ല, വിട്ടുകളഞ്ഞതാണ് എന്നും മനസ്സിലാക്കുന്നത്! വരികൾക്കിടയിലൂടെ വായിച്ചാൽ, പണ്ഡിതവരേണ്യന്മാർ തീരുമാനിച്ച കാര്യത്തിന് ഇനി മാറ്റമൊന്നുമുണ്ടാകാൻ പോകുന്നില്ല എന്നു പറയാതെ പറഞ്ഞിരിക്കയാണ്!

**സമരം നയിക്കാൻ ദ്രോണാചാര്യർ**

അക്ഷരം നീക്കം ചെയ്യാൻ ഉപദേശം നല്കിയ പണ്ഡിതന്മാരാരെങ്കിലും കേരളത്തിലുണ്ടോ എന്നറിയാൻ ഞാൻ നേരിട്ട് അന്വേഷണം തുടങ്ങി. അപ്പോഴാണ് ഡോ. വി. ആർ. പ്രബോധചന്ദ്രൻനായരെപ്പറ്റി വിവരം ലഭിക്കുന്നത്. അദ്ദേഹം ഭാഷാശാസ്ത്രജ്ഞനും വിദ്യാഭ്യാസവിചക്ഷണനുമാണ്. അദ്ദേഹത്തിന്റെ ഫോൺ നമ്പർ കണ്ടുപിടിച്ച്, ധൈര്യമവലംബിച്ച് അദ്ദേഹത്തെ വിളിച്ചു. ഞാൻ കാര്യം അവതരിപ്പിച്ചു. അദ്ദേഹം നല്കിയ പിന്തുണ ഒരിക്കലും വിസ്മരിക്കാനാവുകയില്ല. തന്നാൽ പറ്റുന്നതെല്ലാം ചെയ്യാമെന്ന് അദ്ദേഹം എനിക്കുറപ്പുതന്നു! ദേശീയ അന്തർദേശീയ തലങ്ങളിൽ പതിറ്റാണ്ടുകളായി കത്തിജ്വലിച്ചുനില്ക്കുന്ന ആ വലിയ മനുഷ്യന്റെ പിന്തുണയും അനുഗ്രഹവും പ്രദാനം ചെയ്ത ഊർജ്ജം എനിക്കു വലിയ ശക്തിയായി. കുരുക്ഷേത്രയുദ്ധത്തിൽ ദ്രോണാചാര്യരെപ്പോലെ അദ്ദേഹം ഈ സമരത്തിന് ഊർജ്ജം പകർന്നുതന്നു.

*ശേഷം 12-ാം പേജിൽ*

# മുല്ലപ്പെരിയാറിന്റെ ചരിത്രവഴികൾ

*6-ാം പേജ് തുടർച്ച*

? *കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടയിൽ ഇടുക്കി ജില്ലയിലെ പല ഭാഗങ്ങളിലും ഭൂമികുലുക്കങ്ങളും തുടർചലനങ്ങളും സർവസാധാരണയായി കണ്ടുവരുന്നു. ബലക്ഷയം ബാധിച്ച മുല്ലപ്പെരിയാർ അണക്കെട്ടിനെ ഇത്തരം പ്രകമ്പനങ്ങൾ ബാധിക്കുമെന്ന് താങ്കൾ കരുതുന്നുണ്ടോ?*

ചെറുതും വലുതുമായ ഇരുപതോളം അണക്കെട്ടുകളാണ് ഇടുക്കിജില്ലയിലുള്ളത്. ഇവയിൽ കെട്ടിനിറുത്തിയിരിക്കുന്ന വെള്ളത്തിന്റെ അളവ് 120 റ്റി.എം.സിക്കു മുകളിൽ വരും. 100 കിലോമീറ്റർ നീളത്തിൽ ഒരു കിലോമീറ്റർ വീതിയിൽ 100 അടി താഴ്ചയിലുള്ള ഒരു ചെറുകടലാണത്. ഇത്രയും വെള്ളത്തിന്റെ ഭാരം താങ്ങാനുള്ള കരുത്ത് ജില്ലയുടെ പ്രതലത്തിനില്ലാത്തതുകൊണ്ടാണ് പ്രകമ്പനങ്ങൾക്കും തുടർചലനങ്ങൾക്കും കാരണം. മണൽ ഖനനവും പാറപൊട്ടിക്കലും വ്യാപകമായ വനനശീകരണവും ജില്ലയെ അതീവ ദുർബലമാക്കിയ അവസ്ഥയും ഇതോടൊപ്പമുണ്ട്.

ഭൗമശാസ്ത്രജ്ഞരുടെ പഠനത്തിൽ അതിതീവ്ര ഭൂകമ്പസാധ്യതപ്പട്ടികയിൽ കേരളത്തെ മൂന്നാം സോണിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നോർക്കണം. ഇത്തരം മേഖലകളിൽ റിക്ടർ സ്കെയിലിൽ 6.5 മുതൽ 8.50 വരെ തീവ്രതയുള്ള പ്രകമ്പനങ്ങൾക്കു സാധ്യത ഏറെയാണ്. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ 300 കിലോമീറ്റർ ചുറ്റളവിൽ വൻപ്രഹരശേഷിയുള്ള 22 ഭ്രംശമേഖലകളുണ്ടെന്ന് പ്രമുഖ സീസ്മോളജിസ്റ്റ് ഹർഷ് കെ. ഗുപ്ത കണ്ടെത്തിയിട്ടുണ്ട്.

റിക്ടർ സ്കെയിലിൽ ആറിനു മുകളിൽ ഒരു ഭൂചലനമുണ്ടായാൽ അണക്കെട്ടു തകർന്നടിയുമെന്ന് റൂർക്കി ഐഐറ്റിയുടെ പഠനത്തിൽ തെളിഞ്ഞതാണ്. ഏറ്റവും അപകടകാരിയായ തേക്കടി – കൊടൈക്കനാൽ ഭ്രംശമേഖല മുല്ലപ്പെരിയാർ അണക്കെട്ടിൽനിന്ന് 16 കിലോമീറ്റർ മാത്രം അകലെയാണന്നതും ആശങ്ക വർദ്ധിപ്പിക്കുന്നുണ്ട്.

? *1995 ൽ അഡ്വക്കറ്റായി എൻറോൾ ചെയ്ത താങ്കൾ അഭിഭാഷകവൃത്തിയിൽ കാൽനൂറ്റാണ്ടു പിന്നിട്ടുകഴിഞ്ഞു. കമ്പനികളുടെയും ബാങ്കുകളുടെയും കേസുകൾ സമർത്ഥമായി വാദിച്ചു ജയിച്ച് പ്രശസ്തനായ ഒരു വക്കീലായി പേരു സമ്പാദിക്കാനും താങ്കൾക്കായി. അഭിഭാഷകന്റെ കുപ്പായം താങ്കൾക്കു സംതൃപ്തി നല്കുന്നുണ്ടോ? ഏറ്റവുമൊടുവിൽ മുല്ലപ്പെരിയാർ വിഷയവുമായി ബന്ധപ്പെട്ടതിന്റെ പശ്ചാത്തലവും വിവരിക്കാമോ?*

ഒരു കോർപ്പറേറ്റ് ജയന്റ് ആകണമെന്നാഗ്രഹിച്ച ഞാൻ ഒരു വക്കീലായതു ദൈവനിശ്ചയമല്ലാതെ മറ്റെന്താണ്? കഠിനമായ ജീവിതാനുഭവങ്ങളിലൂടെ അവിടുന്ന് എന്നെ രൂപപ്പെടുത്തുകയായിരുന്നു. എല്ലാ ആശ്രയവും നഷ്ടപ്പെട്ടപ്പോഴാണ് ഞാൻ ദൈവത്തിങ്കലേക്കു തിരിഞ്ഞത്. അവിടുന്നിൽ ആശ്രയിക്കുന്നവർ ഒരുനാളും ഭഗ്നാശരാവുകയില്ലെന്ന് എനിക്ക് ഉറച്ച ബോധ്യമുണ്ടായിരുന്നു. നാലര വയസ്സിൽ പിതാവിനെ നഷ്ടപ്പെട്ട എന്നെ വളർത്തിയതും പഠിപ്പിച്ചതും കഠിനാധ്വാനിയായ എന്റെ അമ്മയാണ്. കെ.എസ്.എഫ്.ഇ.യിൽനിന്നും സ്വകാര്യസ്ഥാപനങ്ങളിൽനിന്നും കടമെടുത്ത് ഒരു ഓയിൽ ആന്റ് ഫ്ളവർ മിൽ തുടങ്ങി. ലാഭം വർധിച്ചപ്പോൾ അഹങ്കാരവും വളർന്നു. വ്യവസായം തകർച്ചയിലാകാൻ അധികകാലം വേണ്ടിവന്നില്ല. ഇതിനിടയിൽ ഉഡുപ്പിയിലെ വിബിസി ലോ കോളജിൽനിന്ന് വക്കീൽ പഠനം പൂർത്തിയാക്കി 1995 ൽ അഡ്വക്കേറ്റായി എൻറോൾ ചെയ്തു.

ഒരു തുടക്കക്കാരൻ എന്ന നിലയിൽ ആദ്യമൊന്നും വക്കാലത്തുകൾ കിട്ടിയില്ലെങ്കിലും സാവധാനം കേസുകൾ വന്നുതുടങ്ങി. ഐസിഡിഎസ്, മണിപ്പാൽ ഫിനാൻസ്, മഹാരാഷ്ട്ര അപ്പക്സ് കോർപ്പറേഷൻ, സിൻഡിക്കേറ്റ് ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളുടെ ലീഗൽ അഡ്വൈസറായി നിയമിതനായത് എന്റെ ആത്മവിശ്വാസം വർധിപ്പിച്ചു. ഏകദേശം 500 കോടിയിലധികം രൂപയുടെ റിക്കവറിക്കുവേണ്ടിയുള്ള കേസുകളിൽ വിജയിക്കാൻ കഴിഞ്ഞു. മറ്റു കേസുകൾക്കൂടി ലഭ്യമായതോടെ പ്രതിഫലവും ഇരട്ടിച്ചു. വായ്പകൾ തിരിച്ചടച്ചശേഷം വീടിന്റെയും പറമ്പിന്റെയും ആധാരവുമായി വീട്ടിലെത്തുമ്പോൾ അമ്മയുടെ മുഖത്തു വിരിഞ്ഞ സന്തോഷം വിവരണാതീതമായിരുന്നു. വക്കീൽ പഠനത്തിനായി എന്നെ യാത്രയാക്കുമ്പോൾ അമ്മയിൽനിന്നു ഞാൻ കേട്ട ഒരു വാചകം എന്റെ മനസ്സിൽ ഇപ്പോഴും മായാതെ കിടക്കുന്നുണ്ട്: "കാൻസർ രോഗത്തെ ചികിത്സിക്കാൻ ഒരു ഡോക്ടർക്കു കഴിയുമായിരിക്കും. എന്നാൽ, അഴിമതി, കൈക്കൂലി, സ്വകാര്യപക്ഷപാതം തുടങ്ങിയ സാമൂഹികതിന്മകൾ തുടച്ചുനീക്കാൻ ഒരു വക്കീലിനേ കഴിയൂ." അമ്മയുടെ നിരന്തരമായ പ്രാർത്ഥനകളാണ് എന്നെ ഇന്നത്തെ നിലയിലെത്തിച്ചതെന്നാണ് എന്റെ ഉത്തമവിശ്വാസം.

വക്കീലായി ഏതാനും വർഷങ്ങൾക്കുശേഷമാണ് സുപ്രീംകോടതി ജഡ്ജിയായിരുന്ന അന്തരിച്ച വി.ആർ. കൃഷ്ണയ്യരെ പരിചയപ്പെടുന്നത്. ഭിന്നശേഷിക്കാരുടെയും നിരാലംബരുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും അവകാശങ്ങൾക്കുവേണ്ടി പോരാടുന്ന ഉൾക്കാഴ്ച അദ്ദേഹമാണ് എനിക്കു നല്കിയത്. അവരുടെ സംഘടനകൾക്കുവേണ്ടി അദ്ദേഹം തയ്യാറാക്കിയ ഒരു നിയമപുസ്തകം എനിക്കു സമ്മാനമായി നല്കുകയും ചെയ്തു. കൃഷ്ണയ്യർ സാറിന്റെ ജൂണിയർമാരിൽ ഒരാളായി പ്രാക്ടീസ് ചെയ്യാൻ കഴിഞ്ഞതും ദൈവനിയോഗമെന്നേ പറയേണ്ടൂ. പ്രലോഭനങ്ങളെ അതിജീവിക്കാൻ കരുത്തുള്ള ഒരു മനസ്സും നിർഭയത്വവും അനിവാര്യമാണെന്ന് ഉപദേശിച്ചത് അദ്ദേഹമാണ്. ആർട്ടിക്കിൾ 32 പ്രകാരം തമിഴ്നാടിനെതിരേ കേസ് കൊടുക്കണമെന്ന് എന്നോട് ഉപദേശിച്ചതും കൃഷ്ണയ്യർ സാറാണ്. പെരിയാറിന്റെ പോഷകനദികളായ പെരിയാറിനെയും മുല്ലപ്പെരിയാറിനെയും തടഞ്ഞുനിർത്തി പിറകോട്ടൊഴുക്കി മറ്റൊരു സംസ്ഥാനത്തേക്കു തിരിച്ചുവിട്ടത് അന്താരാഷ്ട്രചട്ടങ്ങളുടെ നഗ്നമായ ലംഘനമാണെന്ന് അദ്ദേഹം സമർത്ഥിച്ചു. എന്നാൽ, അണക്കെട്ട് ഡീ കമ്മീഷൻ ചെയ്യുമെന്നാവശ്യത്തിന് ആർട്ടിക്കിൾ 32 നെക്കുറിച്ച് അദ്ദേഹം പറഞ്ഞുതന്ന അറിവുമാത്രം പോരായിരുന്നു. നമ്മുടെ ലക്ഷ്യത്തിലെത്തണമെങ്കിൽ കൂടുതൽ ആഴമേറിയ പഠനം ആവശ്യമായിരുന്നു. ശാസ്ത്രീയവും ആധുനികവുമായ അറിവു നേടിയതിനു ശേഷമായിരുന്നു 2017 ൽ സുപ്രീംകോടതിയിൽ കേസുകൊടുത്തത്. കേന്ദ്രസർക്കാരിനെയും അതിനെ പ്രതിനിധീകരിക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയെയും ഒന്നാം എതിർകക്ഷിയായി ചേർത്തതും ആ കേസിലാണ്.

ഇതിനിടെ, എന്റെ ഹർജിയിന്മേലുള്ള വാദത്തിനു തടയിടാൻ തമിഴ്നാട് റിട്ടയേർഡ് എൻജിനീയേഴ്സ് അസോസിയേഷൻ ഇന്റർവീനിങ് പെറ്റീഷൻ സമർപ്പിച്ചു കഴിഞ്ഞു. നമ്മെ സംബന്ധിച്ച്, ഇത്രയും അനുകൂലമായ ഒരവസരം ഇനിയും ഉണ്ടാകണമെന്നില്ല. സംസ്ഥാനസർക്കാരും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സന്നദ്ധസംഘടനകളും വ്യക്തികളും ഇന്റർവീനിങ് പെറ്റീഷനുകൾ സമർപ്പിച്ച് എന്റെ ഉദ്യമങ്ങളെ പിന്തുണയ്ക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. അന്താരാഷ്ട്രവിദഗ്ധർ ഡാം പരിശോധിച്ച് ഡീകമ്മീഷൻ തീയതി നിശ്ചയിക്കണമെന്നും സംസ്ഥാനസർക്കാരും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സന്നദ്ധസംഘടനകളും വ്യക്തികളും പൂർണമായും അനുകൂലിക്കുന്നുവെന്നും പരിശോധനയ്ക്കാവശ്യമായ എല്ലാ ചെലവുകളും വഹിക്കാൻ തയ്യാറാണെന്നും അടിയന്തരപ്രാധാന്യത്തോടെ കേസ് പരിഗണിക്കണമെന്നും സുപ്രീം കോടതിയോട് അപേക്ഷിക്കണം.

കേരളമക്കൾ ആരുടെയും അടിമകളാകാൻ ഇഷ്ടപ്പെടുന്നവരല്ലെന്നു ചരിത്രംതന്നെ സാക്ഷിയാണ്. സ്വാതന്ത്ര്യത്തിന്റെയും സമാധാനത്തിന്റെയും ഒരു പുത്തൻ പുലരിയിലേക്കാണ് ഇനി ഉയിർത്തെഴുന്നേല്ക്കേണ്ടത്. മുല്ലപ്പെരിയാർ അണക്കെട്ട് അടിയന്തരമായി ഡീകമ്മീഷൻ ചെയ്യണമെന്ന് ആവശ്യത്തിൽനിന്നു പിറകോട്ടില്ല.

ഇതിനിടെ, അണക്കെട്ടിന്റെ സുരക്ഷാപരിശോധകൾക്ക് അനുമതി തേടി കേന്ദ്ര ജലക്കമ്മീഷൻ സുപ്രീം കോടതിയിൽ അപേക്ഷ നൽകിയിരിക്കുകയാണ്. 2010–12 ലാണ് ഏറ്റവും ഒടുവിൽ സുരക്ഷാപരിശോധന നടത്തിയതെന്ന് ജലകമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു. സുരക്ഷാ പരിശോധന നടത്തണമെന്ന കേന്ദ്രജലക്കമ്മീഷന്റെ നിർദേശം നമ്മുടെ സംസ്ഥാനത്തിന്റെ സുവർണനേട്ടമാണ്. ഡാം എൻജിനീയറിംങ്ങിൽ വൈദഗ്ധ്യം നേടിയിട്ടുള്ള അന്താരാഷ്ട്രവിദഗ്ധർ അണക്കെട്ടു പരിശോധിക്കണമെന്ന വർഷങ്ങളായുള്ള എന്റെ ആവശ്യമാണിപ്പോൾ ഫലപ്രാപ്തിയിലെത്തുന്നത്. റിലയബിലിറ്റി സയന്റിസ്റ്റുകളെക്കൂടി പരിശോധനയ്ക്കെത്തിക്കാനായാൽ അണക്കെട്ട് ഡി കമ്മീഷൻ ചെയ്യണമെന്ന നമ്മുടെ ചിരകാലസ്വപ്നവും യാഥാർത്ഥ്യമാകും. ■

---

## FROM THE BIBLE

6



**ഫാ. തോമസ് പാട്ടത്തിൽചിറ CMF**

## മടക്കം

**മാ**നവവിമോചകൻ മടങ്ങിവന്നു. ഒളിയിടത്തിൽ ഒടുങ്ങേണ്ടതായിരുന്നില്ല വാഴ്‌വിലെ അവന്റെ ജീവിതം. അവനു വാഗ്ദാനങ്ങൾ പാലിക്കാനും ദൗത്യങ്ങൾ പൂർത്തിയാക്കാനും മുറവിളികൾക്കു മറുപടി പറയാനും വിലാപങ്ങൾക്കു വിരാമമിടാനുമുണ്ടായിരുന്നു. അതുകൊണ്ട്, അപായത്തിന്റെ അന്ധകാരം അകന്നപ്പോൾ അനർത്ഥങ്ങൾ ക്രമംതെറ്റാതെ കാത്തിരുന്നയിടത്തേക്ക് അവൻ തിരികെയെത്തി. അവൻ മടങ്ങിയെത്തിയത് താൻ യഥാർത്ഥത്തിൽ ആയിരിക്കേണ്ട ഇടത്തേക്കാണ്. അത്ര സുഖമൊന്നും ഉണ്ടായിരുന്ന സ്ഥലമായിരുന്നില്ല അത്. എങ്കിലും അവൻ അതിനു തിരുമനസ്സായി. നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടിയാണ് അവൻ തിരിച്ചുവന്നത്. ജീവിതത്തിൽ ചില അകലങ്ങളിൽനിന്നൊക്കെ തിരികെ നടക്കേണ്ടതായുണ്ട്. ഒരുപക്ഷേ, നമ്മിൽനിന്നുതന്നെ നാം ഏറെ അകന്നിട്ടുണ്ടാവാം. ദൈവമക്കൾ എന്നുള്ള മൗലികമായ അന്തസ്സിന്റെ ആദിനൈർമല്യത്തിൽനിന്ന്, സ്നേഹത്തിന്റെ ഊഷ്മളതയിൽനിന്ന്, കടമകളിൽനിന്ന്, കടപ്പാടുകളിൽനിന്ന് ദൂരെയായിട്ടുണ്ടാവാം. പാപജീവിതത്തിൽനിന്നു ദൈവസാന്നിധ്യത്തിലേക്കും, ശിഥിലീകരണത്തിൽനിന്നു കുടുംബത്തിന്റെ കെട്ടുറപ്പിലേക്കും, അശുദ്ധിയിൽനിന്നു വ്യക്തിബന്ധങ്ങളുടെ വിശുദ്ധിയിലേക്കും, സുഖഭോഗങ്ങളിൽനിന്നു ചില പരിത്യാഗങ്ങളിലേക്കുമൊക്കെ മടക്കയാത്ര ചെയ്യാം.



അകൽച്ചകൾ ഉണ്ടാവുക സ്വാഭാവികം. പക്ഷേ, അവ താത്കാലികം മാത്രമായിരിക്കണം. തിരികെനടക്കേണ്ടവരാണ് നാം എന്നുള്ള സത്യം വിസ്മരിക്കരുത്. അതിനായി ദൈവം ആരിലൂടെയെങ്കിലുമൊക്കെ നമുക്കു മുന്നറിയിപ്പു തരുമ്പോൾ അതിനെ സ്വീകരിക്കുകയും അതിനോടു സഹകരിക്കുകയും വേണം. ഓർക്കണം, ഏറ്റവും വിദൂരവും ആപത്കരവുമായ അകൽച്ച അകൃത്യങ്ങൾ വഴിയായി ദൈവത്തിൽനിന്നുള്ളതുതന്നെയാണ്. മനസ്താപത്തോടെ മടങ്ങിവരാൻ മടിക്കരുത്. പാപപരിഹാരത്തിന്റെ പാതയിലൂടെ പാപമോചകനായവന്റെ പാദാന്തികത്തിലേക്കു തിരികെയെത്താനാണ് നമ്മുടെ ആത്മീയാഭ്യാസങ്ങൾ ആത്യന്തികമായി നമ്മെ പ്രേരിപ്പിക്കേണ്ടതും പ്രബലരാക്കേണ്ടതും. കർത്തൃസവിധത്തിലേക്കുള്ള കാൽനടയാത്രയുടെ മറുനാമമാണ് നോമ്പ്. നമ്മുടെ തിരിച്ചുവരവിനെ ആശ്രയിച്ചാണ് നമ്മുടെയും മറ്റു പലരുടെയും രക്ഷ. തിരിഞ്ഞുനടക്കാൻ നാം വിസമ്മതിക്കുന്ന, വൈകുന്ന ഓരോ നിമിഷവും ആത്മനാശത്തിലേക്കുള്ള നമ്മുടെ യാത്രയെ കൂടുതൽ ത്വരിതമാക്കുകയേയുള്ളൂ. ആകയാൽ, നമ്മുടെ മടക്കയാത്ര കാത്തിരിക്കുന്ന ഒരു ദൈവവും ഒരുപിടി മനുഷ്യജന്മങ്ങളും ഉണ്ടെന്ന് എപ്പോഴും ഓർമിക്കാം. അരുതാത്തവയുടെ അടിമത്തത്തിൽനിന്നുള്ള മടക്കയാത്രകൾ ആത്മീയജീവിതത്തിൽ അനിവാര്യമാണ്. നന്മയിലേക്കു തിരിച്ചുവരുന്നവർക്കുവേണ്ടിയാണ് നവജീവിതത്തിന്റെ മോതിരവും മെതിയടികളും മൃദുലവസ്ത്രങ്ങളും വിരുന്നുമൊക്കെ ഒരുക്കപ്പെട്ടിരിക്കുന്നത്. ഇത്തരം തിരിച്ചറിവുകളുമായി വക്രവഴികളിൽനിന്ന് നേരിന്റെ നേർവഴികളിലേക്കു തിരികെവരാൻ നമുക്കു ധൈര്യപ്പെടാം.



# ദേവസഹായം

**ചരിത്രനോവൽ ആരംഭിക്കുന്നു**

ഗിരീഷ് കെ. ശാന്തിപുരം

**കാ**രാഗൃഹം.

കനത്ത ഇരുട്ട്. ഇരുട്ടിന് പൂതലിച്ച ഒരു ഗന്ധമുണ്ടെന്ന് ദേവസഹായത്തിനു തോന്നി. മനം മടുപ്പിക്കുന്ന ഒരു ഗന്ധം. ഇപ്പോൾ രാത്രിയോ പകലോ...?

നിശ്ചയമില്ല. തടവറയ്ക്കുള്ളിലേക്കു വെളിച്ചത്തിനു കടന്നുവരാൻ ഒരു നൂലോട്ടപോലുമില്ല.

രാത്രിയായിരുന്നു.

പത്മനാഭപുരം കോട്ടയ്ക്കു പുറത്തു കാറ്റുവീശി. വെളിമ്പറമ്പുകളിൽ കരിമ്പനകളുടെ ഇരുട്ടുവിശറികളിൽ കാറ്റുപിടിച്ചു. കാറ്റിൽ പൂവരശുകൾ തലയറഞ്ഞു. പുളിമരച്ചില്ലകളിൽ കാറ്റ് മൂളക്കംകൊണ്ടു.

പുറത്തുനിന്ന്, കാറ്റിന്റെ മൂളക്കമോ ഇലയനക്കങ്ങളോ ദേവസഹായത്തിനു കേൾക്കായില്ല. ഒരു രാപ്പാടിയുടെ ചിലമ്പൽപോലും ദേവസഹായത്തിനെ തേടിയെത്തിയില്ല.

കരിങ്കൽ ചുവരുകളാൽ തീർത്തതാണു തടവറ. കനത്ത ഇരുമ്പഴികളാൽ കവാടം കെട്ടിയ തടവറയ്ക്കുള്ളിൽ, ജടകെട്ടിയ ഇരുട്ടിൽ ചുവരും ചാരിയിരുന്നു ദേവസഹായം. കണ്ണുകൾ ഇറുകെ പൂട്ടിയിരുന്നു.

കണ്ണുകളടച്ചാലും ഇരുട്ട്. കണ്ണുകൾ തുറന്നാലും ഇരുട്ട്. സർവത്ര ഇരുട്ട്. ഇരുട്ട് ചികുരം വിതറിയ തടവറയ്ക്കുള്ളിൽ ദേവസഹായത്തിന് ഒന്നും കാണായില്ല. ഒന്നും കേൾക്കായില്ല.

മനുഷ്യജീവിതത്തിന്റെ വിധിവിഹിതങ്ങൾ ആർക്കു കണ്ടെത്താൻ കഴിയും...? കാലത്തിന്റെ നിയോഗങ്ങൾ ആർക്കു മാറ്റിമറിക്കാൻ കഴിയും...?

ദേവസഹായത്തിന്റെ മേൽനോട്ടത്തിലായിരുന്നു പത്മനാഭപുരം കോട്ടയുടെ നിർമാണം. കോട്ടയ്ക്കുള്ളിലെ തടവറകളുടെയും. പത്മനാഭപുരം കോട്ടയുടേതു മാത്രമല്ല ഉദയഗിരിക്കോട്ടയുടെ നിർമാണവും ദേവസഹായത്തിന്റെ മേൽനോട്ടത്തിലായിരുന്നു.

അതൊരു കാലം. അധികാരത്തിന്റെ അംഗവസ്ത്രങ്ങളും അംഗീകാരത്തിന്റെ ഉത്തരീയവും അണിഞ്ഞിരുന്ന കാലം. മുളങ്കാടുകൾ പൂക്കുകയും വേപ്പുമരങ്ങൾ തളിർക്കുകയും ചെയ്തിരുന്ന കാലം.

ആഷാഢത്തിലെ മഴനൂൽപ്പെയ്ത്തും ആവണിയിലെ വെയിൽത്തുമ്പിത്തുള്ളാട്ടവും മകരത്തിലെ മഞ്ഞുവീഴ്ചക്കുളിരും ദേവസഹായം ഓർമിക്കുന്നു. പക്ഷേ, അതെല്ലാം ആ കരുണാമയനായവൻ തന്നിൽനിന്ന് എടുത്തുമാറ്റിയിരിക്കുന്നു.

താനിപ്പോൾ പത്മനാഭപുരം കോട്ടയിലെ കാരാഗൃഹത്തിലാണ്...

ഒരുതുള്ളി ജലം... ദേവസഹായത്തിന്റെ ചുണ്ടുകളിൽ ദാഹം പൊരിഞ്ഞു. തൊണ്ട വരണ്ടു.

ഒരു വറ്റ് ആഹാരം... വയറിനുള്ളിൽ വിശപ്പിന്റെ പന്നഗങ്ങൾ ഫണം വിടർത്തുന്നു. പുളയുന്നു.

ഒരിറ്റു വെളിച്ചം... ദേവസഹായം ഇരുട്ടിലേക്കു കണ്ണുകൾ മിഴിച്ചു. കണ്ണുകൾ പ്രകാശം പരത്തുന്നു.

ജടകെട്ടിയ ഇരുട്ടിന്റെ കരിമ്പടത്തിനുള്ളിൽ ദേവസഹായത്തിനു വീർപ്പുമുട്ടുന്നു. കാലം കാരാഗൃഹത്തിനുള്ളിൽ മരിച്ചുമരവിച്ചു കിടക്കുന്നതുപോലെ ദേവസഹായത്തിനു തോന്നി.

സമയകാലങ്ങളെക്കുറിച്ച് ദേവസഹായത്തിനു നിശ്ചയം കിട്ടുന്നില്ല. സമയകാലങ്ങളളന്നുകുറിക്കാൻ തടവറയ്ക്കുള്ളിൽ മാപിനികളൊന്നുമില്ല. ഇരുട്ടിന്റെ കരിങ്കടൽപോലെ ഇരുണ്ടതായിരുന്നു ദേവസഹായത്തിനു കാലവും.

ദേവസഹായത്തിന് അനങ്ങാൻ കഴിയുന്നില്ല. കാലുകളിൽ വിലങ്ങു തറച്ചിരുന്നു. വിലങ്ങുരഞ്ഞ് കണങ്കാലുകളിലെ തോലുപൊട്ടിയിരുന്നു. ചങ്ങലകളാൽ കൈകൾ ബന്ധിക്കപ്പെട്ടിരുന്നു. വാൾപ്പിടികൊണ്ടും ചാട്ടവാറുകൊണ്ടുമുള്ള പ്രഹരത്താൽ മുതുകിലെയും നെഞ്ചിലെയും മാംസം മുറിഞ്ഞിരുന്നു. അവിടെനിന്ന് രക്തവും വെള്ളവും പുറപ്പെടുന്നു.

ശരീരമാസകലം കൊത്തിനുറുക്കിയതുപോലെ വേദനിക്കുന്നു. ഞരമ്പുകൾ വലിഞ്ഞുമുറുകി പൊട്ടാൻ നില്ക്കുന്നു. ഒരു മനുഷ്യനു സഹിക്കാൻ പറ്റുന്നതിലപ്പുറമായിരുന്നു ദേവസഹായത്തിന്റെ ശാരീരികപീഡകൾ.

പക്ഷേ, ദേവസഹായത്തിന്റെ മനസ്സ് അദ്ദേഹത്തിന്റെ ശാരീരി



കവേദനകളെ തൊട്ടില്ല. ഒരു വെളിച്ചം ജറുസലേം ദേവാലയത്തിലെ അണയാദീപംപോലെ അദ്ദേഹത്തിന്റെ ഹൃദയത്തിൽ തെളിഞ്ഞുനില്ക്കുന്നു. അത് ക്രിസ്തുദേവനിലുള്ള വിശ്വാസമാണ്. സ്നേഹമാണ്. ഭക്തിയാണ്. ദേവസഹായത്തിന്റെ പ്രാർത്ഥനയാണ്.

അവിടെ ദുഃഖങ്ങളുടെ കാർമേഘങ്ങൾ ദുന്ദുഭിയുയർത്തുന്നില്ല. സങ്കടങ്ങളുടെ ചാവുകടൽ തിരയുയർത്തുന്നില്ല. അത് പ്രാണഭയത്തിന്റെ കൊടുങ്കാറ്റുകൾക്ക് അഭിമുഖം നില്ക്കുന്നില്ല.

ദേവസഹായത്തിന്റെ ഹൃദയം തിരയടങ്ങിയ ഗലീലിയാത്തടാകംപോലെ ശാന്തവും പ്രത്യാശയുടെ നീലിമയാർന്നതുമായിരുന്നു. അത് മഞ്ഞണിഞ്ഞ സീയോൻപർവതംപോലെ സദാ ദൈവത്തെ നോക്കി ശാന്തമായിരിക്കുന്നു.

എങ്കിലും ശാരീരികവേദനകൾ അവർണനീയംതന്നെ. എഴുന്നേല്ക്കാനോ തടവറയിലെ ഇത്തിരിവട്ടത്തിൽ നടക്കുവാനോ ദേവസഹായത്തിനു കഴിയുമായിരുന്നില്ല. ശരീരത്തിന്റെ കെല്പ് അപ്പാടെ അറ്റുപോയിരുന്നു.

കൊടിയ വേനൽക്കാലമായിരുന്നിരിക്കണം... എന്തെന്നാൽ, അത്രമേൽ ഉഷ്ണം പെയ്യുന്നുണ്ടായിരുന്നു തടവറയ്ക്കുള്ളിൽ. ഉഷ്ണത്തിന്റെ ശരമുനകൾ ശരീരത്തിൽ തറഞ്ഞിറങ്ങുന്നു. രോമകൂപങ്ങളിൽ വിയർപ്പു പൊടിയുന്നു. ദേഹമാകെ വിയർപ്പുചാലുകീറിയപ്പോൾ ദേവസഹായത്തിന് അസഹ്യമായ നീറ്റൽ അനുഭവപ്പെട്ടു.

രാജഭടന്മാർ ഒരു കൊടുംകുറ്റവാളിയോടെന്നവണ്ണമാണ് ദേവസഹായത്തോടു പെരുമാറിയത്. അത്രമേൽ ക്രൂരമായാണ് അവർ അദ്ദേഹത്തെ മർദിച്ചത്.

പ്രഹരമേല്ക്കുംതോറും ദേവസഹായം കൂടുതൽ സൗമ്യനും നിശ്ശബ്ദനുമായി കാണപ്പെട്ടു. ഈ നിശ്ശബ്ദതയും സൗമ്യവുമാണ് രാജഭടന്മാരെ ഏറെ പ്രകോപിതരാക്കിയത്. ആ സഹനമത്രയും അദ്ദേഹത്തിന്റെ അഹങ്കാരംകൊണ്ടാണെന്നു രാജഭടന്മാർ കണക്കുകൂട്ടി.

പക്ഷേ, ദേവസഹായത്തിന്റെ ഹൃദയത്തിൽ തിരുവെഴുത്തുകളുടെ ആശ്വാസം ഉണ്ടായിരുന്നതുകൊണ്ടാണ് അദ്ദേഹത്തിന് ഈ പീഡനങ്ങളൊക്കെ സഹിക്കാൻ കഴിഞ്ഞതെന്നു രാജഭടന്മാർക്കു മനസ്സിലായില്ല. അവരുടെ മനസ്സുനിറയെ ദുഷ്ടതയും വായ നിറയെ വ്യാജവുമായിരുന്നു. അവർ ലോകത്തെക്കുറിച്ച് ഒന്നും അറിയുന്നില്ല. അവരിൽ ഒന്നും അവശേഷിക്കുന്നില്ല. അവർ വൃഥാവിൽ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന ചേങ്ങിലയോ ആകുന്നു. അവർ ഭൂമിയിലെ നശ്വരമായ അധികാരത്തിന്റെ അടയാളമുദ്രകൾ അണിയുന്നു. താനോ... മഹനീയവും കാലാതിവർത്തിയുമായ സ്വർഗരാജ്യത്തിന്റെ അംഗവസ്ത്രം ധരിപ്പാനായി ആഗ്രഹിക്കുന്നു.

തന്റെ പ്രവൃത്തികളൊക്കെയും ദൈവനീതിയുടെ നിർവഹണത്തിനുവേണ്ടിയാണ് അഥവാ തന്നിലൂടെ നടപ്പാകുന്നതൊക്കെയും ദൈവനീതിയുടെ നടത്തിപ്പാണ്.

അല്ലെങ്കിൽ ഇപ്രകാരമൊന്നും സംഭവിക്കേണ്ടതില്ല. തനിക്കുള്ള സമയമായിരിക്കുന്നു. ഒരു കല്ലേറു ദൂരത്തിനപ്പുറം ദേവസഹായം തന്റെ മരണം കണ്ടു.

ദൂരെയെവിടെയോ വടവൃക്ഷങ്ങളും കരിഞ്ചുരമുൾച്ചെടികളും നിറഞ്ഞ താഴ്‌വരകൾക്കപ്പുറത്തു വലിയ പാറക്കെട്ടുകൾ നിറഞ്ഞ ഒരു മല ദേവസഹായം കാണുന്നു. അവിടെ ഉയർത്തി നാട്ടിയിരിക്കുന്ന ഒരു കുരിശുമരം. അതു തനിക്കുള്ളതാണ്.

ദൈവമേ, എന്റെ വൈരികൾ എത്രയോ പെരുകിയിരിക്കുന്നു. മരണത്തിന്റെയും പാതാളത്തിന്റെയും സഖ്യകക്ഷികൾ എനിക്കെതിരേ സംഘം ചേരുന്നു. അവരെന്റെ ഹൃദയത്തെ ചിതറിച്ചുകളയുന്നു. അവരെന്റെ അസ്ഥികൾ തകർക്കുന്നു.

കഷ്ടതകൾ പറ്റമായി വരുന്നു. ആത്മീയസങ്കടങ്ങളുടെ കൂമ്പാരങ്ങൾ.... ശാരീരികപീഡകളുടെ കൂട്ടങ്ങൾ.... അവയൊക്കെയും വിശുദ്ധനഗരിയിലേക്കു വഴിതെളിക്കുന്ന കമ്രനക്ഷത്രങ്ങളാകട്ടെ. എന്റെ ഹൃദയ ഉരുക്കങ്ങൾ കൃപാവരങ്ങളുടെ വിശുദ്ധപർവതങ്ങളിലേക്കു നയിക്കുന്ന വഴിവെളിച്ചമാകട്ടെ.

ദേവസഹായം തന്റെ പ്രിയസുഹൃത്തും ആത്മോപദേശകനുമായ ക്യാപ്റ്റൻ എസ്തേക്കിയൂസ് ബനഡിക്ട് ഡിലനായിയെ കാണാനാഗ്രഹിച്ചു. ക്യാപ്റ്റൻ എസ്തേക്കിയൂസ് ബനഡിക്ട് ഡിലനായി ഡച്ചുപൗരനാണ്. ഡച്ചു കപ്പൽപ്പടയുടെ തലവനായിരുന്നു.

പക്ഷേ, ഇപ്പോൾ അദ്ദേഹം തിരുവിതാംകൂറിന്റെ പടത്തലവനാണ്. വലിയ കപ്പിത്താൻ എന്ന പട്ടം ചാർത്തിക്കിട്ടി മഹാരാജാവിനാൽ ആദരിക്കപ്പെട്ടവൻ.

ക്യാപ്റ്റൻ ഡിലനായി ഇപ്പോൾ എവിടെയായിരിക്കും?

തിരുവിതാംകൂറിന്റെ പടയാളിത്താവളത്തിൽ നായർപടയാളികൾക്കു യൂറോപ്യൻ രീതിയിലുള്ള യുദ്ധമുറകൾ അഭ്യസിപ്പിക്കുകയാകാം. അല്ലെങ്കിൽ ഉദയഗിരിയിൽ മഹാരാജാവ് പണിയിച്ചു കൊടുത്ത മാളികയിൽ വിശ്രമിക്കുകയാകാം.

ക്യാപ്റ്റൻ ഡിലനായി ദേവസഹായത്തിന്റെ ഉത്തമസുഹൃത്തായിരുന്നു. ക്രിസ്തുദേവനിൽ അചഞ്ചലമായ വിശ്വാസവും ക്രിസ്തുമതത്തെക്കുറിച്ച് ആഴത്തിലുള്ള ജ്ഞാനവും സ്വായത്തമാക്കിയ ആൾ.

ജ്ഞാനം ആരെയും അഹങ്കാരികളാക്കുന്നില്ല. അത് ആരെയും ദ്വേഷികളുമാക്കുന്നില്ല. ജ്ഞാനിയായ ഒരുവൻ വിശാലമായ താഴ്‌വരപോലെയാണ്. നദീതീരത്തെ ഉദ്യാനംപോലെ. കർത്താവ് നട്ട കാരകിൽനിരപോലെ. നീർച്ചാലിനടുത്തുള്ള ദേവതാരുപോലെ.

ജ്ഞാനം ഒരുവനെ സുഗന്ധം പ്രസരിപ്പിക്കുന്നവനാക്കുന്നു. അവനിൽനിന്നു മാനവസ്നേഹത്തിന്റെ നീലനദികൾ ഉറവുകൊള്ളുന്നു. അവനിൽ കരുണയുടെ ജടാമാഞ്ചികൾ പൂക്കുന്നു. അവൻ അലമുറയിടുകയോ വിലപിക്കുകയോ ചെയ്യാറില്ല. അവൻ മൗനംകൊണ്ടും മന്ദഹാസംകൊണ്ടും മൃദുഭാഷണങ്ങൾകൊണ്ടും അപരന്റെ ഹൃദയമുറിവുകളെ ശുശ്രൂഷിക്കുന്നു.

മനുഷ്യൻ എത്ര നിസ്സാരനാണ്! അംഗവസ്ത്രവും കിരീടവും ചെങ്കോലും അണിഞ്ഞ രാജാവും മനുഷ്യൻതന്നെ. കായബലവും കരളുറപ്പും ആയുധവിരുതുമുള്ള പടയാളിയും മനുഷ്യൻ തന്നെ. രാജ്യങ്ങളുടെ സകലസമ്പത്തും ശലമോന്റെ ജ്ഞാനവും അലക്സാണ്ടറുടെ സൈനികബലവും ഡെമോസ്തനീസിന്റെ വാഗ്വിലാസവും ഒരുവനിൽ ഒരുമിച്ചുചേർന്നാലും അവനും മനുഷ്യൻതന്നെ.

മനുഷ്യജീവിതം വയലിലെ പുൽക്കൊടിക്കു തുല്യമത്രേ. അതു കാറ്റിൽ മറിഞ്ഞുപോകയും വേനലിൽ കരിഞ്ഞുപോകയും ചെയ്യുന്നു.

അതു ചക്രവർത്തിയായാലും പ്രജയായാലും അങ്ങനെതന്നെ സംഭവിക്കും. എന്തെന്നാൽ, മനുഷ്യജീവിതം ഭംഗുരമത്രേ... അതു ജലവാഹനംപോലെയും ആകാശത്തിലെ പക്ഷികളുടെ പറക്കൽപോലെയും ഒരടയാളവും ശേഷിപ്പിക്കുന്നില്ല.

ക്യാപ്റ്റൻ ഡിലനായിയാണ് ക്രിസ്തുദേവനിലേക്കു തന്നെ കൂട്ടിക്കൊണ്ടുപോയത്. അപ്പത്തിന്റെ ഗേഹം എന്നറിയപ്പെടുന്ന ബത്‌ലഹേമിൽ ജനിച്ച ക്രിസ്തുവിനെക്കുറിച്ച് തന്നോടു പ്രഘോഷിച്ചതും അദ്ദേഹമാണ്. ക്യാപ്റ്റൻ ഡിലനായി ആണ്. ഭൂമിയിലെ മനുഷ്യജീവിതത്തിന്റെ വ്യർത്ഥതയെക്കുറിച്ചും സ്വർഗീയജീവിതത്തിന്റെ നിത്യതയെക്കുറിച്ചും ക്രിസ്തുദേവന്റെ ഗാഗുൽത്തായിലെ കുരിശുമരണത്തെക്കുറിച്ചും തന്നോടു പറഞ്ഞത് സിലനോയിയാണ്.

അന്നു താൻ ദേവസഹായം പിള്ള ആയിരുന്നില്ല. വെറും നീലകണ്ഠനായിരുന്നു. ക്യാപ്റ്റൻ ഡിലനായി എന്നോടു സംസാരിച്ചവസാനിപ്പിക്കുമ്പോൾ നീലകണ്ഠൻ എന്ന ഞാൻ കണ്ടു.

അങ്ങു ദൂരെ ദൂരെ, ജറുസലേമിനും ഗലീലിയാക്കടലിനും ഒലിവുമലയ്ക്കും ഒരുപാടു ദൂരെ തലയോട്ടിമലയിൽ രണ്ടു കള്ളന്മാർക്കു നടുവിൽ ഉയർത്തി നാട്ടിയ മരക്കുരിശിൽ മൂന്നാണികളിൽ അർദ്ധനഗ്നനായ ഒരു മനുഷ്യനെ.

കുരിശു പൂക്കുന്ന നേരമായിരുന്നത്.

*(തുടരും)*

# അമ്മമലയാളം അത്യാസന്നനിലയിൽ

9-ാം പേജ് തുടർച്ച

ഈടുറ്റ രണ്ടു ലേഖനങ്ങൾ അദ്ദേഹം എഴുതിത്തന്നു. അതു മംഗളം ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചു.

എന്റെ ലേഖനപരമ്പരയ്ക്കു പുറമേ, എൽ.പി., യു.പി., എച്ച്.എസ്., ടി.ടി.ഐ. എന്നീ വിഭാഗങ്ങളിലെ പ്രഥമാധ്യാപകരുടെയും കോളജ്, ട്രെയിനിങ് കോളജുകളിലെ മലയാളവിഭാഗം മേധാവികളുടെയുമായ മറ്റൊരു പരമ്പരയും മംഗളത്തിലൂടെ പ്രസിദ്ധീകരിച്ചു. പക്ഷേ, ഒരു ഫലവും ഉണ്ടായില്ല. അവസാനം, ഇക്കഴിഞ്ഞ ഒക്ടോബർ 25 ന് എസ്.സി.ഇ.ആർ.ടി ഡിറക്ടറെ ഫോണിൽ വിളിച്ചിട്ട്, ഞാൻ പറഞ്ഞു: “2018 നവംബർ ഒന്നാം തീയതി മുതലുള്ള പരിശ്രമങ്ങളായിരുന്നു ഞാൻ നടത്തിക്കൊണ്ടിരുന്നത്. 2021 നവംബർ ഒന്ന് കേരളപ്പിറവിദിനം എന്തെങ്കിലും തീരുമാനം പ്രതീക്ഷിക്കാമോ?” ഞാൻ ചോദിച്ചതും ‘ഇല്ല’ എന്ന ഒറ്റവാക്കിലുള്ള ഉത്തരം നല്കി ഫോൺ കട്ടു ചെയ്തതും ഒരുമിച്ചായിരുന്നു!

ഞാൻ പ്രബോധചന്ദ്രൻസാറിനെ ഫോണിൽ വിളിച്ചു പറഞ്ഞു: “സാറേ, എന്റെ പ്രതീക്ഷയെല്ലാം അസ്തമിച്ചു. കൈയിലുള്ള രേഖകളെല്ലാം ഞാൻ കത്തിച്ചുകളയാൻ പോകുകയാണ്.” “അവിവേകം അരുത്”, അദ്ദേഹത്തിന്റെ ആജ്ഞാസ്വരം! എന്നിട്ട് അദ്ദേഹം പറഞ്ഞു: “അച്ചൻ ഈ രേഖകളെല്ലാം ഒരു പുസ്തകമാക്കി പ്രസിദ്ധീകരിക്കണം...!”

**സമരക്കളത്തിൽ അർജ്ജുനൻ**

പ്രബോധചന്ദ്രൻസാറിനെപ്പോലെ ഇത്ര പ്രഗല്ഭനായ ഒരാൾ നോക്കിയിട്ടുപോലും ലക്ഷ്യം കാണാനാവാതെ പകച്ചുനിന്നപ്പോൾ, ഭാഷാപണ്ഡിതനും സാംസ്കാരികനായകനുമായ ശ്രീ എം. എൻ. കാരശ്ശേരിമാഷിന്റെ ഫോൺനമ്പർ സംഘടിപ്പിച്ച് ഞാനദ്ദേഹത്തെ വിളിച്ചു. അക്ഷരമാല പാഠപുസ്തകത്തിലില്ല എന്നു പറഞ്ഞപ്പോൾ അദ്ദേഹവും ഞെട്ടിപ്പോയി!

കുരുക്ഷേത്രയുദ്ധത്തിലെ അർജ്ജുനനെപ്പോലെ അദ്ദേഹം കളത്തിലിറങ്ങി. ഏതായാലും നവംബർ ഒന്നാം തീയതി അദ്ദേഹത്തിന്റെ ശ്രദ്ധാർഹമായ ലേഖനം മാതൃഭൂമിയിൽ വന്നു. തുടർന്നിങ്ങോട്ടു ലേഖനപരമ്പരതന്നെ മാതൃഭൂമിയുടെ എഡിറ്റോറിയൽ പേജിൽ വന്നു. ഡോ. വി. ആർ. പ്രബോധചന്ദ്രൻ നായർ, ഡോ. ടി. ബി. വേണുഗോപാലപ്പണിക്കർ, ഡോ. എം.ആർ. രാഘവവാര്യർ, ശ്രീ രാജൻ ചെറുകാട് മുതലായ ഉന്നതന്മാരുടെ ഈടുറ്റതും അക്ഷരമാല അപ്രത്യക്ഷമായതിലുള്ള അമർഷം തുളുമ്പുന്നതുമായ ലേഖനങ്ങൾ വന്നതോടെ കേരളം മുഴുവൻ ഈ വിഷയം ചർച്ച ചെയ്യാൻ തുടങ്ങി. അതോടെ വലിയ പ്രതീക്ഷയിലായി ഞാൻ.

**ആന്റിക്ലൈമാക്സ്**

അപ്പോഴിതാ, ഒരു രാത്രി കാരശ്ശേരി മാഷിന്റെ ഫോൺ! അട്ടിമറിക്കുള്ള സാധ്യതയുണ്ടെന്നു പറഞ്ഞാണ് അദ്ദേഹം എന്നെ വിളിച്ചത്. അദ്ദേഹം ചോദിച്ചു, തിരുവനന്തപുരത്തു സെക്രട്ടറിയേറ്റിന്റെ മുമ്പിൽ സമരമിരിക്കാമോ എന്ന്. എഴുപത്താറു കഴിഞ്ഞ ഈ കിഴവന് ഇനി അങ്ങനെയൊരു സാഹസത്തിനു മുതിരാൻ പറ്റില്ല എന്നു ഞാൻ പറഞ്ഞു. എങ്കിൽ, കേസിനു പോകാമോ എന്നായിരുന്നു മാഷിന്റെ അടുത്ത ചോദ്യം. അതും പറ്റില്ല എന്നു ഞാൻ പറഞ്ഞു. എങ്കിലും, അക്ഷരസമരത്തിൽ സജീവമായി ഇടപെട്ടുകൊണ്ടിരുന്ന ഭാഷാസ്നേഹിയും കോലഞ്ചേരി മെഡിക്കൽ കോളജ് പ്രൊഫസറുമായ ഡോ. ജെ.കെ.എസ്. വീട്ടൂറിനോട് കേസിനു പോകുന്ന കാര്യം ഞാൻ പറഞ്ഞു. രാത്രി പാതിരാ കഴിഞ്ഞും രോഗികളെ പരിചരിക്കുന്ന ആ ഭാഷാസ്നേഹി അതിനു സന്നദ്ധത അറിയിച്ചു...! അദ്ദേഹം നേതൃത്വം നൽകുന്ന ആലപ്പുഴ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന റൈറ്റേഴ്സ് ഫോറത്തിന്റേതായി ഒരു നിവേദനം ചീഫ് സെക്രട്ടറി ഡോ. ജോയി വാഴയിലിനു നൽകുകയും ചീഫ് സെക്രട്ടറി നിർണായകമായ ഇടപെടൽ ഇതിനോടകം നടത്തുകയും ചെയ്തിരുന്നു എന്ന കാര്യം എടുത്തു പറയേണ്ടിയിരിക്കുന്നു.

**ക്ലൈമാക്സ്**

ഇതിനിടെ, അസംബ്ലിയിൽ പൂഞ്ഞാർ എം.എൽ.എ. ശ്രീ സെബാസ്റ്റ്യൻ കുളത്തിങ്കൽ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ, അക്ഷരമാല പാഠാവലിയിലില്ല എന്ന വിവരം അസംബ്ലിയംഗങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. പതിവിനു വിരുദ്ധമായി, ഭരണപ്രതിപക്ഷാംഗങ്ങൾ ഇക്കാര്യത്തിൽ യോജിപ്പു പ്രകടിപ്പിച്ചു. വിദ്യാഭ്യാസമന്ത്രി ശ്രീ ശിവൻകുട്ടി അക്ഷരമാല പാഠപുസ്തകത്തിൽ ചേർക്കുന്നതിനുള്ള തീരുമാനം അസംബ്ലിയിൽ അറിയിച്ചു! കൂടാതെ, ഫോണിലൂടെ കാരശ്ശേരി മാഷിനെ മന്ത്രി വിവരം അറിയിക്കുകയും ചെയ്തു.

കേരളത്തിലാകമാനം സന്തോഷം തിരതല്ലി. അഭിനന്ദനങ്ങളും നന്ദിയും അറിയിച്ചുകൊണ്ടുള്ള ഫോൺ വിളികൾ വന്നു. അക്ഷരസമരത്തിൽ പങ്കുചേർന്ന ഏവർക്കും നന്ദി. ശ്രേഷ്ഠഭാഷാപദവി ലഭിച്ച നമ്മുടെ ഭാഷയുടെ അന്തസ്സും മഹത്ത്വവും കാത്തുസൂക്ഷിക്കാൻ നമുക്കു സാധിക്കട്ടെ. ദൈവത്തിനു സ്തുതി! ■

---

# കർപ്പൂരം

**ജോഷി മുഞ്ഞനാട്ട്**

കാർഷികം

എട്ടു മീറ്ററോളം ഉയരത്തിൽ വളരുന്ന ഒരു ചെറു വൃക്ഷമാണ് കർപ്പൂരം.

നേപ്പാൾ, വിയറ്റ്നാം, ഇന്തോനേഷ്യ, ആഫ്രിക്കൻരാജ്യങ്ങൾ, ചൈന, ഇന്ത്യ, ജപ്പാൻ എന്നിവിടങ്ങളിൽ ഇവ കാണപ്പെടുന്നു. ശാസ്ത്രനാമം സിന്നമേമം കോമിഫൊറ. കർപ്പൂരത്തിന്റെ ഇലകൾ, തടി, വേര് എന്നിവ പ്രത്യേകരീതിയിൽ വാറ്റിയാണ് കർപ്പൂരവും കർപ്പൂരതൈലവും ഉണ്ടാക്കുന്നത്.

ഫംഗസ്, ബാക്ടീരിയ, ചിലതരം വൈറസുകൾ എന്നിവയെ നശിപ്പിക്കാനുള്ള കഴിവ് കർപ്പൂരത്തിനുണ്ട്.

തീപ്പൊള്ളലിനുള്ള ലേപനങ്ങൾ, ജരാനരകൾ വേഗത്തിൽ ബാധിക്കാതിരിക്കുന്നതിനുള്ള ക്രീമുകൾ, വേദനസംഹാരികളായ ഓയിന്റ്മെന്റുകൾ, സൺസ്ക്രീമുകൾ തുടങ്ങിയവയുടെ നിർമാണത്തിനും കർപ്പൂരവും കർപ്പൂരതൈലവും ഉപയോഗിക്കാറുണ്ട്.

ചുമ, കഫക്കെട്ട്, ഉറക്കക്കുറവ്, ശ്വാസ



തടസ്സം, വാതസംബന്ധമായ വേദന, നീർക്കെട്ട്, പുകച്ചിൽ, മുടികൊഴിച്ചിൽ, തലയിലെ പേൻമാറാൻ, പല്ലിന്റെ ആരോഗ്യം, മുഖസൗന്ദര്യം, തൊലിപ്പുറത്തുള്ള രോഗങ്ങൾ, സന്ധിവേദന തുടങ്ങി ഒട്ടനവധി ആവശ്യങ്ങൾക്കായി കർപ്പൂരം തനിച്ചും മറ്റു മരുന്നുകളോടു ചേർത്തും ഉപയോഗിച്ചുവരുന്നു . വൈദ്യനിർദേശപ്രകാരം മാത്രം ഉപയോഗിക്കേണ്ട മരുന്നുകളും ഇവയിൽ ഉണ്ട്.

---




# ദുരിതജീവിതം പങ്കിട്ടെടുത്തവൾ



**ജോയിഷ് ജോസ്**

“ഹായ് ഹായ്, എന്റെ അഭിമാനം രക്ഷിക്കാൻ ആരുമില്ല. നമ്മൊളൊത്തുചേർന്നു നമ്മുടെ സഹോദരിമാരുടെ മാനം രക്ഷിക്കാം. അമ്മമാരുടെ മാനം രക്ഷിക്കാം. അവർ തെരുവുകളിൽ ചൂഷണം ചെയ്യപ്പെടുകയാണ്. ചന്തകളിൽ വിൽക്കപ്പെടുകയാണ്.”

(‘പച്ചവിരൽ’ - ദയാബായിയുടെ ആത്മകഥയിൽനിന്ന്)

ചില പുസ്തകങ്ങൾ അങ്ങനെയാണ്. വായനയ്ക്കുശേഷം ഒന്നോ രണ്ടോ ദിവസങ്ങളോ ആഴ്ചകളോ ചിലപ്പോൾ മാസങ്ങളോ അതുമല്ലെങ്കിൽ വർഷങ്ങളോ എടുത്തായിരിക്കും നമ്മളെ ചിന്തിപ്പിക്കാൻ തുടങ്ങുന്നത്. അങ്ങനെയൊരു പുസ്തകമാണ് എനിക്ക് ദയബായിയുടെ ജീവിതകഥയായ പച്ചവിരൽ. 2015 ൽ വായിച്ച ഈ പുസ്തകം അന്നെന്നെ സ്പർശിച്ചതേയില്ലെന്നു പറയുന്നതാവും കൂടുതൽ ശരി. എന്നാൽ, കഴിഞ്ഞ ദിവസം ഒരു ഫേസ്ബുക്ക് സുഹൃത്തിന്റെ പച്ചവിരലിനെക്കുറിച്ചുള്ള ചെറിയ കുറിപ്പ് കണ്ടാണ് ഒരു പുനർവായനയ്ക്കു തയ്യാറാവാം എന്നു കരുതിയത്. ഒറ്റ രാത്രിയിൽ ഒരിരുപ്പിനുതന്നെ വായിച്ചു തീർത്തു.

പാലാ പൂവരണിയിൽ ജനിച്ച മേഴ്സി മാത്യുവാണ് പാവങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിലൂടെ ദയാബായി ആയി മാറിയത്. മഠത്തിൽനിന്ന് ആദ്യമായി ആദിവാസിഗ്രാമത്തിൽ പോയപ്പോൾ ‘നീയാരാണ്? എന്തിനിവിടെ വന്നു? ഞങ്ങൾ കാട്ടിലെ കുരങ്ങന്മാരാണ്’ എന്ന് ആത്മനിന്ദയോടെ പറഞ്ഞ ഊരുമൂപ്പന്റെ വാക്കുകളാണ് ഇന്നത്തെ വേഷമണിയാൻ ദയാബായിയെ പ്രേരിപ്പിച്ചത്. യഥാർഥ മിഷണറി പ്രവർത്തനമെന്നത്, കാറ്റും വെയിലും കൂസാതെ, ദുരിതം ജീവിതമായവരുടെകൂടെ അവരുടെ ജീവിതം പങ്കിട്ടെടുക്കുകയാണെന്ന് ബോധ്യമുണ്ടായിരുന്ന അവർ തനിയെ എന്തെങ്കിലും ചെയ്യണമെന്ന തീരുമാനത്തോടെ കോൺവെന്റ് ഉപേക്ഷിച്ചിറങ്ങുകയായിരുന്നു. വർഷങ്ങളോളം മധ്യപ്രദേശിലെ ചിന്ത്വാഡ ജില്ലയിലെ തിന്സായിലും ബറൂൾ എന്ന ആദിവാസിഗ്രാമത്തിലുമായിരുന്നു ദയാബായിയുടെ ജീവിതം. ബി.എസ്.സി ബിരുദധാരിയായിരുന്ന അവർ എം.എസ്. ഡബ്ല്യൂ. എൽ.എൽ.ബി. ബിരുദങ്ങൾ നേടിയത് അശരണർക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളുടെ ഇടയിലാണ്. ബോംബെയിലെ ചേരിപ്രദേശങ്ങളിൽ ദീർഘകാലം പ്രവർത്തിച്ച അവർ യുദ്ധകാലദുരിത പ്രവർത്തനങ്ങളിലും പ്രകൃതിദുരന്തങ്ങളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ആദിവാസികൾക്കുവേണ്ടി എന്തെങ്കിലും ചെയ്യണമെങ്കിൽ ആദ്യം അവരുടെ വിശ്വാസം നേടണം. നഗരവാസികളെ ആദിവാസികൾക്കു ഭയമാണ്, അതിനായി അവരുടെ വിശ്വാസം നേടാൻ മേഴ്സി മാത്യു അവരുടെ വേഷം ധരിച്ചു. അവരുടെ ആഭരണങ്ങളണിഞ്ഞു. അവരെപ്പോലെ മൺവീട് സ്വയം കെട്ടിയുണ്ടാക്കി അതിലുറങ്ങി. അവരുടെകൂടെ പാടങ്ങളിൽ പണിയെടുത്തു. അവരുണ്ണുന്നതെന്തോ അതുമാത്രമുണ്ടു. അങ്ങനെ അവരിലൊരാളായി ജീവിച്ചു.

ഗോത്രവർഗഗ്രാമങ്ങളിലൂടെ നിരന്തരം രാത്രികാലങ്ങളിൽപോലും യാത്ര ചെയ്തിട്ടുള്ള ദയാബായി വന്യജീവികളെ പല തവണ നേർക്കുനേർ കണ്ടു. പക്ഷേ, അവർ പറയുന്നത് മനുഷ്യരെ മാത്രമാണു ഭയപ്പെടേണ്ടതെന്നാണ്..

ആദിവാസികളുടെ അവകാശങ്ങളും അഭിമാനവും സംരക്ഷിക്കാൻ അവരെ




ബോധവത്കരിച്ചു ശക്തീകരിക്കേണ്ടതുണ്ടെന്നു മേഴ്സിക്കു മനസ്സിലായി. അതിനായുള്ള ആശയപ്രചാരണത്തിന് അവരുടെ ഭാഷയിൽത്തന്നെ തെരുവുനാടകവും കവിതകളും മറ്റും സംഘടിപ്പിച്ച് അവരെ കാര്യപ്രാപ്തിയുള്ളവരാക്കി. ഫോറസ്റ്റിലും പോലീസിലും പഞ്ചായത്തിലും വിദ്യാഭ്യാസവകുപ്പിലും ആരോഗ്യവകുപ്പിലുമുള്ള ഉദ്യോഗസ്ഥരുടെ നീതികേടിനെതിരേ മേഴ്സി മാത്യൂ പ്രതികരിച്ചു. തത്ഫലമായി ജയിൽവാസം അനുഭവിക്കേണ്ടിവരികയും പോലീസ് മർദനത്തിൽ പല്ലുകളും മറ്റും നഷ്ടപ്പെടുകയും ചെയ്തു. എങ്കിലും അവർ പോരാട്ടം തുടർന്നുകൊണ്ടിരുന്നു. വിദ്യാലയങ്ങളും ആശുപത്രിയും തുടങ്ങി ആദിവാസികൾക്കു വേണ്ടതെല്ലാം അവർക്കായി നേടിയെടുത്തു മേഴ്സി. കള്ളക്കേസും പരിഹാസവും മർദനങ്ങളും ഒന്നും അവരെ പിന്തിരിപ്പിച്ചില്ല. ഝാൻസി റാണിയെപ്പോലെ കുതിരപ്പുറത്തു കയറി റോന്തു ചുറ്റി അവർ ഓരോ ഗ്രാമത്തിലെയും വിവരങ്ങളറിഞ്ഞു. ഒടുവിൽ ആ പാവങ്ങൾ മേഴ്സി മാത്യുവിനെ തിരിച്ചറിഞ്ഞു, തങ്ങളുടെ ഇടയിലേക്കു വന്ന നഗരവാസി അവരുടെ ശത്രുവല്ല മിത്രമാണെന്ന്. പിന്നീടവർ വിളിക്കുന്നത് ബായി എന്നാണ്... ദയാബായി....

ഇച്ഛാശക്തിയുടെയും നിശ്ചയദാർഢ്യത്തിന്റെയും തീച്ചൂളയിൽ ഒരു മനുഷ്യന്റെ എല്ലാ ദൗർബല്യവും വെന്തുരുക്കി കരുത്തുറ്റ ഒരു മനുഷ്യസ്നേഹിയായി ജീവിക്കാമെന്നു തെളിയിച്ച സത്യസന്ധതയുടെയും നീതിബോധത്തിന്റെയും ആർജവത്തിന്റെയും മൂർത്തീഭാവമായ ദയാബായിയെ വായിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്. ■



# കല്ലേൻ പൊക്കുടൻ എന്ന പ്രാന്തൻ കണ്ടൽ !

28
പ്രകൃതിക്കൊരു പുനർവായന



മാത്യു എം. കുര്യാക്കോസ്

പരിസ്ഥിതിസംരക്ഷണപ്രവർത്തനങ്ങളിലേർപ്പെടാൻ, നാടറിയുന്ന സംഭാവനകൾ നല്കാൻ, അതിലൊരു വിജയമാകാൻ വിദ്യാഭ്യാസമോ, പണമോ, കഴിവോ, പ്രായമോ ഒന്നും തന്നെ തടസ്സമല്ല എന്നു കേരളം ലോകത്തെ പഠിപ്പിച്ചത് കല്ലേൻ പൊക്കുടൻ എന്ന അതിസാധാരണക്കാരനായ – ഒരു കാലത്ത് മുഖ്യധാരയിൽനിന്ന് അരികുകളിലേക്കു മാറ്റിനിർത്തപ്പെട്ട ദലിത് സമുദായത്തിലെ ഒരു കുടിയാൻവഴിയാണ്. കണ്ണൂർ ജില്ലയിലെ ഏഴോം പഞ്ചായത്തിലെ എടക്കീൽതറയിൽ അരിങ്ങളയൻ ഗോവിന്ദൻ പറോട്ടിയുടെയും കല്ലേൻ വെള്ളച്ചായയുടെയും മകനായി 1937 ൽ ജനിച്ച കല്ലേൻ പൊക്കുടൻ എന്ന കണ്ടൽക്കാടുകളുടെ കൂട്ടുകാരനെക്കുറിച്ചാണ് പ്രതിപാദ്യം.

പൊക്കുടന്റെ ബാല്യവും കൗമാരവും അന്നത്തെ പുലയ സമുദായത്തിലെ ഏതൊരാളിനെപ്പോലെയും അവഗണനയുടെയും ഒറ്റപ്പെടലിന്റെയും ദാരിദ്ര്യത്തിന്റെയുമായിരുന്നു. അതുകൊണ്ടുതന്നെ രണ്ടാം ക്ലാസിൽ പഠനമുപേക്ഷിച്ച് ജന്മിയുടെ പണിച്ചെക്കനായി മാറേണ്ടിവന്നു, പാവം പൊക്കുടന്. ദാരിദ്ര്യവും കഷ്ടപ്പാടും, ജാതിയുടെ പേരിലുള്ള വിവേചനവും ആ ക്ഷുഭിതയൗവനത്തെ പിന്നീട് കമ്യൂണിസ്റ്റുപ്രസ്ഥാനത്തിലെത്തിച്ചു. നിരവധി കർഷകസമരങ്ങളിൽ പങ്കെടുത്ത് ജയിൽവാസമനുഭവിച്ച പൊക്കുടൻ 1980 കളിൽ പാർട്ടിയിൽനിന്നകന്ന് സമുദായത്തോടടുത്തു.

1989 കളോടെയാണ് പൊക്കുടൻ കണ്ടൽച്ചെടികളെ ഇത്രമാത്രം പ്രണയിച്ചുതുടങ്ങിയത്. അന്നദ്ദേഹത്തിന് വയസ്സ് 52. പുഴയോരങ്ങളിലും ചതുപ്പുനിലങ്ങളിലും ധാരാളം കണ്ടൽച്ചെടികൾ നട്ടുപരിപാലിക്കാൻ തുടങ്ങി. അതിനുള്ള പ്രേരണ അദ്ദേഹത്തിന്റെ ഭാഷയിൽത്തന്നെ പറഞ്ഞാൽ, ‘‘പൊഴയിലെ മൊതയടിച്ച് ചിറ തകരാതിരിക്കാനും, കുട്ടികൾ സ്കൂളിൽ പോകുമ്പോൾ കാറ്റീന്നു രക്ഷപ്പെടാനുമാണ് ഞാനിതു വച്ചു തുടങ്ങിയത്. ചെടികൾ വളർന്നു വന്നപ്പോൾ, നല്ല കാഴ്ചയും...'' വയൽവരമ്പിലൂടെ നടന്നുവരുന്ന കുട്ടികളുടെ കുടയും പുസ്തകങ്ങളും മഴക്കാറ്റടിച്ചു നനയുന്നതും പറന്നുപോകുന്നതും പൊക്കുടന്റെ മനസ്സിനു വേദനയായി. അതോടൊപ്പം പെരുവെള്ളം ചിറ തകർത്ത് വയലിലെ 'ചാളകൾ' തകർക്കുന്ന കാഴ്ചയും! പരിഹാരമായി പൊക്കുടൻ കണ്ടെത്തിയ മാർഗമാണ് കണ്ടൽച്ചെടികൾ നട്ടുപിടിപ്പിക്കുക എന്നത്. പുഴത്തീരത്താദ്യം 300 വിത്തുകൾ നട്ടു. അതു ചെടിയായി നിൽക്കുന്ന കാഴ്ചയുടെ സൗന്ദര്യത്തെപ്പറ്റി പറഞ്ഞ് സ്കൂൾമാഷ്മാർ അഭിനന്ദിച്ചത് കൂടുതൽ പ്രചോദനമായി. പിന്നീട് അതിരാവിലെ എഴുന്നേറ്റു തൂക്കുപാത്രത്തിൽ കഞ്ഞിയും കുടിവെള്ളവുമായി തന്റെ ചെറുവള്ളം തുഴഞ്ഞ് വിത്തുകൾ തേടിയുള്ള അലച്ചിലായി. കാറ്റും മഴയും വെയിലുമൊന്നും ആ ആവേശത്തെ കെടുത്തിയില്ല. ശേഖരിച്ചത് 6000 വിത്തുകൾ. പിന്നീട് പുഴയോരങ്ങളിലും ചതുപ്പുകളിലും വിത്തുകളുടെ നടീൽ, പരിപാലനം. സമനില തെറ്റിയെന്നു പറഞ്ഞു കളിയാക്കിവരാണധികവും. ഭൂമാഫിയകളും വികസനപ്രവർത്തകരും ശത്രുക്കളായി. ഫലമോ? നട്ട കണ്ടലുകൾ പലതും പിഴുതെറിയപ്പെട്ടു. കൂടെ ഭീഷണിയും. ഇത്തരക്കാരോടുള്ള പൊക്കുടന്റെ വിനയത്തോടെയുള്ള പ്രതികരണം 'കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം' എന്ന ആത്മകഥയിൽ രേഖപ്പെടുത്തിയിട്ടുണ്ട്: “കണ്ടലിനെ ഞാനത്രയധികം സ്നേഹിക്കുന്നു. കുറെയൊക്കെ ഞാനതു നട്ടുപിടിപ്പിച്ചിട്ടുണ്ട്. പലരും അത് നശിപ്പിച്ചിട്ടുമുണ്ട്. എങ്കിലും, എനിക്കു നിരാശയില്ല. നശിപ്പിച്ചവരാണല്ലോ യഥാർത്ഥത്തിൽ നിരാശപ്പെടേണ്ടത്.'' സർവകലാശാലകളിലെ ഏതു ഡിഗ്രിയെയും തോല്പിക്കുന്ന രണ്ടാം ക്ലാസ്സുകാരന്റെ ഈ അനുഭവപാഠം വർത്തമാനകാലമാധ്യമപ്രവർത്തനത്തിന്റെ ആധാരശിലയായി മാറിയിരുന്നെങ്കിൽ!



പൊക്കുടനു കണ്ടലിനോടിത്ര സ്നേഹം വന്നത് അവ മാനവസമൂഹത്തിനു പകർന്നുതരുന്ന സേവനത്തിന്റെ പേരിലാണെന്നദ്ദേഹം പറയുന്നു. ഉപ്പുവെള്ളത്തെ ശുദ്ധീകരിക്കാനും കാറ്റിനെ തടയാനും തീരങ്ങളെ സംരക്ഷിക്കാനും ഈ കാടുകൾ വേണം. എണ്ണിയാലൊടുങ്ങാത്ത മത്സ്യയിനങ്ങൾ മുട്ടയിടുന്നതും പെരുകുന്നതും ഈ കാടുകൾക്കിടയിലാണ്. ഇന്നുള്ള വികസനപ്രക്രിയകൾ ഈ രീതിയിൽ തുടർന്നാൽ കുടിക്കാനുള്ള വെള്ളവും ഞണ്ടും ചെമ്മീനും എന്തിന് പുഴപോലും ഒരോർമയാകും. എല്ലാ പച്ചപ്പും ഇല്ലാതാകുമ്പോൾ ചുഴറ്റിയടിക്കുന്ന ഒരു കാറ്റിൽ നമുക്കെല്ലാം നഷ്ടപ്പെടും. നമുക്കെന്നാണിതൊക്കെ ബോധ്യമാകുക? പൊക്കുടന്റെ സങ്കടച്ചോദ്യം ഇപ്പോഴും അന്തരീക്ഷത്തിൽ മുഴങ്ങുന്നു. ഇത്തരമൊരറിവിൽനിന്നാകണം, കേരളത്തിൽനിന്നു മാത്രമല്ല, മറ്റു രാജ്യങ്ങളിൽനിന്നും വിദ്യാസമ്പന്നരായ ഗവേഷകരും ശാസ്ത്രജ്ഞരും ഈ മനുഷ്യനു മുന്നിൽ ശിഷ്യരായിരുന്നുകൊടുത്തത്. സുനാമിപോലുള്ള വൻകൊടുങ്കാറ്റുകളെ പ്രതിരോധിക്കാനുള്ള ഉത്തമജൈവമാർഗമാണിതെന്ന് ശാസ്ത്രം ഉറപ്പു നൽകുന്നു. തീരപ്രദേശങ്ങളെ കടലെടുക്കാതെ – കരയെ കാക്കുന്ന കാവൽക്കാരായി ഇനിയും നമ്മുടെ ഭൂപ്രകൃതിയിൽ അന്യം നിൽക്കാതെ ഈയൊരു സുരക്ഷിതവലയം ഉണ്ടാകണം. കണ്ടൽവനങ്ങളെ നശിപ്പിക്കുന്ന എല്ലാ വികസനസങ്കല്പങ്ങളും പ്രതിരോധിക്കപ്പെടേണ്ടതാണ്, രാഷ്ട്രീയ ഗൂഢലക്ഷ്യങ്ങൾക്കതീതമായിത്തന്നെ. അവശേഷിക്കുന്ന ഈ കാടിന്റെ പച്ചപ്പും, ചതുപ്പിന്റെ മണവും, ഉപ്പുകാറ്റുമാണ് എനിക്കു ജീവിതമെന്ന് ഈ മനുഷ്യൻ അടയാളപ്പെടുത്തുമ്പോൾ, നമുക്കു ചുറ്റുമുള്ള നന്മകളിലേക്കു നോക്കാനുള്ള പ്രേരണയായതു മാറണം.

കേരളത്തിന്റെ തീരപ്രദേശങ്ങളിലെ ഉപ്പുകലർന്ന മണ്ണിൽ നിന്നുപോലും ഒരു നിത്യഹരിതവനം തീർക്കുന്ന ഈ ജൈവവ്യവസ്ഥയെ – കണ്ടൽവനങ്ങളെ – ഉപയോഗശൂന്യമായ സ്ഥലങ്ങളെന്നു മുദ്രകുത്തി നികത്തി കെട്ടിടസമുച്ചയങ്ങൾക്കും മൈതാനങ്ങൾക്കും വിമാനത്താവളങ്ങൾക്കും വാണിജ്യതാത്പര്യങ്ങൾക്കും വേണ്ടി ഇല്ലാതാക്കുന്നവർ ശിക്ഷിക്കപ്പെടേണ്ടതാണ് – ആരായാലും! 700 ചതുരശ്രകിലോമീറ്ററിലധികം തുടർച്ചയായ കണ്ടൽക്കാടുകളുണ്ടായിരുന്ന കേരളതീരങ്ങളിൽ ഇന്നു വെറും 17 ചതുരശ്രകിലോമീറ്ററിൽ മാത്രമാണ് കണ്ടൽവനങ്ങളുള്ളത്. അതും തുണ്ടുതുണ്ടുകളായി മാത്രം. ഈ യാഥാർത്ഥ്യത്തിനുമുന്നിൽ നിന്നുകൊണ്ടുവേണം കണ്ടൽസംരക്ഷണ പദ്ധതികൾ ആവിഷ്കരിക്കാൻ. കോട്ടയം കുമരകം ഭാഗത്ത് കണ്ടൽച്ചെടികൾ നട്ടുപിടിപ്പിച്ച കണ്ടലമ്മച്ചി എന്നറിയപ്പെട്ടിരുന്ന മറിയാമ്മ കുര്യനും അരങ്ങൊഴിഞ്ഞു. കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഹയർ സെക്കണ്ടറിയിലെ വിദ്യാർത്ഥികളായിരുന്ന സനോജും അബ്ദുള്ളയും കണ്ടൽസംരക്ഷണത്തിന് മാതൃകയായി വിദ്യാർത്ഥികൾക്കു മുന്നിലുണ്ട്. പൊക്കുടൻ വിതച്ച വിത്തുകൾ മാത്രമല്ല, ആശയവും സംരക്ഷിക്കപ്പെടേണ്ടതാണ് തുടർന്നുപോകേണ്ടതാണ്.

ഭൂമിമിത്രപുരസ്കാരം, വനമിത്രപുരസ്കാരം, സി.വി. തമ്പി സ്മാരക എൻഡോവ്മെന്റ് തുടങ്ങി നിരവധി പുരസ്കാരങ്ങളാൽ നാടും സർക്കാരും പൊക്കുടന്റെ കണ്ടൽപ്രവർത്തനങ്ങൾക്ക് അംഗീകാരവും ആദരവും നൽകിയെങ്കിൽ, അദ്ദേഹത്തിന്റെ മരണശേഷവും പൊക്കുടന്റെ സ്വപ്നങ്ങൾ സംരക്ഷിക്കേണ്ട ബാധ്യത ഭരണകൂടത്തിനുണ്ട് എന്നോർക്കേണ്ടതാണ്. 'കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം' എന്ന ആത്മകഥ പല സർവകലാശാലകളും കുട്ടികൾക്കു പഠിക്കാനുള്ള പാഠപുസ്തകമാക്കിയിട്ടുണ്ട്. മൂന്നരപ്പതിറ്റാണ്ടിലധികം പ്രായത്തെ അവഗണിച്ച് അദ്ദേഹം നടത്തിയ കണ്ടൽസംരക്ഷണപ്രവർത്തനങ്ങൾ, ലോകം മുഴുവൻ കണ്ടൽവനങ്ങളുടെ പാരിസ്ഥിതികപ്രാധാന്യത്തെക്കുറിച്ചു ചർച്ച ചെയ്യുന്നതിനും കണ്ടൽസംരക്ഷണപദ്ധതികൾ ആവിഷ്കരിക്കുന്നതിനും കാരണമായി. അദ്ദേഹം അതിയായ ആനന്ദത്തോടെ തന്നെക്കുറിച്ചു തന്നെ പറയുന്ന ഒരു സ്റ്റേറ്റ്മെന്റുണ്ട്. അതിതാണ്: “സത്യത്തിൽ ഞാൻ ഒരു പ്രാന്തൻ കണ്ടലാണ്.'' ഇത്തരം ചില പ്രാന്തുകളാണ് ഭൂമിക്കു തണുപ്പും സമൂഹത്തിനു വെളിച്ചവുമായി മാറുന്നത്.

# ഒറ്റ തിരിയാതെ ഒന്നായിരിക്കുക



ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ കപ്പൂച്ചിൻ

**ഇ**രുട്ടിൽ തപ്പിത്തടയുന്ന മനുഷ്യനെപ്പോലെയാണു നമ്മൾ. നടക്കേണ്ട വഴിയിലല്ല നടക്കുന്നത്. ലക്ഷ്യംതെറ്റിയുള്ള ഈ യാത്രയെ പാപം എന്നു വിളിക്കാം. വെളിവു നഷ്ടപ്പെട്ടു നടക്കുന്ന ഒരുവന്റെ അവസ്ഥയെ നാം ധ്യാനിക്കേണ്ടതുണ്ട്. കാഴ്ചപ്പാടുകൾ മാറുമ്പോൾ നിലപാടുകളിൽ മാറ്റം വരും. പണത്തോടുള്ള യൂദാസിന്റെ ആർത്തി കാഴ്ചപ്പാടിൽ മാറ്റം വരുത്തി. സ്ഥാനമാനങ്ങളോടുള്ള ആർത്തി സെബദീപുത്രന്മാരുടെ മനോഭാവത്തിൽ മാറ്റം വരുത്തി. ജീവിതയാത്രയിൽ മനോഭാവങ്ങളിൽ മാറ്റം വരുത്തുമ്പോൾ നാം ലക്ഷ്യം തെറ്റിയവരായി മാറും. പാപത്തിലേക്കുള്ള പതനത്തിന് ഇതു നിമിത്തമാകും.

ആയിരിക്കേണ്ടിടത്ത് ആകാതെ വേണ്ടാത്ത സ്ഥലങ്ങളിൽ നാം ആയിത്തീരുന്ന അവസ്ഥയുണ്ട്. നാം ആയിരിക്കുന്ന അവസ്ഥയിൽനിന്ന് ആയിത്തീരേണ്ട അവസ്ഥയിലേക്കുള്ള പ്രയാണമാണു ജീവിതം. ദൈവത്തിൽനിന്നു പടിപടിയായി അകലുന്ന മനുഷ്യൻ വേണ്ടാത്ത സ്ഥലങ്ങളിൽ എത്തിച്ചേരും. ദൈവത്തോടൊപ്പം നടക്കേണ്ട ആദിമാതാപിതാക്കൾ വേറിട്ടു നടന്നപ്പോൾ പറുദീസാ നഷ്ടമായി. വാത്സല്യനിധിയായ പിതാവിൽനിന്നകന്നപ്പോൾ ധൂർത്തപുത്രൻ പന്നിക്കുഴിയിൽ ചെന്നുചേർന്നു. ആയിരിക്കേണ്ട സ്ഥലങ്ങളിൽ ആയിരുന്നില്ലെങ്കിൽ വേണ്ടാത്ത സ്ഥലങ്ങളിൽ നമ്മൾ എത്തിച്ചേരും. കുടുംബബന്ധങ്ങളുടെ ശീതളച്ഛായയിൽ ചേർന്നിരിക്കാത്ത കുടുംബനാഥൻ സ്വഭാവദൂഷ്യങ്ങളിൽചെന്നുവീഴും. പൗരോഹിത്യത്തിലും സന്ന്യാസത്തിലുമെല്ലാം ഇതുതന്നെ സംഭവിക്കുന്നു.

ഹവ്വ എന്ന ആദ്യസ്ത്രീ ഒറ്റയ്ക്കു നടന്നപ്പോഴാണ് സാത്താൻ പിടികൂടിയത്. എല്ലാവരിൽനിന്നും വേറിട്ടുനടക്കുന്നത് തകർച്ചയെ സൂചിപ്പിക്കുന്നു. പിതാവിൽനിന്നും ജ്യേഷ്ഠനിൽനിന്നും വേറിട്ട് ഒറ്റയ്ക്കു നടക്കുന്ന ധൂർത്തപുത്രനെ ബൈബിളിൽ നാം കാണുന്നു. ഒരു ചുള്ളിക്കമ്പിനെ ഒടിക്കാൻ എളുപ്പമാണ്. എന്നാൽ, വിറകുകമ്പിനെ ഒടിക്കാനാവില്ല. കുടുംബബന്ധങ്ങളിൽ ഒരുമിച്ചുനില്ക്കണം. സഭാത്മകജീവിതത്തിൽ ഒന്നിച്ചുനില്ക്കണം. പൗരോഹിത്യകൂട്ടായ്മയിൽ ഒന്നിച്ചുനില്ക്കണം. സന്ന്യാസസമൂഹത്തോട് ഒന്നിച്ചുനില്ക്കണം. ഒന്നിച്ചുനില്ക്കുന്നതിലാണ് ബലം. ഒറ്റയ്ക്കു മരത്തിലിരിക്കുന്ന കോഴിയെ കുറുക്കൻ ലക്ഷ്യം വയ്ക്കും. ഒറ്റതിരിഞ്ഞുനടക്കുന്ന മാനിനെ സിംഹം വേട്ടയാടും. ആരോടും ഒരു ബന്ധവുമില്ലാതെ ഒറ്റയ്ക്കിരിക്കുന്നവരെ സാത്താൻ വശീകരിക്കും.



ലഹരിക്ക് അടിമയായ മനുഷ്യൻ ബോധം നഷ്ടപ്പെട്ടവനായി മാറും. ഭൗതികസ്വത്തുക്കൾക്ക് അടിമയായ മനുഷ്യനു സുബോധം പോകാം. സ്വത്തിനോടുള്ള ആർത്തി ധൂർത്തപുത്രന്റെ ബോധം നഷ്ടപ്പെടുത്തി. പന്നിക്കുഴിയിലെ ചെളിയിൽ കിടന്നുരുണ്ടപ്പോൾ അവനു സുബോധമുണ്ടായി. നമുക്കും സുബോധമുണ്ടാവണം. ധനവാനായ പിതാവിന്റെ പുത്രനാണു താനെന്ന സുബോധം അവനുണ്ടായി. നമ്മൾ പിറന്നുവീണ കുടുംബത്തെപ്പറ്റിയും സഭയെപ്പറ്റിയും സുബോധം വേണം. സുബോധം നഷ്ടപ്പെട്ട മകൻ കുടുംബത്തെ തകർക്കും. സുബോധം നഷ്ടപ്പെട്ടവർ സഭയെ തകർക്കാൻ ശ്രമിക്കും. നമ്മൾ ആയിരിക്കുന്ന അവസ്ഥയെക്കുറിച്ച് സുബോധമുള്ളവരായിരിക്കുക.

എന്റെ ചുറ്റുപാടുകളിൽ അപരന്റെ വേദന കണ്ട് എന്റെ മനസ്സലിയുന്നില്ലെങ്കിൽ അതു ഹൃദയത്തെ ബാധിച്ച കുഷ്ഠമാണ്. അലിവിന്റെ കനലുകൾ ആത്മാവിൽ എരിയുന്ന മനുഷ്യരായി നാം ജീവിക്കണം.

ചുറ്റുപാടുകളിൽ തിന്മ പെരുകുമ്പോൾ നിസ്സംഗതയോടെ നില്ക്കുന്ന വ്യക്തിയാണോ ഞാൻ? നിസ്സംഗത പാപമാണ്. ‘എന്റെ സഹോദരന്റെ കാവൽക്കാരനാണോ ഞാൻ?’ എന്ന ചോദ്യം ഉത്പത്തിപ്പുസ്തകത്തിൽ കാണുന്നുണ്ട്. ഇന്നും ഈ ചോദ്യം ഞാൻ ആവർത്തിക്കുന്നില്ലേ? അപരന്റെ അല്ലലിൽ അലിയാത്ത ഹൃദയം പാപാവസ്ഥയെ സൂചിപ്പിക്കുന്നു. എന്റെ കാലിൽ ഒരു ബക്കറ്റു തിളച്ച വെള്ളം വീഴുമ്പോൾ എനിക്കു പൊള്ളലനുഭവപ്പെടുന്നില്ലെങ്കിൽ അതു കാലിനെ ബാധിച്ച കുഷ്ഠമാണ്. എന്റെ ചുറ്റുപാടുകളിൽ അപരന്റെ വേദന കണ്ട് എന്റെ മനസ്സലിയുന്നില്ലെങ്കിൽ അതു ഹൃദയത്തെ ബാധിച്ച കുഷ്ഠമാണ്. അലിവിന്റെ കനലുകൾ ആത്മാവിൽ എരിയുന്ന മനുഷ്യരായി നാം ജീവിക്കണം. ഒരു പാത്രം പച്ചവെള്ളം കർത്താവിന്റെ നാമത്തിൽ പാവങ്ങൾക്കു കൊടുക്കുമ്പോൾ അതുപോലും കാണുന്ന ദൈവമാണ് നമുക്കുള്ളത്. ഈ ഓർമ നമ്മുടെ കാഴ്ചപ്പാടുകളെ സ്വാധീനിക്കണം. ചിന്താഗതികൾ മാറിമറിയാൻ ബൈബിൾവചനങ്ങൾ നമുക്കു വഴിയൊരുക്കുന്നു.

കാണാതെ പോയ നാണയത്തിന്റെയും ആടിന്റെയും ഉപമയിലൂടെ നഷ്ടപ്പെട്ടുപോകലിന്റെ ചിത്രം നാം കാണുന്നു. ദൈവസന്നിധിയിൽനിന്നു ഞാൻ നഷ്ടപ്പെട്ടുപോയോ? സഭയിൽനിന്നു ഞാൻ നഷ്ടപ്പെട്ടുപോയോ? എന്റെ ജീവിതവിശുദ്ധിയിൽനിന്നു ഞാനകന്നുപോയോ? ഒരു തിരിച്ചുവരവിനുള്ള സമയമായിരിക്കുന്നു. തിരിച്ചറിവുകൾ ലഭിച്ചിട്ടും ഞാൻ മാറുന്നില്ലെങ്കിൽ എനിക്കെന്തോ കുഴപ്പമുണ്ട്. ആ കുഴപ്പത്തിന്റെ പേരാണു ഹൃദയകാഠിന്യം. എല്ലാ തിരിച്ചറിവുകളും ലഭിച്ചിട്ടും ഫറവോൻ മനഃപൂർവം നിസ്സഹകരിച്ചുനിന്നു. ദൈവത്തിന്റെ അടയാളങ്ങൾ സ്വീകരിച്ച മോശയും ജനതയും അനുഗൃഹീതരായി മാറി. ദൈവത്തിന്റെ പ്രചോദനങ്ങളെ തിരസ്കരിച്ച ഫറവോൻ കഠിനഹൃദയനായി മാറി. ആത്മശോധനയിലൂടെ നമ്മെ തിരുത്താനും ദൈവവഴിയിലേക്കു തിരിഞ്ഞു നടക്കാനും ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ ബലപ്പെടുത്തട്ടെ. ■




മാത്യൂസ് ആർപ്പൂക്കര

# മലമുഴക്കിവേഴാമ്പൽ

**കേ**രളത്തിന്റെ ഔദ്യോഗികപക്ഷിയാണു മലമുഴക്കിവേഴാമ്പൽ. മല മുഴക്കുന്നതുപോലെ ചിറകടിച്ചു ശബ്ദമുണ്ടാക്കിയുള്ള പറക്കലാണു മലമുഴക്കി വേഴാമ്പൽ എന്ന പേരിനാധാരം. വലുപ്പത്തിലും പറക്കുമ്പോഴുള്ള ശബ്ദത്തിലും ഒരു ഹെലികോപ്റ്ററിനെ ഓർമിപ്പിക്കുന്നു ഇത്. രാജകീയപ്രൗഢിയുള്ള വേഴാമ്പലുകളിൽ ഏറ്റവും വലുതും സുന്ദരനുമാണ് മലമുഴക്കിവേഴാമ്പൽ. കോഴിവേഴാമ്പൽ, നാട്ടുവേഴാമ്പൽ, പാണ്ടൻ വേഴാമ്പൽ എന്നിവയാണ് മറ്റിനങ്ങൾ.

പശ്ചിമഘട്ടത്തിലെ മഴക്കാടുകളിലാണ് മലമുഴക്കികളെ പ്രധാനമായും കാണുക. നിത്യഹരിതവനങ്ങളുടെ കുറവ് ഇവയുടെ ആവാസവ്യവസ്ഥയെ ബാധിക്കുന്നതിനാൽ ഇവ വംശനാശഭീഷണിയിലാണ്. ഇവയുടെ ഏറ്റവും വലിയ ശത്രു മനുഷ്യൻ തന്നെ.



കൂട് ഏറ്റവുമധികം വൃത്തിയായി സൂക്ഷിക്കുന്ന പക്ഷിയാണു മലമുഴക്കി. മുട്ടയിടാനായി ഏറ്റവും ഉയരംകൂടിയ മരത്തിന്റെ പൊത്തു തിരഞ്ഞെടുക്കുന്നു. മുട്ടവിരിഞ്ഞ് കുഞ്ഞ് പറക്കാനായാൽ മാത്രമേ പെൺപക്ഷി പുറത്തുവരൂ. കൊക്കു മാത്രം പുറത്തുവരത്തക്കവിധമാണു കൂട്ടിലിരിക്കുക. സ്ഥിരം ശത്രുക്കളായ പാമ്പ്, കുരങ്ങന്മാർ, കഴുകന്മാർ എന്നിവയിൽനിന്നുള്ള രക്ഷയാണു ലക്ഷ്യം. ഇക്കാലമത്രയും പെൺപക്ഷിക്കും മുട്ടവിരിഞ്ഞശേഷം കുഞ്ഞിനും ഭക്ഷണമെത്തിക്കേണ്ട ചുമതല ആൺപക്ഷിക്കാണ്. മക്കളോടും ഭാര്യയോടുമുള്ള വേഴാമ്പലിന്റെ സ്നേഹം അന്യാദൃശമത്രേ.

ഒരു മാസമാണ് അടയിരിക്കൽക്കാലം. ഒരു മീറ്ററിലധിക നീളവും അതിനൊത്ത തൂക്കവുമുള്ള വേഴാമ്പലുകൾ ലോകത്തെ ഏറ്റവും വലിയ ചുണ്ടുകളുള്ള പക്ഷികളിലൊന്നാണ്. കൊക്കിന്റെ മുകളിൽ ഉയർന്നു കാണുന്ന മകുടം കോഴിവേഴാമ്പൽ ഒഴികെയുള്ളവയുടെ പ്രത്യേകതയാണ്. കടുംമഞ്ഞ കൊക്കും മകുടവുമായി വർണശബളമാണ് മലമുഴക്കിയുടെ രൂപം. മരക്കൊമ്പിൽനിന്നു നാലഞ്ചുതവണ ചാടുന്നതും രണ്ടുമൂന്നു തവണ ചിറകടിച്ചു പറക്കുന്നതും പ്രത്യേകതയാണ്. ധാരാളം പഴങ്ങളും മറ്റും തിന്നുന്നതിനാൽ സാധാരണഗതിയിൽ വേഴാമ്പലുകൾക്കു വെള്ളം കുടിക്കേണ്ടി വരുന്നില്ല. വേഴാമ്പൽ വെള്ളം കുടിക്കാൻ സദാ മഴ നോക്കി തപം ചെയ്യുന്നൊരു പ്രത്യേകതരം പക്ഷിയാണെന്ന സങ്കല്പത്തിൽ ഒരു കഴമ്പുമില്ല.

പ്രധാന ആഹാരം പഴങ്ങളാണെങ്കിലും പ്രാണികളെയും കീടങ്ങളെയും കഴിക്കാറുണ്ട്. ലോകത്താകെ 45 ഇനം വേഴാമ്പലുകൾ കാണപ്പെടുന്നു. ■




# ഗൈഡ് ടു എംപ്ലോയ്മെന്റ് & ഫാമിലി ലൈഫ്

## മലയാളം ഓഡിയോ ബുക്ക്

രചന, ശബ്ദാവിഷ്കാരം
ശ്രീ ജോർജ്ജ് കാടൻകാവിൽ



# തൊഴിൽ നേടി കുടുംബം നയിക്കാനൊരു വഴികാട്ടി

ജീവനത്തിന് ആവശ്യമായ വകകൾ സമ്പാദിക്കാനുള്ള മാർഗത്തിനാണ് ഉപജീവനമാർഗം, അഥവാ തൊഴിൽ എന്നു പറയുന്നത്. ഏതെങ്കിലും കുടുംബത്തിന്, ഈ ഉപജീവനം നിറവേറ്റാൻ ഒരു മാർഗവും ഇല്ലാതെ വരുന്നത് സമൂഹത്തെയാകെ പ്രതികൂലമായി ബാധിക്കും.

കുടുംബപ്രശ്നങ്ങൾമൂലം തൊഴിൽ അലങ്കോലമായവരും, തൊഴിൽപ്രശ്നങ്ങൾമൂലം കുടുംബജീവിതം താറുമാറായവരും നമ്മുടെ സമൂഹത്തിൽ ഒട്ടും കുറവല്ലായെന്നു നാം അറിഞ്ഞിരിക്കണം. എന്തായാലും, എത്രയും പെട്ടെന്ന് ഒരു ജോലി ലഭിക്കുമോ എന്നു ചോദിച്ചു വന്ന നിരവധി ആളുകൾക്ക്, അതിനുള്ള മാർഗങ്ങളും എളുപ്പവഴികളും നിർദ്ദേശിച്ചു ജോലി തരപ്പെടുത്താനും, കുടുംബപ്രശ്നങ്ങൾക്കു പരിഹാരം പറഞ്ഞുകൊടുക്കാനും സാധിച്ചതിൽ എനിക്കു സന്തോഷവും അഭിമാനവുമുണ്ട്.

പഠിച്ചിരുന്ന കാലത്തുതന്നെ ഇതൊക്കെ ആരെങ്കിലും ഒന്നു പറഞ്ഞുതന്നിരുന്നെങ്കിൽ എന്ന് ഇവരിൽ പലരും എന്നോടു പരിതപിച്ചിട്ടുണ്ട്. തന്മൂലം അത്തരം അനുഭവങ്ങൾ രസകരമായ കഥകളിലൂടെ ബെത്‌ലെഹം മാസികയിലും, വെബ് സൈറ്റിലും പതിവായി പ്രസിദ്ധപ്പെടുത്തിവരുന്നു.

കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളിലായി ഞാൻ എഴുതിയ ഇരുന്നൂറിലധികം കഥകളിൽനിന്നു തിരഞ്ഞെടുത്ത ഒൻപതു കഥകളാണ്, 'Guide to Employment & Family Life' - **തൊഴിലും കുടുംബവും** എന്ന ഈ ചെറുഗ്രന്ഥത്തിന്റെ ഉള്ളടക്കം. വായിക്കാൻ സാധിക്കാത്തവർക്കു വേണ്ടി ഓഡിയോ ബുക്കും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**നല്ല ശ്രദ്ധയോടെ ഒന്നര മണിക്കൂർചെലവഴിച്ച് ഇതു മനസ്സിരുത്തി കേൾക്കുന്നവർക്ക്, ഒരു തൊഴിൽ കണ്ടെത്താനും, തൊഴിൽ സ്ഥലത്തും കുടുംബത്തിലും അവരുടെ അവസ്ഥ മെച്ചപ്പെടുത്താനും തീർച്ചയായും സാധിക്കും.**

**Q R കോഡ് സ്കാൻ ചെയ്ത്, ഓഡിയോ ബുക്ക് ഇപ്പോൾ ഫ്രീ ആയി കേൾക്കൂ**

Bethlehem Center For Research And Family Development, Kaloor, Kochi - 682 017
92493 92518, 94465 66760 | support@bethlehemmatrimonial.com

Bethlehem Matrimonial.com
Follow us @

Deepanalam Weekly
RNI No : 16998/68
Vol. 54 No. 44 Date of Publication 10 February 2022
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

33 വർഷത്തെ സേവനപാരമ്പര്യം

# നവഭാരത് കോളേജ്

മരിയൻ ഹോസ്പിറ്റൽ ജംഗ്ഷൻ,
അരുണാപുരം പി. ഒ., പാലാ

Ph: 9495195739, 9495021259

അഡ്മിഷൻ തുടരുന്നു
+2 Science commerce humanities

6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A. - All subjects (M.G. University)
B.Com - Finance and Taxation
Co-Operation
M.A. - Malayalam, History
Regular, Postal & Holiday Classes

HINDI TTC
എസ്എസ്എൽസിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷം കൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.

ഉയർന്ന വിജയശതമാനം
ഹോസ്റ്റൽ സൗകര്യം

പരിചയസമ്പന്നരായ അധ്യാപകർ
വിദ്യാർത്ഥികൾക്കു ബസ് കൺസഷൻ

# സ്നേഹസ്മരണയ്ക്ക്

രണ്ടാം ചരമവാർഷികം
10–02–2022



## ജോർജ് തോമസ്
തോണിക്കുഴിയിൽ, പാലാ

ജനനം: 02–01–1949 മരണം: 10–02–2020

"ഞാൻ നിങ്ങളിൽനിന്നു വേർപിരിഞ്ഞെങ്കിലും എന്റെ സ്നേഹം എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ."

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

ചിന്നമ്മ ജോർജ് (ഭാര്യ), നിമ്മി, ജയേഷ് (മക്കൾ). മരുമക്കൾ: ഷിബു ഐപ്പൻപറമ്പിക്കുന്നേൽ, അഞ്ജു മാളിയേക്കൽ. കൊച്ചുമക്കൾ: റെയ്വാൻ, റീത്തിയ, ഇവാന, എവ്ലിൻ, എഡ്രിക്



പരിശുദ്ധ സ്വർണ്ണത്തിന്റെ
പത്തരമാറ്റ് തിളക്കവുമായി

TONY VALLIALIL ACHAYANS GROUP
SINCE 2005

അച്ചായൻസ് ഗോൾഡ് 916 HALLMARKED JEWELLERY

11 -ാമത് ഷോറൂം

OPPOSITE CIVIL STATION, PALA
PH: 9072 388 172 | PH: 9072 388 173

916 ഹാൾമാർക്ക്ഡ് സ്വർണ്ണം മാത്രം വിൽക്കുന്നു.
സ്വർണ്ണം ഉയർന്ന വിലയിൽ എടുക്കുന്നു
ബാങ്കിൽ പണയത്തിലിരിക്കുന്ന സ്വർണ്ണം എടുത്ത് ഉയർന്ന വിലയിൽ വിൽക്കുവാൻ സഹായിക്കുന്നു

Branches: കോട്ടയം, ചിങ്ങവനം, സംക്രാന്തി

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org